# മണിവിളക്ക്

ലക്കം 9 | സെപ്റ്റംബർ 2024

*Since 2012*



www.manivilaku.com

മണിവിളക്ക്

ലക്കം 9 | സെപ്റ്റംബർ 2024 | പ്രൈവറ്റ് സർക്കുലേഷൻ

# താളുകളിലൂടെ


| | | |
|---|---|---|
| 01. | എഡിറ്റോറിയൽ | 03 |
| 02. | ഐക്യത്തെ ഭയപ്പെടുന്ന ഒരു ലോകത്തിൽ | 04 |
| 03. | പുനരൈക്യം: ബഥനി കൊളുത്തിയ ദീപശിഖ | 09 |
| 04. | മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ അനന്യ വ്യക്തിത്വം | 13 |
| 05. | പുനരൈക്യം പൂർണതയിലേക്കുള്ള “സുവിശേഷ വഴി” | 21 |
| 06. | മദ്റോശോ | 23 |
| 07. | ബൈബിൾ പ്രതീകങ്ങൾ | 33 |
| 08. | ഹെർഗോ പഠന പരമ്പര | 36 |
| 09. | മലങ്കര സഭാ ചരിത്രം | 38 |
| 10. | ശതാബ്ദി നിറവിലെ ബഥനി | 41 |
| 11. | മാർ അത്തനാസിയോസ് ക്രാന്തദർശിയായ പിതാവ | 45 |
| 12. | സിസ്റ്ററും കുട്ടികളും | 52 |
| 13. | യെരുശലേമിന്റെ ആഴങ്ങളിൽ | 55 |
| 14. | പാഴാക്കുന്ന സമയം, ജീവിതം | 57 |
| 15. | കവിത ചിരിക്കുന്ന പാവകൾ | 60 |
| 16. | നഴ്സിംഗ് ഓർമ്മകൾ -1 | 61 |
| 17. | രക്ഷയുടെ പാനപാത്രം കവിത | 65 |
| 18. | കൃപാ മാരിയേകിടാം കരുണയാൽ കവിത | 66 |
| 19. | എഫാത്ത | 67 |
| 20. | ബോണസ് | 68 |
| 21. | വി. വിൻസന്റ് ഡി പോൾ | 71 |
| 22. | വചനവർഷം | 72 |
| 23. | ഓർമ്മയിൽ ആചാര്യന്മാർ | 74 |
| 24. | Legal | 77 |
| 25. | ടൈം ലൈൻ | 78 |


• • • • • • • • • • • • • • • • • • • • • • •

**‘മണിവിളക്ക്’** നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ.... **Whatsapp-** +919947825254

ഇമെയിൽ - **editor@manivilaku.com**

Copyright @ manivilaku.com | Email : editor@manivilaku.com | Ph: 9947825254



# എഡിറ്റോറിയൽ

മലങ്കര സഭ കാതോലിക കൂട്ടായ്മയിൽ പ്രവേശിച്ചതിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ സഭാ പുനരൈക്യത്തിന്റെ ഉത്തരവാദിത്വത്തെപ്പറ്റി ഒരു പുതിയ ചിന്തയും, ഗൗരവബോധവും നാമുൾക്കൊള്ളണം. പുനരൈക്യപ്പെട്ടവരുടെ പഴയ തലമുറ ക്രമേണ അപ്രത്യ ക്ഷമായിക്കൊണ്ടിരിക്കുന്നു. കത്തോലിക്കാ സഭയിൽ ജനിച്ചു വളർന്ന പുതിയ തലമുറയാകട്ടെ പുനരൈക്യമെന്ന ലക്ഷ്യത്തിൽ ആവേശഭരിതരാകുന്നുമില്ല. മാർ തോമാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ചതും, വിശുദ്ധ പത്രോസിന്റെ റോമ്മാ സിംഹാസനത്തോടുള്ള ഐക്യത്തിലായിരുന്നതുമായ സത്യസഭയിൽനിന്ന് ഓരോരോ കാലത്ത് ഭിന്നിച്ച് പോയ മലങ്കര നസ്രാണി ക്രിസ്ത്യാനികൾ കത്തോലിക്കാ സഭയോട് യോജിച്ചാൽ മാത്രമേ മലങ്കരയെ സംബന്ധിച്ച് യഥാർത്ഥ ക്രൈസ്തവ പുനരൈക്യം ഉണ്ടാകൂ. മലങ്കര സഭാ മക്കളിൽ ഭൂരിഭാഗവും ഇന്നും സഭയുടെ ദൃശ്യമായ ഏകതയ്ക്ക് പുറത്തു നിൽക്കുകയാണ്.

പുനരൈക്യ പ്രസ്ഥാനം വളർന്നുവന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയായി മാറുന്ന ചരിത്ര മുഹൂർത്തങ്ങളല്ലേ 1930 നു മുമ്പുള്ള ചരിത്രത്തിൽ നിന്നും നമ്മുക്ക് മനസ്സിലാകുന്നത്. ധന്യൻ മാർ ഈവാനിയോസ് തിരുമേനിക്ക് മുമ്പ് പുനരൈക്യത്തിനു പരിശ്രമിച്ച മഹാരഥന്മാരുണ്ട്. പുനരൈക്യശ്രമങ്ങളുടെ തുടരെയുള്ള ഒരു ശൃംഖല തന്നെ മലങ്കര സഭാചരിത്രത്തിലുണ്ട്. അവരുടെ ശ്രമങ്ങൾ പരാജയമായിയെന്ന് വിചാരിച്ച് അവരെ കുറിച്ച് അറിയാൻ ശ്രമിക്കാതിരിക്കുമ്പോൾ നഷ്ടപ്പെടുത്തുന്നത് നമ്മുടെ സഭയുടെ ചരിത്രപരമായ പശ്ചാത്തലവും നാൾവഴികളും തന്നെയാണ്. അൽവരിയോസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് ശേഷം ബാഹ്യകേരള മിഷന്റെ നേതൃത്വത്തിനു നിയുക്തനായിരുന്ന ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള അറിവുകൾ നമ്മുക്ക് പരിമിതമാണെന്നത് ഒരു ഉദാഹരണമാണ്.

പുനരൈക്യ ശതാബ്ദിക്കായുള്ള  കർമ്മ പദ്ധതികൾ (2024 മുതൽ 2030) മലങ്കര സുറിയാനി കത്തോലിക്കാ സഭ യുടെ 28-ാമത് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രഖ്യാപിച്ചതിന്റെ ഭാഗമായി 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വിശുദ്ധ ലിഖിത പഠനത്തിനും, പ്രത്യേകിച്ച് '**Lectio Divina**' (വിശുദ്ധ ഗ്രന്ഥത്തിന്റെ ധ്യാനാത്മക വായന) യ്ക്കുമായി ക്രമീകരിച്ചിരിക്കുന്നു. പുനരൈക്യ ശതാബ്ദിയുടെ മുമ്പോട്ടുള്ള ഒരുക്ക വർഷങ്ങൾ വചന വർഷത്താൽ സ്വാധീനിക്കപ്പെടട്ടെ




**എഡിറ്റർ**

**റ്റോജോ പി തോമസ്**

**9947825254**





ലിബി

# ഐക്യത്തെ ഭയപ്പെടുന്ന ഒരു ലോകത്തിൽ പുനരൈക്യം ആഘോഷിക്കപ്പെടേണ്ടതാണ്

## തറയിൽ പിതാവിന്റെ വാക്കുകളിലൂടെ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 94 ആമത് പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് പാറശ്ശാലയിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം.

സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞുനിൽക്കുന്ന സിറോ മലങ്കര സഭയുടെ വളരെ പ്രകാശമാർന്ന ഒരു കൂട്ടായ്മയിൽ ആണ് നമ്മൾ എല്ലാവരും. പുനരൈക്യത്തിന്റെ ശതാബ്ദിയിലേക്കുള്ള തുടക്കം വചന വർഷമായി ആചരിച്ചുകൊണ്ട് ആരംഭിക്കുന്ന നിങ്ങൾക്ക് ചങ്ങനാശ്ശേരി അതിരൂപതയുടെയും സിറോ മലബാർ സഭയുടെയും പേരിൽ ഹൃദ്യമായ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുകയാണ്. മാർ ഇവാനിയോസ് പിതാവിന്റെ പുനരൈക്യ ശ്രമങ്ങൾക്ക് അഭിവന്ദ്യ കാളാശ്ശേരി

പിതാവും അതുപോലെ അന്നത്തെ ബഹുമാനപ്പെട്ട പ്ലാസിഡ് അച്ചനുമെല്ലാം നൽകിയ വലിയ പിന്തുണയെ കുറിച്ച് അഭിവന്ദ്യ ക്ലീമ്മീസ് ബാവാ തിരുമേനി പറയുകയുണ്ടായി., അതിലൂടെ സാർവത്രിക സഭയിൽ ഈ പൗരസ്ത്യ കത്തോലിക്കാ സഭ മഹത്വമാർന്ന ശ്രുശ്രൂഷകൾ നൽകാൻ തക്കരീതിയിൽ വളർന്ന ഒരു ചരിത്രം; അതെല്ലാം നമ്മൾ സ്നേഹപൂർവ്വം ഓർക്കുകയാണ്.

ഒരു സഭാസമൂഹത്തിൽ നിന്ന് പുനരൈക്യപ്പെട്ടാനായി അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവ് എല്ലാം ത്യജിച്ചുകൊണ്ട് ഒന്നുമില്ലാതെ ഇറങ്ങിവന്ന് ഒരു നൂറ്റാണ്ട് അടുക്കുമ്പോൾ ഇത്രയും വലിയ ഒരു സഭയായി അത് വളർന്നു. ഭാരതത്തിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേക്ഷിത പ്രവർത്തനം നടത്തി അനേകരെ സുവിശേഷം അറിയിക്കുന്ന ഒരു വലിയ കൂട്ടായ്മയായി അത് വളർന്നു എന്നുള്ളത് സാർവത്രിക സഭക്ക് തന്നെ വലിയ അനുഗ്രഹമാണ്. അതുകൊണ്ടു ഈ കൂട്ടായ്മയിൽ മലങ്കര കത്തോലിക്കാ സഭ നൽകുന്ന വലിയ സംഭാവനകൾക്കും പ്രത്യേകമായിട്ട് ഞാൻ നന്ദി പറയുന്നു. കേരള കത്തോലിക്കാ സഭക്കും ഭാരത കത്തോലിക്കാ സഭക്കുമെല്ലാം അഭിവന്ദ്യ ക്ലീമ്മീസ് പിതാവ് നല്കുന്ന വലിയ നേതൃത്വം സ്നേഹപൂർവം ഞാനോർക്കുകയാണ്.

പാറശ്ശാല ഭദ്രാസനത്തിന്റെ അഭിവന്ദ്യ പിതാവ് യൗസേബിയസ് തിരുമേനിക്കും, പാറശാല ഭദ്രസനത്തിനും ഇത്ര മനോഹരമായിട്ടു ആതിഥേയം അരുളുന്ന നിങ്ങൾക്കും എന്റെ ആശംസകൾ നേരുന്നു. അഭിവന്ദ്യ യൗസേബിയസ് പിതാവ് ഒരേ

യൊരു വർഷം മാത്രമേ വടവാതൂർ സെമിനാരിയിൽ പഠിപ്പിക്കാൻ വന്നിട്ടുള്ളൂ. ആ വർഷം ആ ക്ലാസ്സിൽ രണ്ട് മെത്രാന്മാർ ഉണ്ടായിരുന്നു അതിൽ ഒന്ന് ഞാനായിരുന്നു. എന്റെ ഗുരുനാഥൻ കൂടിയാണ് അഭിവന്ദ്യ പിതാവ്. അതേപോലെ ഇടുക്കി രൂപതാധ്യക്ഷനായ നെല്ലിക്കുന്നേൽ പിതാവും (മാർ ജോസഫ് നെല്ലിക്കുന്നേൽ). ഞങ്ങൾ രണ്ടു പേരും ആ ക്ലാസ്സിൽ ഉണ്ടായിരുന്നു. അതുകൊണ്ടു വലിയ സന്തോഷമുണ്ട് ഈ പാറശാല ഭദ്രാസനത്തിന്റെ വളർച്ച കാണാനും അഭിവന്ദ്യ പിതാവിന്റെ ക്ഷണം സ്വീകരിച്ചിവിടെഏത്താനും.

പ്രീയപെട്ടവരെ, ഐക്യത്തെ ഭയപ്പെടുന്നവരുടെ ഒരു കാലഘട്ടത്തിലാണ് നമ്മൾ എല്ലാവരും ജീവിക്കുന്നത്. ഐക്യപ്പെട്ടു കഴിഞ്ഞാൽ തങ്ങളുടെ വ്യക്തിത്വം നഷ്ട്ടപ്പെടും, തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും എന്നെല്ലാം കരുതി വികടിച്ചു നിൽക്കാനുള പ്രവണതകൾ ഏറുന്ന ഒരു കാലഘട്ടം. നമുക്ക് എവിടെ നോക്കിയാലും അത് കാണാം. രാഷ്ട്രങ്ങളിലും, സമൂഹങ്ങളിലും, സഭകളിലും, അതുപോലെ ചിലപ്പോൾ നമ്മുടെയൊക്കെ കുടുംബങ്ങളിൽ പോലും വിഘടനത്തിന്റെ ഘടകങ്ങളാണ് കൂടിവരുന്നത്. അതുകൊണ്ടു തന്നെ ഐക്യത്തെ ഭയപ്പെടുന്ന ഒരു ലോകത്തിൽ പുനരൈക്യം ആഘോഷിക്കപ്പെടേണ്ടതാണ്.

നിങ്ങൾ ഐക്യത്തെ ആഘോഷിക്കുന്നവരാണ്. കാരണം ആ ഐക്യം എന്നുപറയുമ്പോൾ നമ്മൾ പുനരൈക്യപ്പെട്ടത് കൊണ്ടു നമ്മുടെ വ്യക്തിത്വം ഒന്നും നഷ്ടപ്പെട്ടില്ല എന്നും സാർവത്രിക സഭയിൽ ഒരു പൗരസ്ത്യ കത്തോലിക്കാ സഭയുടെ ദൗത്യവും വ്യക്തിത്വവും കൂടുതൽ പ്രകാശമാർന്ന് ഇന്നും മിഴിവോടെ നിൽക്കുന്ന ഒന്നാണെന്നും ഈ ലോകത്തോട് മുഴുവൻ വിളിച്ചു പറയുന്ന ഒരു കൂട്ടായ്മയാണ് മലങ്കര കത്തോലിക്കാ സഭ. അത് നമുക്ക് നമ്മുടെ ഇന്നത്തെ കാലഘട്ടത്തിനു തന്നെ വലിയൊരു പാഠമാണ്. ഐക്യപ്പെട്ടാൽ വ്യക്തിത്വം പോവുകയില്ല. വ്യക്തിത്വം സൂക്ഷിക്കുന്ന ആൾക്കാർക്ക് മാത്രമേ ഐക്യപ്പെടാനായി സാധിക്കൂ. നമ്മളൊരു കൂട്ടായ്മയിൽ ആയിരിക്കുക എന്നു പറഞ്ഞാൽ നമ്മളെ നഷ്ട്ടപെടുത്തുക എന്നതല്ല. നമ്മൾ ആയിരുന്നുകൊണ്ടു നമ്മുടെ വ്യക്തിത്വം എന്താണെന്ന് മനസിലാക്കിയാൽ മാത്രമേ അർത്ഥപൂർണമായ ബന്ധങ്ങൾക്കും കൂട്ടായ്കമകൾക്കും സാധിക്കുകയുള്ളു. അതാണ് കത്തോലിക്കാ സഭ നമുക്ക് നൽകുന്ന വലിയൊരു പാഠം.

പൗരസ്ത്യ കത്തോലിക്കാ സഭകളോട് അവരുടെ വ്യക്തിത്വം സൂക്ഷിക്കണമെന്നും, നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ വീണ്ടെടുക്കണം എന്നു ആവശ്യപ്പെട്ടത് പരിശുദ്ധ മാർപാപ്പാമാരാണ്. അവർ



ആവർത്തിച്ച് ആവർത്തിച്ചു ആവശ്യപ്പെട്ടു കൊണ്ടേയിരിക്കുന്നു; ചില സഭകളെ നിരന്തരം നിർബന്ധിച്ചു കൊണ്ടേയിരിക്കുന്നു, വ്യക്തിത്വം വീണ്ടെടുക്കാൻ. പക്ഷേ, പലപ്പോഴും ഈ ഐക്യത്തെയും ഏകികരണത്തെയുമെല്ലാം ഭയപ്പെടുന്ന ഒരു കാലഘട്ടത്തിൽ ഐക്യത്തെ ആഘോഷിക്കുകയെന്നു പറയുന്നതും വലിയൊരു സുവിശേഷ സന്ദേശമാണ് നല്കുന്നത്. നമുക്കറിയാം നമ്മുടെ ഇന്നത്തെ കാലഘട്ടത്തിൽ സഭാവിജ്ഞാനീയമാണ് ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നത്. നമ്മുടെയൊക്കെ ചെറുപ്പക്കാർ പലരും ചോദിക്കാറുണ്ട് ഞങ്ങൾക്ക് ഈശോയെ ഇഷ്ടമാ

ണ്. ഞങ്ങൾക്ക് ഈശോമിശിഹായെ ഇഷ്ടമാണ് പക്ഷേ സഭക്ക് എന്താണ് ഇതിൽ കാര്യം? സഭയെന്നു പറയുന്നത് ആ സഭ, ഈ സഭ പല സഭ ഏതെങ്കിലും ഒരു സഭ ഇതൊക്കെ
പോരേ? അതേ സമയം ഈശോ മിശിഹാ ഞങ്ങളുടെ രക്ഷകനാണ് ഈശോ മിശിഹായെ ഞങ്ങൾക്ക് ഇഷ്ടമാണ് എന്നു പറയുന്ന ചെറുപ്പക്കാരെ നമുക്ക് കാണാനായിട്ട് സാധിക്കും. ഞങ്ങൾ ഈശോയ്ക്ക് വേണ്ടിയാണ് സഭക്ക് വേണ്ടിയല്ല എന്നു പറഞ്ഞു സഭയെ കേവലം ഒരു മാനുഷികമായ സംവിധാനമായി മാത്രം കാണാനുള്ള പ്രലോഭനങ്ങൾ ഇന്നത്തെ സമൂഹത്തിൽ വർദ്ധിക്കുമ്പോൾ നമുക്ക് അവരോട് പറയാനുള്ളത്, സഭയിൽനിന്ന് വേർപെട്ട ഒരു ഈശോയില്ല എന്നുള്ളത് നിങ്ങൾ മനസിലാക്കണം എന്നാണ്. ഈശോ ആരാണെന്ന് എന്നു നിങ്ങൾ മനസിലാക്കണം. ഈശോ എന്ന വ്യക്തി കേവലം 33 വർഷം മാത്രം ജീവിച്ചു കടന്നുപോയ ഒരു വ്യക്തിയല്ല; അവിടുന്നു ഇന്നും ജീവിക്കുകയാണ്. പെന്തക്കുസ്താ ദിനത്തിൽ ഈശോ പുതിയ ഒരു ശരീരമെടുത്തു. പ്രശസ്തനായ ആർച്ചുബിഷപ്പ് ഫുൾട്ടൻ ജോഷിന്റെ മിസ്റ്റിക്കൽ ബോഡി ഓഫ് ക്രൈസ്റ്റ് എന്നു പറയുന്ന പുസ്തകത്തിൽ അദ്ദേഹം പറഞ്ഞുവെക്കുന്ന മനോഹരമായ ഒരു ആശയമാണത്. പെന്തക്കുസ്താ ദിനത്തിൽ ഈശോ പുതിയ ഒരു ശരീരമെടുത്തു ആ ശരീരത്തിന്റെ പേരാണ് സഭ. എഫേസ്യർക്കുള്ള ലേഖനം 1: 23 ൽ പൗലോസ് ശ്ലീഹാ പറയുന്നുണ്ടല്ലോ ക്രിസ്തുവിന്റെ ശരീരമാണ് സഭ. ക്രിസ്തുവാണ് അതിന്റെ ശിരസ്സ് നിങ്ങൾ അതിന്റെ അവയവങ്ങളാണ്. ഈ ഒരു അടിസ്ഥാന കാര്യം മറന്ന് സഭയെ കേവലം ഒരു സ്ഥാപനമായിട്ടും ഒരു സംഘടനയായിട്ടും ഒരു **NGO** ആയിട്ടുമൊക്കെ കാണാനുള്ള പ്രലോഭനം വളരെയേറെയാണ്. ഫ്രാൻസിസ് പാപ്പ നമ്മളോട് ആവർത്തിച്ചു പറയുന്നുണ്ട്.
സഭ എന്നു പറയുന്നത് ഒരു സമുഹിക പ്രവർത്തന സംവിധാനമല്ല. ഒരു സോഷ്യൽ സർവിസ് സംഘടനയല്ല. മറിച്ച് ദൈവീകമായ ഒരു സംവിധാനമാണ്. നമ്മൾ ഈ പരിശുദ്ധ കുർബാനയിൽ ഇവിടെ ഈ വലിയ കൂട്ടായ്മയായി ഒരുമിച്ചു കൂടിയിരിക്കുമ്പോൾ. സഭ എന്താണെന്നുള്ളതിന്റെ ഏറ്റവും മനോഹരമായ സന്ദേശം നമ്മൾ ലോകത്തിന് കൊടുക്കുകയാണ് . ഈ കുർബാനയിലാണ് സഭ സന്നിഹിതമാകുന്നത്.

സഭ ഏകമാണ്, ഐക്യത്തിന്റേതാണ്. ഇന്നത്തെ സുവിശേഷത്തിൽ നമ്മൾ വായിച്ചു കേട്ടു.
പിതാവേ നാം ഒന്നായിരിക്കുന്നത് പോലെ അവരും ഒന്നായിരിക്കാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ നമ്മൾ പലതായി പോയെന്ന് നമുക്കറിയാം. പക്ഷെ എങ്കിലും ഈ ഒരു പ്രാർത്ഥന നമ്മുടെ കർത്താവിന്റെ പ്രാർത്ഥന ഇന്നും പ്രസക്തമാണ്. നാം ഒന്നായിരുക്കുന്നത് പോലെ അവരും ഒന്നായിരിക്കേണ്ടതിന്. സഭ സഭകളുടെ ഐക്യത്തിനുവേണ്ടി നമ്മുടെ മുൻപിൽവയ്ക്കുന്ന ഏറ്റവും ഉദാത്തമായ ചിത്രം പരിശുദ്ധ ത്രിത്വത്തിന്റേതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ പ്രത്യേകത എന്താണ്. 3 ആളുകൾ ഉണ്ടെങ്കിലും ഒരു സ്വഭാവമേയുള്ളു. നമ്മുടെയൊക്കെ വീട്ടിൽ 3 ആളുകൾ ഉണ്ടെങ്കിൽ എത്ര സ്വഭാവം കാണും? ഒരു 15 സ്വഭാവമെങ്കിലും കാണും. ഒരാൾക്ക് 5 സ്വഭാവം വീതമെങ്കിലും കാണും ഈ സ്വഭാവങ്ങളെല്ലാം കൂടെ കലഹിക്കുമ്പോഴാണ് കുടുംബത്തെല്ലാം പ്രശ്നങ്ങളാകുന്നത്. ഒരു കുടുംബത്തിന്റെ മനോഹരമായ ചിത്രമെന്താണ്? വർഷങ്ങൾ കഴിയുംതോറും പരസ്പരമുള്ള ജീവിതത്തിൽ വളരുംന്തോറും പരിശുദ്ധ ത്രിത്വത്തിന്റെ ആ കൂട്ടായ്മയിലേക്ക്, ആൾക്കാർ പലതുടെങ്കിലും ഒരു സ്വഭാവത്തിലേക്ക് വളരാൻ നമുക്ക് സാധിക്കണം. ഇത് തന്നെയാണ് സഭകൾക്കും നൽകുന്ന ഒരു സന്ദേശം. സഭകൾ പലതുണ്ട്. പ്രത്യേകിച്ചു നമ്മുടെ കത്തോലിക്കാ സഭ കൂട്ടായ്മയിൽ തന്നെ 24 വ്യക്തിസഭകൾ അവരെല്ലാം അവരുടെ വ്യക്തിത്വം സംരക്ഷിച്ചുകൊണ്ട്, അവരുടെ ആരാധനയുടെ പ്രത്യേകതകൾ ആരാധനയുടെ ആ സ്വത്വമൊക്കെ സംരക്ഷിച്ചുകൊണ്ടു അവർ ജീവിക്കുമ്പോൾ ആ ഐക്യത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരികയാണ്. സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നുണ്ട്; എന്തുകൊണ്ടാണ് പല സഭകൾ ഉണ്ടാകുന്നത്? പല പാരമ്പര്യങ്ങൾ ഉണ്ടാകുന്നത്? കാരണം മിശിഹാ രഹസ്യത്തെ ഒരു പാരമ്പര്യത്തിന് മാത്രമായി ഉൾകൊള്ളാനോ പ്രകാശിപ്പിക്കാനോ സാധിക്കില്ല . അതുകൊണ്ടുതന്നെ സാർവത്രിക സഭയിലെ വ്യത്യസ്തമായ ഓരോ പാരമ്പര്യവും മിശിഹാ രഹസ്യത്തെ കൂടുതൽ തികവോടുകൂടി അർപ്പിക്കുന്നതാണ്. അതുകൊണ്ടാണ് ഒരു
പാരമ്പര്യവും അൽപ്പം പോലും നഷ്ടപ്പെടരുതെന്ന് സാർവത്രിക സഭ ആഗ്രഹിക്കുന്നത്.

സഭ ഏകമാണ്, സഭ വിശുദ്ധമാണ്. സഭ വിശുദ്ധമാണ് എന്നുള്ളതിന്റെ കാരണം സഭ മിശിഹാ



യുടെ ശരീരമാണ് എന്നുള്ളത് തന്നെയാണ് അതിന്റെ അർത്ഥം. മിശിഹാ പരിശുദ്ധൻ തന്നെയാണെങ്കിൽ  അവിടുത്തെ തുടർച്ചയായ സഭയും പരിശുദ്ധമാണ്. അതുകൊണ്ടാണ് നമ്മൾ സഭാംഗങ്ങൾ മിശിഹായുടെ ശരീരമായ ഈ സഭക്ക് കോട്ടം വരുത്തുന്നതൊന്നും ചെയ്യാൻ പാടില്ല. അവന്റെ പരിശുദ്ധിക്ക് വിഘ്നം വരുത്തുന്നതൊന്നും നമ്മുടെ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ചെയ്യാൻ പാടില്ല . കാരണം അവന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട് മാമ്മോദീസായിലൂടെ ഏക ശരീരമാക്കപ്പെട്ടവരാണ് നമ്മൾ ഓരോരുത്തരും. അതുപോലെ നമ്മുടെ ഈ സഭ സാർവത്രികമാണ്. സർവത്രികം എന്നു പറയുമ്പോൾ നമ്മൾ ഈ പ്രദേശത്തെ പുനരൈക്യപ്പെട്ട കുറച്ചുപേർക്ക് വേണ്ടി രൂപീകരിക്കപ്പെട്ട ഒരു സഭയല്ല. ഒരു സമൂഹം സഭയുടെ സ്വഭാവ മാർജ്ജിക്കുമ്പോൾ അത് സാർവത്രികമാണ്. അതിന്റെ അതിർത്തികൾ ലോകത്തിന്റെ അതിർത്തികളാണ്. ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം പറയുമ്പോഴാണ് നമ്മൾ സഭയായിട്ടു മാറുന്നത്. നമ്മളുടെ കുടുംബത്തിൽ
ആളുകൾ കൂടിയതുകൊണ്ടു മാത്രം വളർന്ന സഭകൾ കുടുബത്തിൽ ആൾ കുറയുമ്പോൾ ശോഷിക്കുന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. സുവിശേഷം പറഞ്ഞു വളർന്ന സഭകൾ മാത്രമേ നിരന്തരമായി സുവിശേഷം പറഞ്ഞുകൊണ്ട് ഇരിക്കുന്ന സഭകൾ മാത്രമേ യഥാർത്ഥത്തിൽ വളരുന്നുള്ളൂ. ബാക്കിയെല്ലാ സഭകളും തളരുകയാണ്. പരിശുദ്ധ മാർപാപ്പ ഈ അടുത്ത നാളുകളിൽ ഏഷ്യൻ രാജ്യങ്ങളിലെ സന്ദർശനത്തിന് ശേഷം അദ്ദേഹം വത്തിക്കാൻ സ്‌ക്വയറിൽ നടത്തിയ ഒരു സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. "നമ്മൾ കൂടുതൽ യൂറോപ്പ് കേന്ദ്രികൃതമായി ചിന്തിക്കുന്നവരാണ്. എന്നാൽ ഞാനീ അടുത്ത നാളുകളിൽ ഏഷ്യയിലെ രാജ്യങ്ങളിൽ പോയി, അവിടെ ചെന്നപ്പോൾ എത്ര സജ്ജീവമായ സഭാ സമൂഹങ്ങളാണ് അവിടെയുള്ളത്. അവിടെ ഇന്നും സഭകൾ വളർന്നുകൊണ്ടിരിക്കുകയാണ്. അവർ സുവിശേഷം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ അവർക്ക് വലിയ വളർച്ചയുണ്ടെന്ന് ഫ്രാൻസിസ് പാപ്പ സാക്ഷ്യപ്പെടുത്തുകയുണ്ടായി. സാർവത്രികമാകാൻ മടിക്കുന്ന, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം പറയാൻ മടിക്കുന്ന, നമ്മൾ ഉള്ളതുകൊണ്ട് സന്തോഷമായിട്ട് കഴിയാം എന്നു കരുതി, ഒരു **Maintanence Church** ആയിട്ടു മാത്രം പോകുന്ന സഭകൾ തളർന്നു
പോകുന്നു എന്നുള്ളത് ഈ നൂറ്റാണ്ട് സാക്ഷ്യപ്പെടുത്തുകയാണ്.


അതോടൊപ്പം സഭ ശ്ലൈഹീകമാണ്. ഒരു ശ്ലീഹായോടുള്ള ബന്ധമാണ് നമ്മളെ കർത്താവിന്റെ ശരീരത്തിന്റെ ഭാഗമാക്കി മാറ്റുന്നത്. നമ്മൾ ഇന്നലെയോ മിനിഞ്ഞാന്നോ പൊട്ടിമുളച്ച ഒരു സഭാ സമൂഹമല്ല. നമ്മൾ എന്തുകൊണ്ടാണ് പാവന

മായ നമ്മുടെ സുറിയാനി ഭാഷ സംരക്ഷിക്കുന്നത്? എന്തുകൊണ്ടാണ് വിശുദ്ധ തോമാ ശ്ലീഹായോടുള്ള ബന്ധം നമ്മൾ സൂക്ഷിക്കുന്നത് , എന്തുകൊണ്ടാണ് വിശുദ്ധ പത്രോസിനോടുള്ള ബന്ധം നമ്മൾ സൂക്ഷിക്കുന്നത്? കാരണം നമ്മുടെ സഭ അപ്പോസ്തോലന്മാരിലൂടെ കൈമാറി കിട്ടിയ സഭയാണ്. അതുകൊണ്ടാണ് ഈ അപ്പോസ്തോലിക പാരമ്പര്യങ്ങളെ നമ്മൾ കേവലം സാംസ്കാരിക ഘടകങ്ങളായി മാത്രം കാണാതെ ദൈവീക വെളിപാടുകൾ നൽകുന്ന ഘടകങ്ങളായി കണ്ട് അവയെ നമ്മൾ സംരക്ഷിക്കേണ്ടത്. ആകയാൽ പ്രിയപ്പെട്ടവരെ നമ്മൾ ഇന്ന് ഒരുമിച്ചുകൂടി ഈ പുനരൈക്യത്തിന്റെ വലിയ ജൂബിലിക്കായി ഒരുങ്ങുമ്പോൾ അതിനുള്ള പ്രാരംഭ വർഷങ്ങൾ ഉൽഘാടനം ചെയ്യുന്ന ഈ വേളയിൽ , നമുക്ക് ഓരോരുത്തർക്കും ഈ സഭയെന്ന രഹസ്യത്തിൽ ആഴപെടാൻ പരിശ്രമിക്കാം.


ഏകവും, വിശുദ്ധവും, ശ്ലൈഹീകവും, സാർവത്രികവുമായ ഈ സഭയുടെ ഭാഗമാകുന്നതിൽ നമ്മുക്ക് അഭിമാനിക്കാനായിട്ട് സാധിക്കണം. ഈ സഭയുടെ തനിമയിൽ ജീവിച്ചുകൊണ്ടു ഈ സഭയുടെ ആരാധനാ പൈതൃകത്തിൽ വളർന്നുകൊണ്ട്; മിശിഹാ രഹസ്യത്തെ പ്രകാശിപ്പിക്കാൻ ലഭിക്കുന്ന ഈ മഹോന്നതമായ അവസരത്തെ ഓർത്തു നമുക്ക് ദൈവത്തിന് നന്ദി പറയാനായിട്ടാവണം.

ആ രീതിയിൽ കൂട്ടായ്മയിൽ ഓരോ ദിവസവും വളരുവാനും ഈ സാർവത്രിക സഭക്കും ലോകത്തിന് മുഴുവനും വലിയ സംഭാവനകൾ നൽകാനും നിങ്ങൾക്ക് എല്ലാവർക്കും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ കൂട്ടായ്മ അനുദിനം വളർന്നു വരട്ടെ. ഈ കൂട്ടായ്മ സാർവത്രിക സഭക്ക് മുഴുവൻ അനുഗ്രഹമാണ് എന്ന് ഒരിക്കൽ കൂടി പറഞ്ഞുകൊണ്ട് നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

## മെത്രാഭിഷേക വാർഷികം







അഭിവന്ദ്യരായ തോമസ് മാർ യൗസേബിയൂസ് (2010),
ഗീവർഗീസ് മാർ മക്കാറിയോസ് (2017),
യൂഹാനോൻ മാർതെയഡോഷ്യസ് (2017)
തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം




# പുനരൈക്യം: ബഥനി കൊളുത്തിയ ദീപശിഖ



**ഫാ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.**
SUPERIOR GENERAL of Bethany Ashram

1653ലെ കൂനൻ കുരിശ് സത്യത്തോടുകൂടി ഭാരതസഭാ ഗാത്രത്തിനുണ്ടായ മുറിവ്, സഭാമക്കളെ, പുത്തൻകൂറ്റുകാർ എന്നും, പഴയ കൂറ്റുകാർ എന്നും വിഭജിച്ചു. ഈ വിഭജനത്തെ തുടർന്ന് പുത്തൻകൂറ്റ് വിഭാഗം കടന്നുപോയ വഴികൾ വ്യവഹാരങ്ങളുടെയും കോടതി വിധികളുടെയും അതിന്റെ ഫലമായി ഉണ്ടായ നൊമ്പരങ്ങളുടെയും ഒരു കാലഘട്ടമായിരുന്നു. അനേകം പുനരൈക്യ പരിശ്രമങ്ങൾ സഭയിൽ നടന്നുവെങ്കിലും ഈ സാഹചര്യങ്ങൾക്ക് മാറ്റം വരുത്തുവാൻ ദൈവം നിയോഗിച്ച പുണ്യ പുരുഷനായിരുന്നു ധന്യൻ മാർ ഈവാനിയോസ് പിതാവ്. ഈ ചരിത്ര നിയോഗത്തിലേക്കുള്ള യാത്രയിൽ ധന്യൻ മാർ ഈവാനിയോസ് പിതാവ് നടത്തിയ ഓരോ കാൽവയ്പും ദൈവിക ഇടപെടലുകളുടെ അവസരമായി മാറുകയായിരുന്നു. സഭകളുടെ ഐക്യത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ സുന്നഹദോസ് വിഭാവന ചെയ്ത കാര്യങ്ങൾ എല്ലാം, എത്രയോ പതിറ്റാണ്ടുകൾക്കു മുമ്പേ മാർ ഈവാനിയോസ് പിതാവിന്റെ മനോമുകുരങ്ങളിൽ അങ്കുരിക്കുകയും അവയൊക്കെ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തുവെന്നുള്ളത് വന്ദ്യപിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും, ക്രാന്തദർശനത്തിന്റെയും അതോടൊപ്പം ദൈവിക നടത്തിപ്പിന്റെയും നിദർശനങ്ങളായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

## ബഥനി ആശ്രമസ്ഥാപനവും മലങ്കരസഭാ പുനരൈക്യവും

1919-ലെ ബഥനി ആശ്രമസ്ഥാപനത്തിലൂടെ ധന്യൻ മാർ ഈവാനിയോസ് പിതാവ് ലക്ഷ്യം വച്ചത് സ്വച്ഛന്ദസുന്ദരമായി ഒഴുകുന്ന മലങ്കര സഭയെയാണ്. വഴക്കും, വക്കാണവും കോടതി വിധികളും മലങ്കര സഭാഗാത്രത്തെ കീറിമുറിച്ച് ഇവിടെയുള്ള മലങ്കര മക്കളുടെ മനസമാധാനത്തിന് ഭംഗം വരുത്തിയപ്പോൾ പ്രാർത്ഥനാധ്യാനങ്ങളുടെ പിൻബലത്തിൽ, ഐക്യത്തിന്റെ സന്ദേശവാഹകരായി തീരുവാനുള്ള നിയോഗമാണ് ബഥനിയിലൂടെ പിതാവ് ഏറ്റെടുത്തതും സാക്ഷാത്കരിച്ചതും. 1912-ൽ "കാതോലിക്കേറ്റ്" സ്ഥാപനത്തിലൂടെ മലങ്കര സഭയിൽ സമാധാനം കൈവരും എന്ന് വിചാരിച്ചുകൊണ്ട് ഓർത്തഡോക്സ് സഭയിൽ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം അതിനായി മുൻകൈ എടുത്ത് പ്രവർത്തിക്കുകയും അബ്ദേദ് മിശിഹാ പാത്രിയാർക്കീസിനെ നാട്ടിലെത്തിച്ച് കാതോലിക്കേറ്റ് സ്ഥാപനത്തിനായുള്ള ക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തത് മാർ ഈവാനിയോസ് പിതാവായിരുന്നു. എന്നാൽ തന്റെ അനുമാനങ്ങൾക്ക് വിപരീതമായുള്ള സംഭവവികാസങ്ങളാണ് മലങ്കര സഭയിൽ തുടർന്ന് അരങ്ങേറിയത്. പരസ്പരമുള്ള മുടക്കുകളും വ്യവഹാരങ്ങളും കോടതിവിധിയെ തുടർന്നുള്ള ആകാശങ്ങളും വിജയാട്ടഹാസങ്ങളും, പള്ളിപിടിച്ചെടുക്കലുകളും എല്ലാം, മലങ്കരസഭയെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയാണ് ചെയ്തത്. ഇപ്രകാരമുള്ള ഒരു പശ്ചാത്തലത്തിൽ മലങ്കരസഭയിൽ ശാശ്വതമായ സമാധാനവും, സഭകൾ തമ്മിലുള്ള ഐക്യവും എപ്രകാരം സാധ്യമാക്കാമെന്നുള്ള ചിന്ത തന്റെ മനസ്സിനെ അസ്വസ്ഥതപ്പെടുത്തിയപ്പോൾ പ്രാർത്ഥനാധ്യാനങ്ങളിലേക്കും സന്ന്യാസജീവിത സമർപ്പണത്തിലേക്കുമാണ് മാർ ഈവാനിയോസ് പിതാവിനെ നയിച്ചത്. ഈ കാരണത്താലാണ് കോട്ടയം എം.ഡി സെമിനാരിയിലെ തന്റെ പ്രിൻസിപ്പാൾ സ്ഥാനം രാജിവയ്ക്കുന്നതും, ഒപ്പം കൽക്കട്ടായിൽ സെറാമ്പൂർ കോളേജിലേക്ക് പോകുന്നതും. സെറാമ്പൂർ കോളേജിലെ തന്റെ ഉദ്യോഗകാലഘട്ടം ഒരു സത്യാന്വേഷണത്തിന്റെ കാലഘട്ടമായി മാർ ഈവാനിയോസ് പിതാവ് വിശേഷിപ്പിക്കുന്നു. സഭകളെപ്പറ്റിയും, സന്ന്യാസ സമൂഹങ്ങളെപ്പറ്റിയും കൂടുതൽ പഠിക്കുന്നതിനും, അതിനാവശ്യമായ അന്വേഷണങ്ങളും, ആത്മീയ യാത്രകളും നടത്തുന്നതിനും അദ്ദേഹം സമയം കണ്ടെത്തി. ഈ ആത്മീയ യാത്രയുടെ ഭാഗമായിട്ടാണ് ഗാന്ധിജിയുടെ സബർമതി ആശ്രമവും ടാഗോറിന്റെ ശാന്തിനികേതനും വന്ദ്യപിതാവ് സന്ദർശിക്കുന്നത്. ഇപ്രകാരം ആർജ്ജിച്ചെടുത്ത അറിവിലൂടെയും, ബോധ്യങ്ങളിലൂടെയുമാണ് പിതാവ് ബഥനി ആശ്രമത്തിന് രൂപം നൽകുന്നതും തുടർന്ന് ബഥനിയിലൂടെ സത്യസഭയായ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നതും.

1919-ൽ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമം സ്ഥാപിക്കുമ്പോൾ പരസ്പരം പോരടിച്ചു നിന്ന സഭാവിഭാഗങ്ങൾക്കും, അധികാരശ്രേണികൾക്കും അതീതമായി ഒരു സ്വതന്ത്ര സന്ന്യാസപ്രസ്ഥാനമായി ബഥനി നിൽക്കണമെന്ന് പിതാവ് ആഗ്രഹിച്ചു. മാത്രമല്ല പ്രശ്നകലുഷിതമായ മലങ്കരസഭയുടെ പള്ളികളിൽ നിന്ന് വ്യത്യസ്തമായി പ്രശാന്തതയുടെ അടയാളങ്ങളായും, കൃപയുടെ നീർച്ചാലുകളായും ബഥനി ആശ്രമത്തോടു ചേർന്നുള്ള ബഥനി പള്ളികൾ രൂപം പ്രാപിക്കുന്നതിന് ഇത് സഹായിക്കുകയും ചെയ്തു. അതേസമയം തന്നെ ഓർത്തഡോക്സ് സഭയുടെ പ്രധാനപ്പെട്ട വൈദിക പരിശീലനകേന്ദ്രങ്ങളായ കോട്ടയം എം.ഡി. സെമിനാരിയും പരുമല സെമിനാരിയും അതോടൊപ്പം അനേകം ദൈവാലയങ്ങളും വ്യവഹാരത്തിന്റെയും അശാന്തിയുടെയും പ്രഭവകേന്ദ്രങ്ങളായി മാറുന്നത് മാർ ഈവാനിയോസ് പിതാവ് വേദനയോടെ നോക്കി നിന്നു. ഇന്നും ഈ സാഹചര്യത്തിന് വ്യത്യാസം വന്നില്ലായെന്ന് മാത്രമല്ല, ആനുകാലിക കോടതിവിധികളും തുടർ സംഭവങ്ങളും സഭാമക്കളെ കൂടുതൽ ഭിന്നതയിലേക്കും സഹോദരീസഭകളെ കൂടുതൽ അരാജകത്വത്തിലേക്കും നയിക്കുകയും ചെയ്യുന്നുവെന്നുള്ളത് കൂട്ടിവായിക്കേണ്ടതാണ്.

സത്യത്തെ തേടിയുള്ള തീർത്ഥാടന യാത്രയിൽ മാർ ഈവാനിയോസ് പിതാവിനെ കൊണ്ടു ചെന്നെത്തിക്കുന്നത് സാർവ്വത്രിക സഭയുമായുള്ള പുനരൈക്യത്തിലാണല്ലോ. സത്യത്തെ പുൽകുന്നതിനും സാർവ്വത്രിക സഭയുമായുള്ള പുനരൈക്യത്തിനും മാർ ഈവാനിയോസ് പിതാവിനും, ബഥനി സമൂഹാംഗങ്ങൾക്കും അതോടൊപ്പം



പുനരൈക്യം മുണ്ടൻ മലയിൽ സ്ഥാപിതമായ ബഥനി ആശ്രമത്തോടും ബഥനി സന്ന്യാസപ്രസ്ഥാനത്തോടും ചേർന്ന് നിൽക്കുന്ന ഒരു യാഥാർത്ഥ്യമാണെന്നുള്ളത് നിഷേധിക്കുവാൻ ആർക്കും സാധിക്കുകയില്ല.

ഈ ബന്ധം വേർപിരിക്കാനാവാത്ത ഒരു പൊക്കിൾക്കൊടി ബന്ധത്തിന്റെ നിർമ്മലതയിൽ വളർന്ന് വന്നിട്ടുള്ളതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒരു പര്യായം പോലെ ബഥനി പ്രസ്ഥാനത്തെ കരുതുന്നതിന് സഭയെയും, സമൂഹത്തെയും സ്നേഹിക്കുന്ന ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. മുകളിൽ സൂചിപ്പിച്ചതുപോലെ, പുനരൈക്യത്തിനുവേണ്ടിയും, മലങ്കര സുറിയാനി കത്തോലിക്കാ സഭാഹൈരാർക്കി സ്ഥാപനത്തോടനുബന്ധിച്ച്, തിരുവനന്തപും അതിഭദ്രാസനവും, തിരുവല്ലാ ഭദ്രാസനവും നിലവിൽ വന്നപ്പോൾ, ഈ ഭദ്രാസനങ്ങളോടും ചേർന്നും ബഥനി നടത്തിയ പരിശ്രമങ്ങളും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സ്ഥാപിതമായ ഇടവകകളോടു ചേർന്ന് ബഥനി ഏറ്റെടുത്തു നടത്തിയ അജപാലന ശുശ്രൂഷയും ബഥനിയെ സംബന്ധിച്ചിടത്തോളം സ്വയം വിസ്മരിച്ചു കൊണ്ടുള്ള പ്രവർത്തനമായിരുന്നു. മാത്രമല്ല പിറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ, ഒരു സന്ന്യാസ സമൂഹമെന്ന നിലയിലുള്ള ബഥനിയുടെ കെട്ടുറപ്പുതന്നെ (Structure) നഷ്ടപ്പെട്ട അവസ്ഥയിലൂടെ ബഥനി കടന്നുപോയിയെന്നുള്ളതും ഈ തരുണത്തിൽ ഓർക്കാതിരിക്കുവാൻ സാധ്യമല്ല. കാരണം പുനരൈക്യത്തിന്റെ ആദ്യനാളുകൾ ബഥനിയെ സംബന്ധിച്ചിടത്തോളം അവൾ ജന്മം കൊടുത്ത മലങ്കര സുറിയാനി കത്തോലിക്കാ സഭാകൂട്ടായ്മയെ ശക്തിപ്പെടുത്തി വളർത്തുക എന്നുള്ള ഏകലക്ഷ്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഈ കാലഘട്ടത്തിൽ ബഥനിയിലേക്കുള്ള ദൈവവിളികൾ മന്ദഗതിയിലായിരുന്നുവെന്നുള്ള പുനരൈക്യപ്രസ്ഥാനത്തോട് ചേർന്നു നിന്ന സഭാമക്കൾക്കും വലിയ വിലനൽകേണ്ടിവന്നുവെന്നുള്ളത് മറക്കാനാവാത്ത കനലുകളുടെ ഓർമ്മകളായി ഇന്നും നമ്മുടെയൊക്കെ മനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു. എന്നാൽ ഈ നൊമ്പരങ്ങൾ നമ്മെ കൂടുതൽ ദൈവോന്മുഖരാക്കി മാറ്റുന്നതിനും, ദൈവാനുഗ്രങ്ങളുടെ സമൃദ്ധിക്കും കാരണമായി എന്നുള്ളത് ബഥനി അഭിമാനത്തോടെ കാണുകയും അതോടൊപ്പം അവയെല്ലാം മലങ്കര സഭയുടെ ചരിത്ര താളുകളിൽ മുദ്രയിടപ്പെട്ട യാഥാർത്ഥ്യങ്ങളയി പരിലസിക്കുകയും ചെയ്യുന്നു.

## പുനരൈക്യവും ബഥനിയുടെ സ്വയം ശൂന്യവൽക്കരണവും

മലങ്കരസഭയുടെ സാർവ്വത്രിക സഭയുമായുള്ള

തും ഒരു ചരിത്രയാഥാർത്ഥ്യമായി അവശേഷിക്കുന്നു. കാരണം സമൂഹാംഗങ്ങൾ എല്ലാവരും ആശ്രമം വിട്ടിറങ്ങി ഇടവക കൂട്ടായ്മകളെ രൂപപ്പെടുത്തുന്നതിലും, ഭദ്രാസന വൈദികരെ പോലെ ബഥനി ആശ്രമസ്ഥരും ഇടവകകളിൽ താമസിച്ചുകൊണ്ട് ദൈവജനത്തെ പരിശീലിപ്പിക്കുന്നതിലും പുനരൈക്യ പരിശ്രമങ്ങളിലും വ്യാപൃതരായിരുന്നു.

പുനരൈക്യാനന്തരം 1932-ൽ തിരുവനന്തപുരം അതിഭദ്രാസനവും, തിരുവല്ലാ ഭദ്രാസനവും ഉൾപ്പെട്ട മലങ്കര ഹയരാർക്കി സ്ഥാപിതമായപ്പോൾ ബഥനി സമൂഹാംഗങ്ങൾ, കാനോനിക സംവിധാനങ്ങളുടെ അഭാവംമൂലം തിരുവനന്തപുരവും, തിരുവല്ലയും കേന്ദ്രീകരിച്ച് മാർ ഈവാനിയോസ് പിതാവിന്റെയും, മാർ തെയോഫിലോസ് പിതാവിന്റെയും നിയന്ത്രണത്തിൽ രണ്ട് ഭദ്രാസന സമൂഹങ്ങളായി (Inter Diocesan Congregation) കുറേക്കാലം മുന്നോട്ടു പോയി. ഒരു സന്ന്യാസ സമൂഹമെന്ന നിലയിൽ ബഥനിയുടെ നിലനിൽപ്പിനെ (Canonical Structure) സംബന്ധിച്ച് ധാരാളം ചോദ്യങ്ങളും വെല്ലുവിളികളും നിറഞ്ഞ കാലഘട്ടമായിരുന്നു ഇത്. ബഥനിയുടെ വളർച്ചയിൽ അനുഭവപ്പെട്ട ഈ 'നഷ്ടപ്പെടൽ' മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും കാരണമായിയെന്നുള്ളത് ബഥനി എന്നും അഭിമാനത്തോടെ ഓർക്കുന്നു.


## തുടർന്നും ശാന്തിയുടെ തുരുത്ത് കാട്ടുവാൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപനത്തിന്റെ നവതി ആഘോഷിക്കുന്ന ഈ വേളയിൽ നടത്തപ്പെടുന്ന പുനരൈക്യാഘോഷത്തിന് ഏറെ പ്രസക്തിയുണ്ട്. ഓരോ പുനരൈക്യാഘോഷവും ഐക്യത്തിന്റെ കാഹളധ്വനി ഉയർത്തുവാനുള്ള അവസരമാണ്. മലങ്കരസഭയിൽ ഐക്യത്തിന്റെ വക്താക്കളായി തീരുവാനുള്ള പ്രത്യേകനിയോഗം ദൈവത്താൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഒരു സഭാസമൂഹമെന്ന നിലയിൽ, അനൈക്യം മൂലം ഇന്നും പ്രയാസപ്പെടുന്ന സഹോദരീ സഭകളിലെ സഭാമക്കളെ സ്നേഹത്തോടെയും സഹോദര വാത്സല്യത്തോടെയും സമീപിക്കുന്നതിനും, ഐക്യത്തിന്റെയും ശാന്തിയുടെയും തീരങ്ങളിലേക്ക് അവരെ നയിക്കുന്നതിനുമുള്ള നമ്മുടെ പ്രത്യേകമായ ഉത്തരവാദിത്വത്തെക്കുറിച്ച് കൂടുതൽ ബോധ്യപ്പെടുന്നതിന് ഈ വർഷത്തെ പുനരൈക്യാഘോഷം സഹായിക്കട്ടെ. കുറ്റപ്പെടുത്തലുകളുടെയോ, പരിഹാസത്തിന്റെയോ ലാഞ്ചന പോലും നമ്മുടെ മനോഭാവങ്ങളിൽ ഉണ്ടാകരുത്.
മറിച്ച് ധന്യൻ മാർ ഈവാനിയോസ് പിതാവ് കാട്ടിത്തന്ന മഹത്തായ മാതൃക അനുകരിക്കുന്നതിന് നമുക്ക് പരിശ്രമിക്കാം: പ്രാർത്ഥനാ ധ്യാനങ്ങളിലൂടെയും, നിർമ്മലമായ സന്ന്യാസ ജീവിത നിഷ്ഠകളിലൂടെയും മാത്രമേ സഭയിൽ നവീകരണം സാധ്യമാകുവെന്നുള്ള വന്ദ്യപിതാവിന്റെ ബോദ്ധ്യം തുടർന്നും നമ്മുടെ പുനരൈക്യ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകട്ടെ.

ഇവിടെയാണ് ബഥനിയുടെ പ്രസക്തിയും. 1930-ലെ ചരിത്രപരമായ പുനരൈക്യത്തിന്, ബഥനി എപ്രകാരമുള്ള ഒരു നിയോഗം ഏറ്റെടുത്ത് പ്രവർത്തിച്ചുവോ അപ്രകാരം ബഥനിയുടെ രണ്ടാം നൂറ്റാണ്ടിലൂടെയുള്ള പ്രയാണം, അനേകർക്ക് പുനരൈക്യത്തിനുള്ള വഴികാട്ടിയും സഹോദരി സഭകൾക്ക് സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ എത്തുന്നതിനുള്ള അവസരവും ഒരുക്കട്ടെയെന്ന് പ്രാർത്ഥിക്കാം. പുനരൈക്യത്തിനുവേണ്ടി സ്വയം ശൂന്യവത്കരിക്കപ്പെടുവാൻ ബഥനിക്ക് ഇനിയും കഴിയട്ടെ. അത് ബഥനിയുടെ വ്യക്തിത്വം നഷ്ടപ്പെടുത്തിയല്ല; മറിച്ച് ബഥനിയുടെ സിദ്ധിയും, വ്യക്തിത്വവും (Charism and Identity) കാത്തുസൂക്ഷിച്ചുകൊണ്ട് സഭയുടെ വളർച്ചയിൽ ഉൾച്ചേരുന്നതുവഴിയാകട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അപ്രകാരം, ഭിന്നിച്ചും വിഘടിച്ചും നിൽക്കുന്ന മലങ്കര സഭാമക്കൾക്ക് ശാന്തിയുടെ തുരുത്ത് കാട്ടിക്കൊടുക്കുവാനും, “മുണ്ടൻ മലയുടെ മണ്ടയ്ക്ക്, ബഥനി കൊളുത്തിയ ദീപശിഖ, തലമുറതലമുറ കൈമാറി, കെടാതെ ഞങ്ങൾ സൂക്ഷിക്കും എന്ന് അനേകം തലമുറകളിലൂടെ ഉച്ചത്തിൽ പാടുവാനും ദൈവം ഇടയാക്കട്ടെ



# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനന്യ വ്യക്തിത്വം



ഫാ.ഡോ. തോമസ് കുഴിനാപ്പുറത്ത്

വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം(Ecclesia) എന്ന നിലയ്ക്ക് സഭാസൂഹവും ഏക സത്യവിശ്വാസം സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്നത് അതതിന്റെ പ്രത്യേക ചരിത്ര സാംസ്കാരിക ജീവിത പശ്ചാത്തലങ്ങളിൽ നിന്നാണ്. ഈ തനതായ ജീവിത പശ്ചാത്തലത്തിലെ ഏക സത്യവിശ്വാസവുമായി ഇഴ ചേർക്കുമ്പോൾ ഒരു സഭാസമൂഹത്തിന്റെ വ്യക്തിത്വം രൂപപ്പെടുകയായി. പശ്ചാത്തലത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വ്യക്തിത്വത്തെയും ചരിത്രത്തെയും പഠനവിധേയമാക്കുകയാണ് ഈ ലേഖനത്തിൽ.

### അപ്പോസ്തലിക സഭ

യേശുവിന്റെ ഈ ലോക ജീവിതത്തിൽ നിന്നുള്ള അനുഭവം സമ്പത്താക്കിയ ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ (മത്താ 10, 3: മർക്കോ. 3, 18; അപ്പോ. പ്രവ. 1, 13) യിൽ നിന്ന് തന്നെ ക്രിസ്തു വർഷം 52ൽ വിശ്വാസം സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ച വിശ്വാസി സമൂഹമാണ് ഭാരതത്തിലേത്. ഇതിന് ഭാരതത്തിലും ഏഷ്യയിലും നിലനിന്നിരുന്ന ക്രൈസ്തവ പാരമ്പര്യങ്ങളിലും ആരാധനാക്രമങ്ങളിലും വേണ്ടുവോളം സാക്ഷ്യങ്ങളുണ്ട്. മാർതോമ്മാ ശ്ലീഹായിൽ നിന്നും സ്വീകരിച്ച ഈ വിശ്വാസം ആർഷഭാരതത്തിന്റെ സാംസ്കാരിക തനിമയുമായി സമന്വയിപ്പിച്ച് തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുവാനാണ് ഇവിടുത്തെ വിശ്വാസികൾ എന്നും പരിശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം തുടർന്നു വന്ന നൂറ്റാണ്ടുകളിൽ പേർഷ്യൻ (പൗരസ്ത്യ സുറിയാനി) സഭാപാരമ്പര്യവുമായി വളരെ അടുത്ത ബന്ധവും പുലർത്തി വന്നു.
ഇതിന് കാരണമായി ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നത് പേർഷ്യൻ സഭയും ഭാരതസഭയും തങ്ങളുടെ പൊതു സഭാപിതാവായി മാർതോമ്മാ ശ്ലീഹായെ കരുതുന്നു എന്ന വസ്തുതയാണ്. എന്നാൽ ഏഴാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടങ്ങളിൽ മലങ്കരയിലെ സഭ പേർഷ്യൻ സഭയുടെ അധികാരത്തിൻ കീഴിലായിരുന്നു എന്നതിന് യാതൊരു തെളിവുകളും ലഭ്യമല്ല. ഈ കാലഘട്ടത്തിൽ ഇവിടുത്തെ പ്രദേശിക സഭാധികാരികളായിരുന്നിരിക്കണം ഭാരതസഭയെ നയിച്ചിരുന്നത്.

## മലങ്കരയിലെ സഭയും നസ്രാണികളും

ഭാരതത്തിലെ സഭ പുരാതനകാലം മുതൽ മലങ്കര സഭ എന്നറിയപ്പെട്ടിരുന്നു. എ.ഡി. 522 ൽ ഇവിടം സന്ദർശിച്ച കോസ്മോസ് എന്ന സഞ്ചാരി 'സാർവത്രിക ക്രൈസ്തവ ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു 'കുരുമുളക് വളരുന്ന മാലെ എന്നരാജ്യത്ത് ഒരു സഭയുണ്ട്. അവിടെ പേർഷ്യയിൽ നിന്നും നിയമിതനായ ഒരു മെത്രാനുണ്ട്.' ഇവിടെ സൂചിപ്പിക്കുന്ന 'മാലെ' മലങ്കരയുടെ ചുരുക്കരൂപമാണെന്ന് ചരിത്രകാരന്മാർ സാക്ഷിക്കുന്നു. പുരാതന കാലത്ത് കുരുമുളക് ഉല്പാദിപ്പിച്ചിരുന്ന ഏകപ്രദേശം കേരളം മാത്രമായിരുന്നു. മാർത്തോമാ ശ്ലീഹാ കേരളത്തിൽ ആദ്യമായെത്തിയ കൊടുങ്ങല്ലൂർ, മാല്യങ്കര എന്നറിയപ്പെട്ടിരുന്നതിനാലും ഇവിടുത്തെ സഭ വിളിക്കപ്പെടുവാനിടയായതായും മലങ്കര സഭ സഭയെന്ന് ചരിത്രകാരന്മാർ സ്ഥാപിക്കുന്നുണ്ട്. കുന്നുകളും താഴവരകളും ഇടകലർന്ന് സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമായതിനാൽ ഇവിടം മലങ്കര എന്നറിയപ്പെട്ടു എന്ന വാദവും നിലവിലുണ്ട്. ഭാരതത്തിലെ സഭ മലങ്കര സഭയെന്നും ഇവിടുത്തെ ക്രിസ്ത്യാനികൾ മലങ്കരക്കാർ എന്നീ അറിയപ്പെട്ടിരുന്നതിനും ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നു.

'മിശിഹാ പിറന്നിട്ട് 1776 1)ം കാലം കുംഭമാസം 15ന് ആലങ്ങാട്ട് മർത്തമറിയം ഉമ്മാടെ പള്ളിയിൽ ബഹുമാനപ്പെട്ട മാർസലേസിയോസ് ജമിനീസ്യ എന്ന നമ്മുടെ മെത്രാന്റെ മുമ്പാകെ വച്ച് മലങ്കര ഇടവകക്കാർ കൂടി എഴുതി വച്ച പടിയോല.'

18 -ാം നൂറ്റാണ്ടിൽ ഇവിടുത്തെ നസ്രാണികൾ എഴുതി സമർപ്പിച്ച പടിയോലയിൽ സ്വയം വിശേഷിപ്പിച്ചിരിക്കുന്നത് മലങ്കരക്കാർ എന്നാണെന്നുളളത് പ്രത്യേകം ശ്രദ്ധേയമാണ്.

മലങ്കര നസ്രാണികൾ ഉന്നതമായ സാമൂഹിക നിലവാരം ഉള്ളവരായിരുന്നു.. നസ്രാണികളുടെ ജീവിതാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്ന പുരാതന ചരിത്രരേഖകളായ ചെമ്പുതകിടുകൾ അഥവാ ചെപ്പേടുകൾ ഭാരതസഭയെ സംബന്ധിച്ചിടത്തോളം അമൂല്യചരിത്രരേഖകൾ തന്നെയാണ്. തരിസ്സാപ്പള്ളി ചെപ്പേട് (849) വീരരാഘവപട്ടയം (13 14 നൂറ്റാണ്ടുകൾ) തുടങ്ങിയ ചെമ്പുതകിടുകൾ ഈ ഗണത്തിൽപെടുന്നു. ഈ രേഖകളിലൂടെ ഇവിടുത്തെ നസ്രാണികൾക്ക് പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും ഭരണാധികാരികൾ കല്പിച്ചു നല്കിയിരുന്നു.

നസ്രാണികളുടെ ശ്രേഷ്ഠമായ ജീവിതാവസ്ഥയെ പരിഗണിച്ചായിരുന്നിരിക്കണം ഈ അവകാശങ്ങളും ആനുകൂല്യങ്ങളും നല്കപ്പെട്ടിരുന്നത്.

കേരളത്തിൽ ഉദയംപേരൂർ ആസ്ഥാനമാക്കി വില്ലാർവട്ടം എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ക്രൈസ്തവ രാജവംശം നിലനിന്നിരുന്നതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ജോൺ ഇരുപത്തിരണ്ടാം മാർപ്പാപ്പ (1316 1334) അവിഞ്ഞോണിൽനിന്നും കേരളത്തിലെ ക്രൈസ്തവ രാജാവിന് കത്തുകളയച്ചിരുന്നതായി വത്തിക്കാൻ രേഖാശേഖരത്തിൽ നിന്നും സൂചനകൾ ലഭ്യമാണ്. ഇത് സൂചിപ്പിക്കുന്നത് മലങ്കരക്കാർ ആദിമ നൂറ്റാണ്ടുകളിൽ തന്നെ മതപരമായും രാഷ്ട്രീയമായും അംഗീകരിക്കപ്പെടത്തക്കവിധം ഉന്നതജീവിത നിലവാരം പുലർത്തിയിരുന്നു എന്നാണ്.

## മലങ്കരസഭയും പോർച്ചുഗീസ് മിഷണറിമാരും

1498ൽ കേരളത്തിൽ വന്ന വാസ്കോഡിഗാമയുടെ നേതൃത്വത്തിലുള്ള* പോർച്ചുഗീസ് നാവികസംഘം കേരളത്തിലെ ക്രൈസ്തവരുമായി ആദ്യകാലങ്ങളിൽ മെച്ചപ്പെട്ടബന്ധം പുലർത്തി. പിന്നീട് പോർച്ചുഗല്ലിൽ നിന്നും നിരവധി ലത്തീൻ മിഷനറിമാർ ഇവിടെ പ്രേഷിതവൃത്തിക്കായി കടന്നുവന്നു. ഭാരതത്തിന്റെ ദ്വിതീയ അപ്പോസ്തലനെന്ന് അറിയപ്പെടുന്ന വി.ഫ്രാൻസിസ് സേവ്യർ ആയിരുന്നു അവരിൽ പ്രധാനി. പ്രാരംഭഘട്ടത്തിൽ ഹൃദ്യമായ ബന്ധമായിരുന്നു പോർച്ചിഗീസ് മിഷനറിമാരും നസ്രാണികളും തമ്മിലുണ്ടായിരുന്നത്. എന്നാൽ ക്രമേണ ഇവിടുത്തെ നസ്രാണികളുടെ സഭയെ ലത്തീൻ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരുവാനുള പോർച്ചുഗീസ് മിഷനറിമാരുടെ ശ്രമം ആരംഭിച്ചതോടെ നസ്രാണികളുമായുള്ള ബന്ധം വഷളായി. 1600 ഓഗസ്റ് 4ആം തിയതി പോർച്ചുഗീസ് ഭരണനീക്കമായ പാദ്രൊവാദോ ഭരണം കേരളത്തിലെ മലങ്കരസഭയുടെ മേൽ അടിച്ചേൽപ്പിച്ചു. തുടർന്ന്

ഇവിടുത്തെ നസ്രാണികളുടെ തനതായ സുറിയാനി ആരാധനാക്രമത്തെയും ജീവിതശൈലിയെയും പാരമ്പര്യങ്ങളെയും ലത്തീനീകരിക്കാനുള്ള ബലാല്കാരമായ പരിശ്രമങ്ങളാണ് പോർച്ചുഗീസ് മിഷനറിമാരുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇതിനെതിരെയുള്ള മലങ്കരക്കാരുടെ ചെറുത്തുനില്പാണ് കൂനൻ കുരിശ് സത്യത്തിൽ കൊണ്ടുചെന്നെത്തിച്ചത്. 1599 ജൂൺ 20 ന് ആരംഭിച്ച ഉദയംപേരൂർ സുന്നഹദോസ് ഈ ചെറുത്തു നില്പിന്റെ ആക്കം വർദ്ധിപ്പിച്ചു.

നേതൃത്വത്തിനുനേരെ ഉയർത്തിയ ശക്തമായ പ്രതിഷേധവും താക്കീതും മാത്രമായിരുന്നു അത്. മറിച്ച് വിശ്വാസത്തിലും സഭാകൂട്ടായ്മയിലും നിന്നുള്ള വ്യതിചലനം ഒരു തരത്തിലും ലക്ഷ്യം വച്ചിരുന്നില്ല.

പിന്നീട് ഒന്നാം മാർത്തോമാ എന്ന പേരിൽ 1653 മെയ് 22ന് 12 വൈദികരുടെ കൈവയ്പ്പിലൂടെ മെത്രാനെ വാഴിക്കുന്നത് വരെ കൊണ്ടുചെന്നെത്തിച്ച സംഭവവികാസങ്ങളെ നിർഭാഗ്യകരമെന്ന് മാത്രമേ പറയാനാവൂ. എങ്കിലും തങ്ങളുടെ വ്യക്തിത്വങ്ങളെയും സാമൂഹിക അന്തസ്സിനെയും സ്വാശ്രയ സഭാസ്തിത്വത്തെയും ആരുടെമുന്നിലും അടിയറവു വയ്ക്കാതിരിക്കുവാനുള്ള മലങ്കര ക്രിസ്ത്യാനികളുടെ ചങ്കുറ്റവും ആത്മാഭിമാനവും ഇതിന്റെ എല്ലാം പിന്നിൽ വെളിവാകുന്നുണ്ടെന്ന കാര്യം അനിഷേധ്യമാണ്. എന്നാൽ സഭാസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്വേഷണം പിന്നീട് അവരെ കൊണ്ട് ചെന്നെത്തിച്ചത് മറ്റുചില ആധിപത്യങ്ങൾക്ക് കീഴിലേക്കായിരുന്നു എന്നതും ചരിത്ര യാഥാർത്ഥ്യം. എന്നിരുന്നാലും തങ്ങളുടെ സഭാവ്യക്തിത്വം നിലനിർത്തികൊണ്ട് ക്രിസ്തുവിന്റെ ഏകസഭയുടെ ഭാഗമാക്കുവാൻ മലങ്കരക്കാർ എന്നും അഭിലഷിച്ചിരുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി പിന്നീട് അവർ നടത്തിയ



## കൂനൻ കുരിശു സത്യം : സഭാവ്യക്തിത്വം നിലനിർത്തുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭം

മലങ്കരസഭയെ രണ്ടായി വെട്ടിമുറിച്ച കൂനൻകുരിശുസത്യം സഭാ വ്യക്തിത്വം നിലനിർത്തുവാനുള്ള മലങ്കരക്കാരുടെ തത്രപ്പാടിന്റെ ഭാഗമായിട്ടുവേണം കരുതുവാൻ. "സാമ്പലൂർ പാതിരിമാരുടെ കീഴിൽ ഞങ്ങളോ ഞങ്ങളുടെ പിൻ തലമുറകളോ നിലനില്ക്കുകയില്ല" എന്നതായിരുന്നു കൂനൻകുരിശു സത്യത്തിലെ പ്രതിജ്ഞാവാചകം. തങ്ങളുടെ സഭയുടെ തനതായ വ്യക്തിത്വത്തെയും ആരാധനാക്രമത്തെയും തീയിലിട്ട് ചുട്ടുകരിച്ച് പോർച്ചുഗീസ്

കത്തിടപാടുകളും മറ്റും, ഇന്നും വിവിധ വത്തിക്കാൻ കാര്യാലയങ്ങളുടെ രേഖാലയങ്ങളിലെ ചുവപ്പു നാടകളിൽ കുടുങ്ങിപോയില്ലായിരുന്നുവെങ്കിൽ കേരള സഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു.

### യാക്കോബായ സഭയുമായുള്ള ബന്ധം

വൈദികരിൽ നിന്നും ലഭിച്ച കൈവയ്പിന്റെ സാധുതയെ കുറിച്ചുള്ള സംശയം ഒന്നാം മാർത്തോമ്മായുടെ കാലം മുതൽക്കേ ഉണ്ടായിരുന്നു. ആറാം മാർത്തോമ്മായുടെ കാലമായപ്പോഴേക്കും യഥാർത്ഥ കൈവയ്പ് ലഭിക്കുന്നതിന് വേണ്ടിയുള്ള അഭിവാഞ്ഛ കൊണ്ടു ചെന്നെത്തിച്ചത് യാക്കോബായ സഭയുമായുള്ള ബന്ധത്തിലേക്കായിരുന്നു. അങ്ങനെ ആറാം മാർത്തോമ്മാ, മാർ ദിവന്ന്യസ്യോസ് എന്ന പേരിൽ 1770 ൽ യാക്കോബായ മെത്രാനായ മാർ ഗ്രിഗോറിയോസിൽ നിന്നും കൈവയ്പ് സ്വീകരിക്കുന്നതിലൂടെ മലങ്കരയിലെ ഏകസഭയുടെ വിഭജനം പൂർണമാവുകയായിരുന്നു. യാക്കോബായ ?? അവസരമുപയോഗിച്ച് അന്ത്യോഖ്യായിലെ സഭ തങ്ങളുടെ അധികാരം മലങ്കരയിൽ പൂർണമായി വിനിയോഗിക്കാനും തുടങ്ങി. മലങ്കരയിലെ സഭയുടെ ഭൗതിക സ്വത്തിൻമേലും ക്രമേണ അന്ത്യോഖ്യൻ സഭ അധികാരം ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ മലങ്കര മെത്രാപ്പോലീത്താ അതിനെതിരെ *പ്രതിഷേധമുയർത്തി. 1909 കേരളത്തിലെത്തിയ മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കര സഭയുടെ ആത്മീയവും ഭൗതീകവുമായ അധികാരം തനിക്കുണ്ടെന്ന അവകാശവാദം ഉന്നയിച്ചു. ഇതിനെതിരു നിന്ന മലങ്കര മെത്രാപ്പോലിത്തായെ 1911 ൽ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയതോടെ മെത്രാൻ കക്ഷിയും ബാവാകക്ഷിയും എന്ന വിഭജനവും മലങ്കരയിൽ സംഭവിച്ചു.

### കാതോലിക്കേറ്റ് സ്ഥാപനം

ഈ ദുസ്ഥിതിയിൽ നിന്നും മലങ്കര സഭയെ കരകയറ്റുന്നതിനായി ഫാ.പി.റ്റി.ഗീവർഗ്ഗീസ്
(പിന്നീട് മാർ ഈവാനിയോസ്) നേതൃത്വമെടുത്ത് മാർ അബ്ദുള്ളാ പാത്രിയർക്കീസിനാൽ നിഷ്കാസിതനായിരുന്ന യഥാർത്ഥ പാത്രിയർക്കീസായ അബ്ദ് ദ് മ്ശീഹാ പാത്രിയർക്കീസിന്റെ 1912 ലെ ഉത്തരവ് വഴി മലങ്കരയിൽ കാതോലിക്കാ സിംഹാസനം സാധിതമാക്കി. ഇതെക്കുറിച്ച്മാർ ഈവാനിയോസ് തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരമാണ്. "മുടക്കുണ്ടായ ഉടനെ നാം ആ വിവരം കാണിച്ച് അബദേദ് മ്ശീഹാ പാത്രിയർക്കീസ് ബാവാതിരുമനസ്സിലെ പേർക്ക് കമ്പിയടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടി കല്പനവന്നു." ഇതെ കുറിച്ച് 1087 ഇടവം 19 ലെ 'മലയാളമനോരമ' യിൽ വന്ന വാർത്ത ഇപ്രകാരമായിരുന്നു. "നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഇഗ്നാത്യോസ് അബ്ദ്മ്ശിഹാ സീനിയർ പാത്രിയർക്കീസ് ബാവാ അവർകൾ മലങ്കരയ്ക്ക് വരുന്ന വഴി ബസ്രയിൽ നിന്ന് കപ്പൽ കേറി ഇന്നലെ (വെള്ളിയാഴ്ച) ഇൻഡ്യയുടെ വടക്കുപടിഞ്ഞാറ്റത്തുള്ള കറാച്ചി എന്നതുറമുഖത്ത് എത്തിയിട്ടുള്ളതായി മാർ ദിവന്ന്യാസ്യോസ് സെമിനാരി പ്രിൻസിപ്പൽ ഫാ.പി.റ്റി.ഗീവർഗ്ഗീസ് ീഴീ. അവർകൾക്ക് കമ്പി വന്നിരിക്കുന്നതായി അറിയുന്നു." 1912 സെപ്റ്റംബർ 16 ലെ മലയാളമനോരമ ദിനപത്രം കാതോലിക്കാവാഴ്ചയെക്കുറിച്ച് താഴെക്കാണുന്ന വിവരണം നല്ക്കുന്നു. "ഇതിനെ തുടർന്ന് ദിവന്യാസ്യോസ് സെമിനാരി പ്രിൻസിപ്പൽ റവ.ഫാ.പി.റ്റി.ഗീവർഗ്ഗീസ് എം.എ. അവർകൾ കാതോലിക്കാ സ്ഥാനത്തെയും സ്ഥാനവലിപ്പത്തെയും മറ്റും പറ്റി ചരിത്ര സാക്ഷ്യങ്ങളോടുകൂടി വേറൊരു പ്രസംഗം ചെയ്യുകയും ചെയ്തു." ഈ കാതോലിക്കാ സിംഹാസന സ്ഥാപനത്തിനു
പിന്നിലും മലങ്കരയുടെ വിശിഷ്ട പൈതൃകവും വ്യക്തിത്വവും കാത്തു സൂക്ഷിക്കുക എന്ന അദമ്യമായ അഭിവാഞ്ഛയാണുണ്ടായിരുന്നത്.

മലങ്കരയുടെ നാനാവിധമായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള തുടർ സത്യാന്വേഷണം ഫാ.
പി.റ്റി.ഗീവർഗ്ഗീസിനെ പ്രസ്ഥാനത്തിലേക്ക് നയിച്ചു. ബഥനിയെന്ന സന്ന്യാസ ക്രിസ്തുവിന്റെ സഭ ഏകമാണെന്നും വിശുദ്ധമാണെന്നും കാതോലികമാണെന്നുമുള്ള ബോധ്യത്തിലേക്ക് കടന്നു വരുവാൻ ഫാ.പി.റ്റി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് എന്ന നാമധേയം സ്വീകരിച്ചുകൊണ്ട്

ബഥനയുടെ മെത്രാനായി തീർന്നപ്പോൾ അദ്ദേഹത്തിനുസാധിച്ചതും സത്യാന്വേഷണത്തിലൂടെ ആയിരുന്നു. ഇത് കത്തോലിക്കാ വിശ്വാസത്തെക്കുറിച്ച് പഠിക്കാനും മനസ്സിലാക്കുവാനും മാർ ഈ വാനിയോസിനെ പ്രേരിപ്പിച്ചു. ക്രമേണ ഈ വിശ്വാസത്തിന്റെ കൂട്ടായ്മയിൽ പങ്കുചേരുന്നതിനെ കുറിച്ച് അദ്ദേഹവും മലങ്കര മെത്രാൻ സംഘവും ഗൗരവമായി ചിന്തിച്ചുതുടങ്ങി. ഇതുമായി ബന്ധപ്പെട്ടുള്ള കത്തിടപാടുകൾ നടത്തുവാൻ 1926 ൽ പരുമലയിൽ കൂടിയ മലങ്കര സഭാ സുന്നഹദോസ് മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. പക്ഷെ അപ്രതീക്ഷിതമായി ലഭിച്ച ഒരു അനുകൂല കോടതിവിധി ഈ ഉദ്യമത്തിൽ നിന്നും മാർ ഈവാനിയോസും മാർ തെയോഫിലോസും ഒഴികെയുള്ള മലങ്കര മെത്രാന്മാരെയെല്ലാം പിന്തിരിപ്പിച്ചു. പിന്താങ്ങിയിരുന്നവരെല്ലാം പിന്തിരിഞ്ഞെങ്കിലും വെറും കയ്യോടെ ദൃഢനിശ്ചയവും ദൈവകൃപയും മാത്രം കൈമുതലാക്കി ബഥനി മെത്രാൻ തൻറെ സത്യാന്വേഷണം തുടരുക തന്നെ ചെയ്തു. പെട്ടെന്നുണ്ടായ വികാരാവേശത്താൽ കൂനൻ കുരിശിന്റെ ആലാത്തിൽ കയറിപ്പിടിച്ച് സത്യം ചെയ് പൂർവികരുടെ മാർഗ്ഗഭ്രംശത്തെ തിരുത്തുവാനുള്ള അവസരമായി അദ്ദേഹം ഇതിനെകണ്ടു.

### പുനരൈക്യ പ്രസ്ഥാനവും സഭാ വ്യക്തിത്വവും

1930 സെപ്റ്റംബർ 20 ന് മാർ ഈവാനിയോസ്, മാർതെയോഫിലോസ്, ഫാ.ജോൺ കുഴിനാപ്പുറത്ത് ഓ.ഐ.സി., അലക്സാണ്ടർ ശെമ്മാശൻ, ശ്രീ.കിളിലേത്ത് ചാക്കോ എന്നിവരോടൊപ്പം കത്തോലിക്കാ കൂട്ടായ്മയിലേക്ക് വീണ്ടും കടന്നു വരുമ്പോൾ 1653 ??? കൂനൻകുരിശു പ്രക്ഷോഭം തനതായ വ്യക്തിത്വം നിലനിർത്തുന്നതിനു വേണ്ടിയുള്ളതായിരുന്നു വെങ്കിലും അതിലൂടെ സഭയുടെ കാതോലികമാനം കൈമോശം വന്നു എന്നതെറ്റ് തിരുത്തപ്പെടേണ്ടത് തന്നെയാണ് എന്ന ബോധ്യമായിരുന്നു അദ്ദേഹത്തെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് നയിച്ചത്. പുനരൈക്യ പ്രസ്ഥാനം മലങ്കരയിലെ അന്നാരംഭിച്ച വിഭജിത സമൂഹങ്ങളുടെ മുഴുവൻ ഐക്യം ലക്ഷ്യം വച്ചുകൊണ്ട് ഏറെ ത്യാഗങ്ങൾ ഏറ്റെടുക്കാൻ എന്നും



സന്നദ്ധമായിരുന്നു. അന്നത്തെ കാതോലിക്കാ ബാവ പിന്നീട് കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവരുമെന്ന പ്രതീക്ഷയിൽ ആസ്ഥാനം ഒഴിച്ചിടുകയായിരുന്നു. മലങ്കര പാരമ്പര്യത്തിൽ കാതോലിക്കാ ബാവായുടെയും പരിശുദ്ധ സുന്നഹദോസിന്റെയും അധികാരത്തെകുറിച്ച് തികഞ്ഞ ബോധ്യമുണ്ടായിരുന്ന മാർ ഈവാനിയോസ് ആണ് സഭയുടെ ഒന്നാകലിനും പുരോഗതിക്കും വേണ്ടി ഈ സ്ഥാനങ്ങളും അധികാരങ്ങളും നീക്കിവയ്ക്കാൻ തയ്യാറായതെന്നോർക്കണം. 1926 ൽ അദ്ദേഹം റോമിലേക്കയച്ചനിവേദനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കാതോലിക്കാ സിംഹാസനത്തിന്റെ കീഴിലുള്ള സുന്നഹദോസ് അതിന്റെ അധികാര പരിധിക്കുള്ളിലുള്ള അതിഭദ്രാസന ഭദ്രാസനങ്ങളിൽ മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കുകയും അധികാരംനടത്തുകയും ചെയ്യുന്ന പാരമ്പര്യമാണ് മലങ്കര സഭയ്ക്കുള്ളത്". കതോലിക്കാ സ്ഥാനം മലങ്കരയുടെ പൈതൃകാവകാശമാണെന്ന തികഞ്ഞ ബോധ്യം

മാർ ഈവാനിയോസിനുണ്ടായിരുന്നു.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയും കാതോലിക്കാ ബാവാ സ്ഥാനവും

ദൈവത്തിന്റെ അനന്തമായ കാരുണ്യത്താലും കൃപയാലും അനുസ്യൂതം വളരുന്ന ഒരു സമൂഹമായി പുനരൈക്യപഞ്ചരത്നങ്ങളിലാരംഭിച്ച ആ പ്രസ്ഥാനം പരിണമിക്കുന്ന കാഴ്ചയ്ക്കാണ്

പിന്നീട് ചരിത്രം സാക്ഷ്യം വഹിച്ചത്. വളർച്ചയെ നേതൃത്വം കാലാകാലങ്ങളിൽ അംഗീകരിക്കുകയും കത്തോലിക്കാസഭാ ആദരിക്കുകയും ചെയ്തിരുന്നു. ജോൺ പോൾ രണ്ടാമൻമാർ പ്പാപ്പാ തന്റെ പ്രഥമ ഭാരതസന്ദർശനവേളയിൽ 1986 ഫെബ്രുവരി 8 ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചയെ സംബന്ധിച്ച് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി, "നിങ്ങളുടെ സഭയുടെ ഈയടുത്ത കാലഘട്ടം വളർച്ചയുടെയും ആഴമായ ക്രിസ്തീയ ജീവിതത്തിന്റെയും ഒരവസരമാണെന്ന് അറിയുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്". 2005 ഫെബ്രുവരി 10 ന് 'ആബ് ഇപസോ സാങ്തോ തോമാ' എന്ന പ്രമാണരേഖയിലൂടെ പരി.പോൺ പോൾ രണ്ടാമൻ മാർപ്പാപ്പ സിറോ മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയുണ്ടായി. ഈ വേളയിൽ അദ്ദേഹം മലങ്കര സഭയെ ഇകാരം പ്രകീർത്തിച്ചിരുന്നു. '1930 കത്തോലിക്കാ കൂട്ടായ്മയിലേക്ക്

പുനപ്രവേശനം നടത്തിയ സിറോ മലങ്കര സമൂഹം അംഗസംഖ്യയിൽ വിപുലമായ വർദ്ധനവു സാധിക്കുകയും പുരാതനമായ സഭാപൈതൃകവും വിശ്വാസവും സ്തുത്യർഹമാം വിധംസംരക്ഷിക്കുകയും ചെയ്തു. സിറോ മലങ്കര കത്തോലിക്കാ സഭയുടെ ഈ ഉജ്ജ്വലമായ സ്ഥാനം

നാം വിലമതിക്കുയും അംഗീകരിക്കുകയും ചെയ്യുന്നു.' ഇതനുസരിച്ച് സഭയുടെ തലവനു പിതാവുമായി ഉയർത്തപ്പെട്ട മേജർ ആർച്ചുബിഷപ്പ് മലങ്കരപാരമ്പര്യമനുസരിച്ചുള്ള ഉപരിമെത്രാപ്പോലീത്താ സ്ഥാനമായ കാതോലിക്കാബാവാ

സ്ഥാനം സ്വീകരിക്കുകയായിരുന്നു. കാരണം "പൗരസ്ത്യ സഭകളുടെ കാനോന സംഹിത" **(CCEO)** യുടെ ഉറവിടങ്ങളിലൊന്നായ 'ക്ലേരി സാങ്തിതാത്തി' 335 ാം കാനോനയിൽ ഇപ്രകാരം വായിക്കുന്നു. "മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം കാതോലിക്കാ സ്ഥാനത്തിന് തുല്യമാണ്." ഇതനുസരിച്ച് മലങ്കര പാരമ്പര്യ പ്രകാരം സിറോ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ, കതോലിക്കാ ബാവായായി സ്ഥാനമേൽക്കുകയായിരുന്നു. സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവായുടെ വാക്കുകൾ ശ്രദ്ധേയമാണ്.

'മാർതോമാശ്ലീഹായുടെ കാലം മുതൽ ഇവിടെ ഒരു ക്രൈസ്തവ സമൂഹം വളർന്നുവന്നു. ഈ സമൂഹത്തിന്റെ ഏറ്റവും വലിയ അവകാശവും അഭിലാഷവും ആഗ്രഹവും സഭ ജീവിതം അതിന്റെ സ്വതന്ത്രമായി നയിക്കണം എന്നതായിരുന്നു. നമ്മുടെ മലങ്കര സഭ മറ്റൊരു സഭയുടെയും അധീനതയിൽപെട്ടതല്ല. അതിനാൽ തനതായ ഒരു സഭാത്മക ജീവിതം കെട്ടിപ്പെടുത്തു കൊണ്ട് ഈ ദൗത്യ നിർവ്വഹണം സാധിക്കുവാനുള്ള ആഗ്രഹം സിറോ മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ടായിരുന്നു. അങ്ങനെ നമ്മുടെ സഭയുടെ ആന്തരിക സ്വാതന്ത്ര്യവും വ്യക്തിത്വവും കത്തോലിക്കാബന്ധത്തിൽ നിലനിർത്തപ്പെടുന്നു.'എന്നും തങ്ങളുടെ തനതായ വ്യക്തിത്വത്തെ ഉയർത്തിപ്പിടിച്ച ക്രൈസ്തവ കൂട്ടായ്മയായിരുന്നു

പുത്തൻ കൂറ്റകാർ എന്ന സഭാ സമൂഹം. ഏക സഭയെന്ന ക്രിസ്തുവിന്റെ പ്രേഷിത ലക്ഷ്യത്തിൽ നിന്നും വഴിമാറിച്ചരിച്ചെങ്കിലും

പിന്നീട് തിരികെവന്നു ഇന്ന് പാത്രിയർക്കീസിനടുത്ത സ്വയാധികാരത്തോടെ ആഗോള കത്തോലിക്കാസഭയുടെ തലവനായ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പിൽ മലങ്കരയുടെസാന്നിധ്യമുറപ്പിച്ച് തലയുയർത്തി നില്ക്കുമ്പോൾ ക്രിസ്തുവിന്റെ തിരുമനസ്സ് തന്നെയാണ് നിറവേറ്റപ്പെടുന്നത്. ഈ സഭയ്ക്ക് കൈവന്നിരിക്കുന്ന സ്വായാധികാരം ഏക സഭയെന്ന ക്രിസ്തു ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള തുറന്ന വാതിലു തന്നെയാണ്.

മലങ്കര സഭകൾ ഒന്നാവുക എന്ന സ്വപ്നം മുന്നിൽ കണ്ടുകൊണ്ട് മലങ്കര സുറിയാനികത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ നടത്തിയ പ്രസ്താവന

ഏറെ ശ്ലാഘനീയമാണ്. “ഈ സ്വപ്നസാക്ഷാത് കാരത്തിനു ഏതെല്ലാം വിട്ടു വീഴ്ച്ചകൾ മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ ഭാഗത്തു നിന്ന് ആവശ്യമാണോ അതെല്ലാം ചെയ്യുവാൻ നാം സന്നദ്ധരാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇപ്പോഴത്തെ അദ്ധ്യക്ഷനെന്ന നിലയിൽ എനിക്ക് ഈ സഭകൾ പൊതുവായി മുന്നോട്ട് വയ്ക്കുന്ന മേലദ്ധ്യക്ഷന്റെ കീഴിൽ സഭാശുശ്രൂഷ ചെയ്യുവാൻ പരിപൂർണ സന്തോഷമേയുള്ളൂ അദ്ദേഹത്തിന്റെ കീഴിൽ മലങ്കര സഭയെന്ന അപ്പോസ്തലിക സഭ മുമ്പോട്ട് കൊണ്ടുപോകുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. മലങ്കര സഭകൾ

സാർവ്വത്രിക കൂട്ടായ്മയിൽ വരുന്നതിന് ഏതു ത്യാഗവും ഏറ്റെടുക്കുന്നതിന് ഞാൻ തയ്യാറാണ്. അതെന്റെ സഭാശുശ്രൂഷയിലെ അവിഭാജ്യ സമർപ്പണമായി ഞാൻ മനസ്സിലാക്കുന്നു.

### മേജർ ആച്ചുബിഷപ്പ് കാതോലിക്കാബാവാ സ്ഥാനത്തിന്റെ കാനോനികമാനം.

ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സംലഭ്യമായിരിക്കുന്ന സ്വയാധികാരമനുസരിച്ച് മലങ്കര മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മുഴുവൻ തലവനും പിതാവുമായിരുന്നുകൊണ്ട് ഒരു നിശ്ചിത സിംഹാസനത്തിന്റെ ഭരണച്ചുമതല നിർവ്വഹിക്കുകയും പാത്രിയാർക്കൽസ്ഥാനമൊഴികെയുള്ള എല്ലാപാത്രിയാർക്കൽ അധികാരങ്ങളും കയ്യാളുകയും ചെയ്യുന്ന സ്വയാധികാര സഭാധ്യക്ഷനാണ് മേജർ അർച്ചുബിഷപ്പ് കാതോലിക്കാ ബാവ (CCEO 151). മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായുടെ അധികാരം സ്വകീയവും ഔദ്യോഗികവും വ്യക്തിഗതവുമായിരിക്കും (CCEO സഭാഭരണം നടത്തുവാനുള്ള 78/1). സ്വന്തം അധികാരത്തിൽ ചുമതലയാണ് മേജർ തന്നെ ആച്ചുബിഷപ്പ് കാതോലിക്കാബാവായ്ക്കുള്ളത് എന്ന് നിയമഭാഷ്യം (See, Salachas, Commento al CCEO, Roma, 8889). സ്വന്തം പ്രവിശ്യയിൽ മെത്രാപ്പോലീത്തായുടെ അധികാരമുപയോഗിക്കുന്നതോടൊപ്പം പ്രത്യേക പ്രവിശ്യകൾ നിശ്ചയിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ മെത്രാപ്പോലീത്തായുടെ അധികാരം ഉപയോഗിച്ച് പ്രവിശ്യാ ഭരണം നിർവ്വഹിക്കുവാൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായ്ക്കധികാരമുണ്ട് (CCEO 80/1). മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പൊതുവായ എല്ലാ കാര്യങ്ങളിലും സഭയെ പ്രതിനിധീകരിക്കുന്നത് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവാ ആയിരിക്കും (CCEO 79). ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ വിവിധ ഭദ്രാസനങ്ങളോടുകൂടിയ ഒരു പുതിയ ഒരു പ്രവിശ്യ പരി. സുന്നഹദോസിന്റെ സമ്മതത്തോടുകൂടി ആരംഭിക്കുന്നതിനുള്ള അധികാരം മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവക്കുണ്ട് (CCEO.85/1) കാരണങ്ങൾ പരിഗണിച്ച് പരി.സുന്നഹദോസിന്റെ സമ്മതത്തോടു കൂടി മെത്രാപ്പോലിത്താമാർക്കു വരെ സ്ഥലം മാറ്റം നല്കുന്നതിന് മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായ്ക്കധികാരമുണ്ട് (CCEO - 85/2).

### മലങ്കര സുറിയാനി കത്തോലിക്കാ സഭയും കർദ്ദിനാൾ സ്ഥാനവും

2012 ഒക്ടോബർ മാസത്തിൽ നവസുവിശേഷവത്കരണത്തെ സംബന്ധിച്ച മെത്രാന്മാരുടെ സുന്നഹദോസ് റോമിൽ നടന്നു. ഈ സുന്നഹദോസിൽ വച്ച് 2012 ഒക്ടോബർ 24 ാം തീയതി ആറ് പുതിയ കർദ്ദിനാൾമാരെ നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം പ.ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ നടത്തി. ഈ അഭിനവ കർദ്ദനാൾമാരിൽ മൂന്നാം സ്ഥാനം സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാബാവയ്ക്കായിരുന്നു. അൻപത്തിമൂന്നാം വയസ്സിൽ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട അദ്ദേഹം ലോകത്തിലെ ഏറ്റവും പ്രായംകുറഞ്ഞ കർദ്ദിനാൾ എന്ന നിലയിൽ ലോക മാധ്യമശ്രദ്ധ പിടിച്ചുപറ്റി. ഇതുവഴിയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ചരിത്രത്തിലാദ്യമായി കൈവന്ന അധികാരാവകാശങ്ങൾ നിരവധിയാണ്. ആഗോളകത്തോലിക്കാസഭയുടെ ഭരണ നിർവ്വഹണത്തിൽ മാർപ്പാപ്പയുടെ അടുത്ത ഉപദേശകനായി വർത്തിക്കുവാനുള്ള ചുമതല ഈ സഭയുടെ

തലവനും പിതാവുമായ കതോലിക്കാബാവയിലൂടെ ലഭിച്ചു. സർവോപരി ആഗോളകത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്നതിനുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഈ സഭയ്ക്കായി. അതോടൊപ്പം ഈ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവയിലൂടെ റോമിൽ മാർ ഗ്രിഗോറിയോസ് ഏഴാമന്റെ നാമത്തിലുള്ള ദേവാലയം സ്ഥാനിക ദേവാലയമായി കല്പിച്ച് അനുവദിക്കപ്പെട്ടു. 2012 നവംബർ 24 ന് വത്തിക്കാനിൽ നടന്ന കർദ്ദിനാൾ സ്ഥാനാരോഹണ ചടങ്ങിൽ ഇൻഡ്യയിൽ നിന്നു വിവിധ മത രാഷ്ട്രീയ സാമുദായിക നേതാക്കൻമാർ, സഭാമേലദ്ധ്യക്ഷൻമാർ തുടങ്ങിയവർ പങ്കെടുത്തത് കർദ്ദിനാൾ സ്ഥാനാരോഹണ ചരിത്രത്തിലെ തന്നെ ഒരു വേറിട്ടകാഴ്ചയായി. മലങ്കരപാരമ്പര്യത്തിന് ആഗോള അംഗീകാരമായി ഒരു ചുവന്ന തലപ്പാവു കൂടി ചരിത്രത്തിലാദ്യമായി അണിയപ്പെടുന്ന ധന്യ മുഹൂർത്തത്തിനാണ് 21 -ാം നൂറ്റാണ്ടിന്റെ പ്രാരംഭദശ സാക്ഷ്യം വഹിച്ചത്.




### അനന്യ വ്യക്തിത്വം

തലമുറകളിലൂടെ പകർന്നുകിട്ടിയ സ്വന്തം സഭാപൈതൃകങ്ങളോട് തെല്ലും വിട്ടുവീഴ്ച ചെയ്യാതെ ആത്മാഭിമാനത്തോടെ പാത്രിയർക്കീസിനടുത്ത സ്വയാധികാരം കയ്യാളുന്ന ഒരു വ്യക്തി സഭയായി സിറോ മലങ്കര കത്തോലിക്കാ സഭ വളർന്നിരിക്കുന്നു. ഈ സഭയെ ഭരിക്കുന്നനിനുള്ള നിയമങ്ങൾ സ്വയം നിർമ്മിച്ച് പ്രത്യേക ശീർഷകത്തോടെ (**Code of Particular Canons of the Syro Malankara Catholic Church CPCSMCC)** 2012 മാർച്ച് 10 ന് പ്രസിദ്ധീകരിക്കുന്നതിനും ഈ സഭയ്ക്കായി. വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം പതിനായിരങ്ങൾക്ക് സുവിശേഷ വെളിച്ചം എത്തിച്ചുകൊടുക്കുന്ന മിഷനറി സഭയായി വളരുവാനും കത്തോലിക്കാ സഭയ്ക്ക് സാധിച്ചു. ദൈവജനത്തെ സ്വയം വളർത്തി മിഷൻ വേല മലങ്കര സുറിയാനി ചെയ്ത് അവിടുത്തെ പര്യാപ്തതയിലേക്കുയർത്തിയ ഭാരതത്തിലെ ആദ്യത്തെ പൗരസ്ത്യസ്വയാധികാരസഭ എന്ന പെരുമയും ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സ്വന്തമാണ്.

### ഉപസംഹാരം

മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ വ്യക്തിത്വം അനന്യമായി കാത്തു പരിപാലിച്ചുകൊണ്ട് പൂർണ്ണമായ സ്വയാധികാരത്തിലേക്ക് വളരുന്നതിന്റെ ചരിത്രത്തിനാണ് 21 ാം നൂറ്റാണ്ടിന്റെ ആരംഭം സാക്ഷ്യം വഹിച്ചത്. വ്യക്തിത്വവളർച്ചയിലേക്ക് സഭയെ നയിച്ചത് ഈ സഭയുടെ പുണ്യപിതാക്കന്മാരുടെ ത്യാഗനിർഭരമായ നേതൃത്വവും തീക്ഷണമതികളായ മിഷനറിമാരുടെ ആശ്രാന്തപരിശ്രമവും ദൈവജനത്തിന്റെ കൂട്ടായ്മാ ജീവിതവുമായിരുന്നു. സഭാസമൂഹത്തിനു മുന്നിൽ ഇനിയും വെല്ലുവിളികളുണ്ട്. ധാർമികതയിലടിയുറച്ച സമർപ്പിത ജീവിത സാക്ഷ്യം കേരളത്തിലനിവാര്യമായിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. 'അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭ' എന്ന പ്രശംസ പരി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയിൽ നിന്നും ഏറ്റുവാങ്ങിയ മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്ക് പൈതൃകമായി ലഭിച്ചിട്ടുള്ള ആത്മാഭിമാനവും വ്യക്തിത്വവും മൂല്യങ്ങളും കാത്തുപരിപാലിച്ച് സംരക്ഷിക്കുന്നതിൽ വിമുഖതകാട്ടാതെ അവയെ അമൂല്യ സമ്പാദ്യങ്ങളായിക്കരുതി തലമുറകളിലേക്ക് കൈമാറാൻ നമുക്ക് കഴിയട്ടെ




Adv Abraham M. Pattiyani

പ്രസിഡന്റ്

മലങ്കര കാത്തലിക് അസോസിയേഷൻ (MCA)


# ‘പുനരൈക്യം’

## പൂർണതയിലേക്കുള്ള ‘സുവിശേഷ വഴി’

Syro-Malankara Catholic Church

ആഗോള ക്രൈസ്തവ സമൂഹങ്ങൾക്ക് മൊത്തമായി ദിശാബോധം നൽകിക്കൊണ്ട് ആഗോള സഭയുടെ തലവനും പിതാവുമായ വിശുദ്ധ പത്രോസ് ശ്ലീഹായുടെ നേതൃത്വത്തിലെ അപ്പസ്തോലിക കൂട്ടായ്മയാണ് ദൈവരാജ്യ പൂർണതയിലേക്കുള്ള സുവിശേഷവിളി എന്നത് തിരിച്ചറിഞ്ഞ് പരിശുദ്ധാത്മ പ്രേരിതരായി ധന്യൻ മാർ ഇവനിയോസ് പിതാവിന്റെ നേതൃത്വത്തിൽ ശ്രേഷ്ഠനായ കിളിലേത്ത് ചാക്കോച്ചൻ ഉൾപ്പെടെയുള്ളവർ ആദ്യമ സഭ കൂട്ടായ്മ അനുഭവത്തിലേക്ക് കടന്നുവന്നതിന്റെ നൂറാം വാർഷികം ആഘോഷിക്കുവാനുള്ള ഒരുക്കത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. ഒരിടയനും ഒരു തൊഴുത്തും എന്ന സുവിശേഷ വിളിയിലേക്ക് പരിശുദ്ധാത്മ പ്രേരിതരായി പ്രവർത്തിക്കുവാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തിരിക്കുന്ന വിശ്വാസ സമൂഹമാണ് മലങ്കര സുറിയാനി കത്തോലിക്കർ.



ആഗോള കത്തോലിക്കാ സഭ മലങ്കര കത്തോലിക്കാ സഭ മക്കളുടെ പുനരൈക്യം എന്ന ആഹ്വാനത്തിനും പ്രവർത്തനത്തിനും ഏറെ താല്പര്യത്തോടുകൂടി പിന്തുണ നൽകുന്നത് നമ്മെ പരിശുദ്ധാത്മാവിൽ ജ്വലിപ്പിക്കുന്നുണ്ടല്ലോ. നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലിമീസ് കാതോലിക്ക ബാവതീരുമനസിനു കർദ്ദിനാൾ പദവി നൽകി നമ്മുടെ സഭയെ ബഹുമാനിച്ചു.

സ്വയം ഭരണ സ്വാതന്ത്ര്യമുള്ള അപ്പസ്തോലിക സഭയായി കത്തോലിക്കാ സഭയിലെ 24 വ്യക്തിഗത സഭാ കൂട്ടായ്മയിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ സമൂഹം എന്ന നിലയിൽ കൂട്ടിച്ചേർത്ത് നിർത്തി. മറ്റു ജനതകളുടെയും രാജ്യങ്ങളുടെയും സംവിധാനങ്ങളിൽ ആഗോള കത്തോലിക്കാ സഭയുടെ തലവൻ പരിശുദ്ധ ഫ്രാൻസ്സിസ്

മാർപാപ്പായെ പ്രതിനിധാനം ചെയ്യുവാൻ മലങ്കര സഭയുടെ മകൻ അഭിവന്ദ്യ ജോർജ് പാണംതുണ്ടിൽ പിതാവിനെ കസാക്കിസ്ഥാന്റ് അപ്പസ്തോലിക് നുൺഷ്യോ ആയി തിരഞ്ഞെടുത്ത് സഭയെ ആദരിച്ചു. നമ്മുടെ സഭയുടെ എത്യോപ്യൻ മിഷൻ പ്രവർത്തനങ്ങളെയും പുനരൈക്യ പ്രവർത്തനങ്ങളെയും കണ്ടറിഞ്ഞ് നമ്മുടെ ബഥനി സന്യാസിനി സമൂഹങ്ങളോടുള്ള ആദരസൂചകമായി ചരിത്രത്തിലാദ്യമായി പരിശുദ്ധ മാർപാപ്പ നേരിട്ട് സാമ്പത്തിക



പിന്തുണ നൽകി അവരെ ആദരിച്ചു. ഇങ്ങനെ പലതരത്തിലും വിശേഷപ്പെട്ട ദൈവീക അനുഗ്രഹത്തിൽ ആഗോള സഭയിലെ പുനരൈക്യത്തിന്റെ നൂറാം വാർഷിക ആഘോഷത്തിലേക്ക് നാം വ്യക്തികളായി, സഭയായി ഒരുക്കത്തോടെ മുന്നോട്ട് പോവുകയാണ്.

പുനരൈക്യ മികവാർന്ന സാക്ഷ്യത്തിന്റെ നൂറാം വാർഷികാചരണം 2030-ൽ നടക്കുന്നതിന് സഭ ഒന്നാകെ ഒരുക്കപ്പെടുന്നതിന് ഏഴ് വർഷാചരണങ്ങൾ സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

1: വചനവർഷം (Year of the word of God)
2024 sep. 20 2025 **sep.** 19

2. കൂദാശ വർഷം **(Year of Sacrament)**
**2025 Sep 20- 2026 Sep 19**

3. ഉപവി വർഷം **(Year of Charity)**
2026 Sep 20 - 2027 Sep 19

4. കുടുംബ വർഷം (Year of family)
**2027 Sep 20- 2028 Sep 19**

5. പ്രേഷിത/ ദൈവവിളി വർഷം
(Year of Mission & Vocation)
2028 Sep 20- 2029 Sep 19

6. ബാല/യുവജന സമർപ്പണ വർഷം
**(Commitment Year of Children &Youth)**
**2029 Sep 20- 2030 Sep 19 .**

7. ശതാബ്ദി വർഷം (Year of Centenary)

മലങ്കര കാത്തലിക് അസോസിയേഷൻ (**MCA**) സഭയുടെ മൊത്തമായ ഒരുക്കത്തോട് കൂടി പ്രത്യേകമായി 2030 ശതാബ്ദി വർഷം നമ്മുടെ സഭയിലെ എല്ലാ കുടുംബങ്ങളും കൃപ നിറയുന്ന കുടുംബങ്ങളാക്കി മാറ്റപ്പെടണമെന്ന് ആഗ്രഹിക്കുകയാണ്. ആ ആശയം മുന്നോട്ടുവച്ച് നമ്മുക്ക് പ്രവർത്തിക്കാം. ധന്യൻ മാർ ഇവനിയോസ് പിതാവിന്റെ ഓരോ ജീവിതഘട്ടത്തിലും പരിശുദ്ധാത്മ പ്രേരിതനായി മുന്നോട്ടു നയിക്കപ്പെട്ടു എന്നുള്ളത് നമ്മുക്ക് വ്യക്തമാണ്. ഓരോ അൽമായനും പരിശുദ്ധാത്മ പ്രേരിതരായി മുൻപോട്ട് നയിക്കപ്പെടട്ടെയെന്ന് എം.സി.എ ആശംസിക്കുന്നു. 2030 പുനരൈക്യപ്രസ്ഥാനത്തിന്റെ നൂറാം വാർഷികം സഭയുടെ മക്കൾക്കും സമൂഹത്തിനും ലഭിച്ച അത്ഭുതങ്ങളുടെ ആഘോഷമാക്കാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മണിവിളക്ക് ഇ-മാഗസീന്റെ അണിയറ പ്രവർത്തകർ തങ്ങളുടെ തിരക്കിട്ട ജീവിത സാഹചര്യത്തിൽ നിന്നും തങ്ങളുടെ കഴിവും സമയവും സഭാകാര്യങ്ങൾക്കായി ചിലവഴിക്കുന്നത് വ്യക്തമായി മനസ്സിലാക്കുന്നു.
അഭിനന്ദനങ്ങളും ആശംസകളും നേരുന്നു

# മദ്റോശോ

ܡܕܪܫܐ



**2024 സെപ്റ്റംബർ 1**
**തേജസ്കരണശേഷം നാലാം ഞായർ**
**എട്ടുനോമ്പാരംഭം.**
**മർക്കോ 10:35–45**

അധികാരം നമ്മളെ വഷളാക്കാം. എന്നാൽ അധികാര സ്ഥാനങ്ങൾ വേണ്ടെന്നു വയ്ക്കാൻ സാദ്ധ്യവുമല്ല. കാരണം ഏതൊരു സമൂഹത്തിനും അതിന്റെ സുസ്ഥിതിക്കും ഏകോപനത്തിനും ഉത്തരവാദിത്വം ഏറ്റെടുക്കാൻ ചുമതലയുള്ളവർ അത്യന്താപേക്ഷിതവുമാണ്. യേശു ക്രിസ്തു വിഭാവനം ചെയ്ത ക്രിസ്തീയ സമുഹത്തിനും നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ കഴിവും മനസ്സും ഉള്ള വ്യക്തികൾ വേണം. അധികാരത്തോടൊപ്പം കടന്നുവരാവുന്ന തിന്മകളെ ഇല്ലാതാക്കുകയും വേണം. മനുഷ്യസമൂഹങ്ങളുടെ ഒക്കെ ശാപമാണ് സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള മത്സരം. രാഷ്ട്രീയ പാർട്ടികൾ ചെറുകഷണങ്ങളായി വിഭജിക്കപ്പെടുന്നതും കർത്താവിന്റെ തിരുസഭ തന്നെയും ഛിന്നഭിന്നമായി പോയതിന്റെ കാരണവും 'ആരെടാ വലിയവൻ' എന്ന ഭാവത്തിന്റെ ദുരന്തഫലമാണല്ലോ. സഭയിൽ ആദ്യമായുണ്ടായ വലിയ പിളർപ്പിന്റെ കാരണം നോക്കുക. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനത്തിനായി കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് ശഠിച്ചു.
മാർപാപ്പാ അതിന് വഴങ്ങാതിരുന്നതിനാൽ പരസ്പരം വഴക്കായി. അവർ പരസ്പരം സഭയിൽ നിന്ന് പുറംതള്ളി. ക്രിസ്തുവിനോടുള്ള സ്നേഹമോ പരിശുദ്ധാത്മാവിലുള്ള സംസ്സർഗ്ഗമോ നിലനിർത്താൻ ഇത്തരം പ്രവൃത്തികൾ സഹായകമാകുമോ? രാഷ്ട്രീയത്തിലും സഭാധികാരികളിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഈ പ്രശ്നം. അഹങ്കാരവും വലിയഭാവവും ഓരോ മനുഷ്യന്റെയും ജന്മവാസനയാണെന്നു പറയാം. ഭവനങ്ങളിലും ഇടവകകളിലും എന്നു വേണ്ട മനുഷ്യർ സംഘടിക്കുന്ന ഇടങ്ങളിലൊക്കെ സ്ഥാനമാനങ്ങളെ ചൊല്ലിയുള്ള കലഹങ്ങളും കണ്ടുവരുന്നുണ്ട്.

അധികാരവും അധികാരസ്ഥാനങ്ങളും അത്യാവശ്യമുള്ളതാണെങ്കിലും അധികാരഭ്രമത്വം ആപത്താണ്. ആധിപത്യവും അധികാരവും ദൈവീകമാണെന്ന് സമ്മതിക്കാൻ മനസ്സില്ലാത്തവർ മറ്റു മാർഗ്ഗങ്ങളിലൂടെ അതു കരസ്ഥമാക്കാൻ പരിശ്രമിക്കുക തന്നെ ചെയ്യും. ലോകചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ഏതു വിധേനയും അധികാരം കരസ്ഥമാക്കണമെന്ന് കരുതി എണ്ണമറ്റ മനുഷ്യജീവൻ കുരുതികൊടുത്തുകൊണ്ട് മനു

ഷ്യർ പടവെട്ടിയതിന്റെ ചരിത്രം അഭിമാനത്തോടെ ഉയർത്തിക്കാട്ടുന്നവരാണ് ലോകരാഷ്ട്രങ്ങൾ എല്ലാംത്തന്നെ. പക്ഷെ കർത്താവിന്റെ രാജ്യത്തിന്റെ വ്യവസ്ഥകൾ തികച്ചും വ്യത്യസ്ഥമാണ്. സ്വന്തം സുഖത്തിനും സുരക്ഷക്കും വേണ്ടി മറ്റുള്ളവരെ ബലി കഴിക്കുന്നതല്ല സ്വർഗ്ഗരാജ്യത്തിന്റെ രീതി. മറ്റുള്ളവരുടെ നന്മയെ കരുതി സ്വയം ബലിയായി സമർപ്പിക്കുകയാണ് വേണ്ടതെന്ന് യേശു സ്വജീവിത മാതൃക വഴി നമ്മെ പഠിപ്പിക്കുന്നു. 'വിജാതിയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെ മേൽ അധികാരം പ്രയോഗിക്കുന്നു എന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെ ആകരുത്' (10:42). വെറുതെയല്ല ക്രിസ്തുവിന്റെ ഉപദേശത്തിന് പുതിയനിയമം എന്ന പേര് ലഭിച്ചത്. അവിടുത്തെ നിർദ്ദേശങ്ങളിലെല്ലാം ഈ പുതുമയും തനിമയും കണ്ടെത്താൻ കഴിയും.

യേശുവിനോടൊപ്പം നടന്ന ശിഷ്യന്മാർക്ക് ഒരു കാര്യം മനസ്സിലായി. അവിടുന്ന് ഒരു സാമ്രാജ്യം സ്ഥാപിക്കുക തന്നെ ചെയ്യും. അതിനുള്ള ഒരുക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് എങ്ങനെയുള്ള രാജ്യം ആയിരിക്കുമെന്ന് വ്യക്തമല്ലെങ്കിലും അതിന്റെ പ്രധാനമന്ത്രിയും ഉപപ്രധാനമന്ത്രിയും ആയിരിക്കേണ്ടത് സെബദിപുത്രന്മാരായ ഈ യാക്കോബും യോഹന്നാനും ആയിരിക്കണമെന്ന് അവർക്ക് നിർബ്ബന്ധമുണ്ട്. വേറെയും സ്ഥാനങ്ങൾ ഉണ്ടാകുമല്ലോ. അവിടെ പത്രോസിനെയും അന്ത്രയോസിനെയും ഒക്കെ നിയമിക്കാമല്ലോ. അധികാരസ്ഥാനങ്ങളിൽ എത്തി ചേരാനും അത് കൈവിട്ടുപോകാതെ നിലനിർത്താനും മനുഷ്യർ കാണിക്കുന്ന ചാണക്യസൂത്രങ്ങളുടെ ഏറ്റം ലളിതമായ അഭ്യാസമാണ് നാം ഇവിടെ കാണുന്നത്. മന്ത്രിമാരാകാനും അധികാരത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ എത്തിപ്പെടാനും ശ്രമിക്കുന്നവർ പൊതു ജനങ്ങളുടെയും രാജ്യത്തിന്റെയും നന്മ തന്നെയാണോ ലക്ഷ്യമാക്കുന്നതെന്ന സംശയം ബാക്കിനിൽക്കുന്നു.

'മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ' (10:45). മിശിഹാരഹസ്യത്തിന്റെ സവിശേഷതകളെല്ലാം ഈ കൊച്ചു വാചകത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. 'ത്യാഗം എന്നതേ നേട്ടം താഴ്മ താൻ അഭ്യുന്നതി' എന്നൊരു ചൊല്ലുണ്ടല്ലോ. ക്രിസ്തുദേവൻ സർവ്വ നന്മ സ്വരൂപിയാണെങ്കിലും പ്രത്യേകം എടുത്ത് പറയേണ്ടത് അവിടുത്തെ പരിത്യാഗശീലവും വിനീതഭാവവും തന്നെയാണ്. ഒരാൾ ശരിക്കും ക്രിസ്തുശിഷ്യനാണോ എന്നറിയണമെങ്കിൽ ഈ രണ്ടു പുണ്യങ്ങൾ കാത്തു സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ചാൽ മതി. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്ന് കുമാരനാശാൻ പറഞ്ഞതെത്ര വാസ്തവം.

തന്നാൽ കരേറ്റേണ്ടുവരെത്ര പോരാ താഴത്തു
പാഴ്ചേറ്റിലമർന്നിരിക്കെ തനിക്കുതാൻ ബ്രഹ്മപ
ദം കൊതിക്കും തപോനിധിക്കെത്തൊരു ചാരി
താർത്ഥ്യം!

**'നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം; നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരക്കേണം' (10:43).**

ഞാൻ ആരുടെയും ദാസനോ ദാസിയോ അല്ല എന്ന് ഉറക്കെ പറയാൻ മടിയില്ലാത്തവരാണ് ഇന്നത്തെ മനുഷ്യർ. അടിമ മനോഭാവം വെച്ചുപുലർത്തുന്നവർക്ക് ഈ ലോകത്തിൽ വലിയ മേൽഗതി പ്രതീക്ഷിക്കുകയും വേണ്ട. വക്രത നിറഞ്ഞ ഈ പാപലോകത്തിൽ മറ്റുള്ളവരെ എത്രമാത്രം ചുഷണം ചെയ്യാനും വഞ്ചിക്കാനും കഴിയുമെന്ന് ആലോചിക്കുന്നവരാണേറെയും. അതുകൊണ്ടു തന്നെ ഒരു ക്രിസ്തുശിഷ്യനാകുക എന്നത് തികച്ചും രക്തസാക്ഷിത്വം തന്നെയാണ്. ഇക്കാര്യം ക്രിസ്തുവിനറിയാം. അതു കൊണ്ട് തന്നെയാണ് ക്രിസ്തു ചോദിച്ചത്: 'ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ, ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്ക് കഴിയുമോ?' എന്ന് (10:38).

യാതൊരു ക്ലേശവും നഷ്ടവും സഹിക്കാതെ പാട്ടുംപാടി ഉല്ലസിച്ച്, ലോകത്തിന്റെ എല്ലാ ഇമ്പങ്ങളും ആസ്വദിച്ച് ആർഭാടമായി ജീവിക്കുമ്പോഴും തങ്ങൾ ക്രിസ്തുശിഷ്യരാണെന്ന് അഭിമാനിച്ച് നടക്കുന്നവർ നരകത്തീയിൽ യാതന അനുഭവിക്കുന്ന ധനവാന്റെ കഥ (ലൂക്കോ. 16:19-31) ദിവസത്തിൽ ഒരു നേരമെങ്കിലും ഓർക്കുന്നത് നല്ലതാണ്.




**2014 സെപ്റ്റംബർ 8**
**തേജസ്കരണശേഷം അഞ്ചാം ഞായർ**
**വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ, എട്ടുനോമ്പ് വീടൽ**
**(ലൂക്കോ. 18:18–30)**

**നിത്യജീവൻ അവകാശപ്പെടുത്താൻ ഞാൻ എന്ത് ചെയ്യണം?**

ഈ ചോദ്യത്തിലെ ഓരോ വാക്കും ആശയസമ്പന്നവും അതുകൊണ്ട് തന്നെ വിശദമായ പഠനം ആവശ്യപ്പെടുന്നതുമാണ്. നിത്യജീവനെക്കുറിച്ചു തന്നെ ആദ്യം പരിഗണിക്കാം. മനുഷ്യന്റെ അറിവിന്റെ മേഖല ദിനംപ്രതി വികസിച്ചുകൊണ്ടിരിക്കുന്നതെങ്കിലും ഇക്കാര്യത്തിൽ നാം ഏറെ ഒന്നും പുരോഗമിച്ചിട്ടില്ല എന്ന് സമ്മതിക്കേണ്ടി വരും. നമ്മുടെ സൂക്ഷ്മതയും കരുതലും എത്രയുണ്ടെങ്കിലും ഒരു നുറുവർഷത്തിന് അപ്പുറം കടക്കുവാൻ ഭാഗ്യമുള്ളവർ അപൂർവ്വങ്ങളിൽ അപൂർവ്വമായേ കാണൂ. അതിനാൽ തന്നെ നിത്യജീവൻ എന്നു പറയുമ്പോൾ സന്തതി പരമ്പരകൾ വഴിയുള്ള ജീവിതതുടർച്ചയായിട്ടോ ഓർമ്മകളുടെ ലോകത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടോ ലഭിക്കുന്ന നിത്യായുസിനെക്കുറിച്ചോ ഓർത്ത് സമാധാനിക്കാനേ നമുക്ക് സാധിച്ചിട്ടുള്ളൂ. മരിച്ചുപോയവർ തിരിച്ചു വന്ന് പരലോകത്തെ വിശേഷങ്ങളൊന്നും നമ്മെ അറിയിക്കാത്തതുകൊണ്ട് മനുഷ്യന്റെ ശാസ്ത്ര സാങ്കേതികമായ അറിവുകളും കഴിവുകളും കൊണ്ട് ഈ രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുമില്ല. എങ്കിലും മരണത്തോടെ എല്ലാം അവസാനിക്കുന്നില്ലാ എന്ന് ആരെങ്കിലും നമ്മോടു പറഞ്ഞാൽ, അത് ശരിയല്ലായെന്ന് നമ്മുടെ അന്തരംഗം നമ്മോട് മന്ത്രിക്കുന്നു. അങ്ങനെയാണ് നാം അദ്ധ്യാത്മിക മേഖലയിലേക്ക് സഞ്ചരിക്കാൻ ഒരുങ്ങുന്നത്. മരണമാകുന്ന ഇരുളടഞ്ഞ ഗുഹയിലേക്ക് വിശ്വാസത്തിന്റെ പ്രകാശം പ്രസരിപ്പിക്കുന്നതോടെ കണ്ണ് കണ്ടിട്ടില്ലാത്തതും മനുഷ്യസങ്കൽപ്പങ്ങൾക്ക് അതീതവുമായ നിത്യതയുടെ അനന്ത വിശാലമായ ലോകം നമുക്ക് മുമ്പിൽ തുറന്ന് വരുന്നു.

നമ്മുടെ ആരംഭം മാതാപിതാക്കന്മാരിൽ നിന്നു മാത്രമാണെന്ന് ഉറപ്പിച്ചാൽ നമ്മുടെ അവസാനം കബറിങ്കലായിരിക്കും. അതല്ല നാം നിത്യനന്മയായ ദൈവപിതാവിൽ നിന്നാണ് പിറന്നതെന്ന് തിരിച്ചറിയുന്നവർക്ക് നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കാൻ കഴിയും. ദാനിയേൽ പ്രവചനം 12:2-ൽ നാം ഇപ്രകാരം വായിക്കുന്നു. 'ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും ചിലർ ലജ്ജക്കും നിത്യനിന്ദക്കുമായും': 'അനേകരെ നീതിയിലേക്ക് തിരിക്കുന്നവൻ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും' (ദാനി. 12:3). വിശ്വസിക്കാനുള്ള മനുഷ്യന്റെ കഴിവ് പരമാവധി പ്രയോഗിക്കാൻ സാദ്ധ്യതയുള്ള ഒരു മേഖലതന്നെയാണ്. നിത്യജീവന്റേത്. നാം എത്ര ശ്രമിച്ചാലും കുറെ അവ്യക്തതകൾ ബാ

ക്കി നിൽക്കുക തന്നെ ചെയ്യും. അമ്മയുടെ ഉദര ത്തിൽ 9 മാസം വളർച്ച പ്രാ
പിക്കുന്ന ശിശുവിന് താൻ പിറക്കാൻ പോകുന്ന ലോകത്തെ കുറിച്ച് എന്ത് ചിത്രമാണോ സങ്ക ല്പിക്കാൻ കഴിയുക, അതേപോലൊരു ധാരണ യേ മരണാന്തര ലോകത്തെക്കുറിച്ച് നമുക്കും ഇപ്പോൾ കാണാൻ കഴിയൂ. എങ്കിലും ഈ ലോ കജീവിതകാലം നിത്യസൗഭാഗ്യത്തെ പ്രാപിക്കാ നുള്ള ഒരുക്കത്തിന്റെ കാലമാണെന്ന് ബോദ്ധ്യ മുള്ളവർ ഇന്നു തന്നെ നിത്യതയുടെ ആനന്ദം അനുഭവിച്ച് തുടങ്ങും (ലൂക്കോ. 18:30)

പിതാവിന്റെ സമ്പത്ത് മക്കൾക്ക് അവകാശമാ യി ലഭിക്കുന്നത് അവർ എത്ര അദ്ധ്വാനിച്ചിട്ടുണ്ട് എന്ന് നോക്കിയല്ല. ജീവിതകാലം മുഴുവൻ പി താവിനോടൊത്ത് കഠിനാദ്ധ്വാനം ചെയ്ത മൂത്ത പുത്രനും സ്വത്തവകാശം ലഭിക്കുന്നത് അവർ മക്കളായതു കൊണ്ടാണ്. അബ്രഹാം പിതാവി ന് ദൈവം വാഗ്ദാനം നൽകിയ കനാൻനാട് ഇസ്രായേലിന് അവകാശമായി വീതിച്ചു കിട്ടി. അത് അവരുടെ അദ്ധ്വാനഫലമായി പിടിച്ചട ക്കിയതാണെന്ന് യാതൊരു അവകാശവാദവും ഉയർത്തുവാൻ കഴിയില്ല. കർത്താവിനോട് വി ശ്വസ്ഥത പുലർത്താൻ മടിച്ചവരെല്ലാം മരുഭൂമി യിൽ നശിച്ചുപോയി. നമുക്ക് ദൈവം നൽകിയി രിക്കുന്ന ദൈവമക്കളുടെ സ്ഥാനവും കടമയും കാത്തുസൂക്ഷിച്ചാൽ നാം ദൈവരാജ്യത്തിന് അവകാശികളായിക്കൊള്ളും.

'ഞാൻ' എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ഒരു അധികാരിയെക്കുറിച്ചാണ്. എല്ലാവർക്കും ഒരുപോലെ ഫലിക്കുന്ന ഒറ്റമൂലിയായിട്ടല്ല, ഓ രോ വ്യക്തിക്കും ലഭിച്ചിട്ടുള്ള അവസ്ഥക്കും ദൈവവിളിക്കും ചേർന്ന വിധം ദൈവഹിതം നിറ വേറ്റപ്പെടണം. ഭരണാധികാരിയുടെ കർത്തവ്യമ ല്ലല്ലോ ഭരിക്കപ്പെടുന്നവർക്കുള്ളത്. "നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവി തം നയിക്കുവിൻ' (എഫെ. 4:1).

'എന്ത് ചെയ്യണം'? എന്ന ചോദ്യവും പരിശോധിക്കപ്പെടണം. 'ബലികളിൽ അങ്ങ് പ്രസാദിക്കുന്നില്ല;

ഞാൻ ദഹന ബലി അർപ്പിച്ചാൽ അങ്ങ് സന്തുഷ്ടനാവുകയുമില്ല' (സ ങ്കീ. 51:16).

കർത്താവിന്റെ നിയമങ്ങൾ വള്ളിപുള്ളി തെറ്റാതെ അനുഷ്ഠിച്ചാൽ എല്ലാമായി എന്നു കരുതിയിരുന്ന യഹൂദന്മാരോട് യേശു പറയുന്നു. നിങ്ങൾക്ക് ഒരു കുറവുണ്ട് (18:22). ഈശ്വരഭക്തിയും ദ്രവ്യാഗ്രഹ വും യോജിപ്പിച്ചുകൊണ്ടു പോകാൻ കഠിനമായി യത്നിക്കുന്ന ആധുനിക മനുഷ്യന് തീരെ സ്വീ കാര്യമല്ലാത്ത ഒരു നിർദ്ദേശമാണ് യേശു ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് 'നിനക്കുള്ളതെല്ലാം വി റ്റ് ദരിദ്രർക്ക് കൊടുത്തിട്ട് വന്ന് എന്നെ അനുഗമി ക്കുക", അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപ ം ഉണ്ടാകും. നിന്റെ നിക്ഷേപം എവിടെയോ, അവിടെ ആയിരിക്കും നിന്റെ ഹൃദയവും. അവി ടെതന്നെ നീ എത്തിചേരുകയും ചെയ്യും. രണ്ട് യജമാനന്മാരേ സേവിപ്പാൻ ആർക്കും സാദ്ധ്യമല്ല. ജീവന്റെ വചനമാകുന്ന വിത്ത്, മുൾച്ചെടികൾക്കി ടയിൽ വീണു ഞെരുക്കി നശിച്ചുപോയതെങ്ങനെ യെന്ന് നാം ഇവിടെ കാണുന്നു (ലൂക്കോ. 8:14). സമ്പത്തിനെ ഐശ്വര്യമായും ഈശ്വരനായും കാ ണുന്നവർ, ആ ഈശ്വര സേവക്കായി ദൈവം ദാ നമായി നൽകിയിരിക്കുന്ന ജീവനും, സമയവും, ആരോഗ്യവും മറ്റ് കഴിവുകളും അടിയറവയ്ക്കു കയാണ് ചെയ്യുന്നത്. പ്രകൃതിയെ മലിനമാക്കുന്ന തും പ്രകൃതി വിഭവങ്ങൾ
ചൂഷണം ചെയ്തില്ലാതാക്കുന്നതും അധോ ലോക പ്രവർത്തനങ്ങളും സകലവിധ അക്രമങ്ങളും തട്ടിപ്പുകളും മനു ഷ്യൻ നടത്തുന്നത് എന്തിനായിട്ടാ ണെന്ന് ചിന്തിച്ചുനോക്കുക. പെരുവെള്ളത്തിന്റെ ചുഴി യിൽ താണു പോകുന്ന തന്റെ പ്രിയപ്പെട്ടവനെ രക്ഷിക്കാൻ



യാതൊരു മാർഗ്ഗവും കാണാതെ നിസഹായനായി നിൽക്കുന്നവന്റെ ദൗത്യമാണപ്പോൾ യേശുവിനുണ്ടായത്. ഇവിടെ ചോദ്യകർത്താവും ഉത്തരം നൽകിയ കർത്താവും ഒരുപോലെ വിഷാദിച്ച് നിന്നുപോയി. 'പരുന്ത്' എന്ന മമ്മൂട്ടി ചിത്രം പറയാൻ ശ്രമിക്കുന്നത് ഈ ആശയം തന്നെ. ദ്രവ്യത്തിലല്ല. സ്നേഹത്തിലും, കരുണയിലും, കരുതലിലും, വാത്സല്യത്തിലും, വിശ്വസ്ത യിലും, എളിമയിലും സമ്പന്നരാകുകയാണാവശ്യം.



## 2014 സെപ്റ്റംബർ 15
## സ്ലീബാപ്പെരുന്നാളിനു ശേഷം ഒന്നാം ഞായർ
## (മർ. 13:24-31)

യുഗാന്ത്യത്തെ സംബന്ധിച്ച് ക്രിസ്തു ശിഷ്യർക്ക് ഒന്നേ ചെയ്യാനുള്ളൂ. ജാഗരൂകരായിരിക്കുക; കരുതലോടെ ഇരിക്കുക; സദാ സന്നദ്ധരായിരിക്കുക; ദുർഘട സന്ധികളുണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചു എന്ന് കരുതി നഷ്ടധൈര്യരായി തീരാതിരിക്കാൻ വേണ്ടിയാണ് യേശുതന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുന്നത്.

വെളിപാടിന് തനതായ ഒരു ശൈലി വിശേഷം രൂപപ്പെട്ടത് ബി.സി. 200-നും സിഇ. 135-നും ഇടയിലാണെന്ന് പറയാം. ആ പ്രത്യേക സാഹിത്യരൂപത്തിൽ വിരചിതമായ ഓരോ ഗ്രന്ഥങ്ങൾ പുതിയ നിയമത്തിലും പഴയ നിയമത്തിലും സ്ഥാനം പിടിച്ചിരിക്കുന്നു; വെളിപാടും ദാനിയേലും. ക്രിസ്തുവിന്റെ പിറവിയോടെ ഒരു പുതുയുഗം ആരംഭിക്കുകയുണ്ടായി. അതോടെ പഴയ യുഗത്തിന്റെ അന്ത്യം കുറിക്കപ്പെടുകയും ചെയ്തു. ലോകചരിത്രം നാമിന്ന് നോക്കിക്കാണുന്നതു തന്നെ ക്രിസ്തുവിന് മുമ്പുള്ള കാലമെന്നും ക്രിസ്തുവിന് ശേഷമുള്ള കാലമെന്നുമാണല്ലോ അതായത് യേ

ശുക്രിസ്തു യുഗാന്ത്യത്തെ കുറിച്ച് സംസാരിക്കുന്നത് തന്നെ അപ്രകാരമുള്ള ഒരു യുഗസംക്രമവേളയിൽ നിന്നുകൊണ്ടാണ്. വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന അന്ത്യത്തെക്കുറിച്ചും അനർത്ഥങ്ങളെക്കുറിച്ചും മാത്രമല്ല, എപ്പോൾ വേണമെങ്കിലും ഉണ്ടാകാനിടയുള്ളതും ഓരോ നിമിഷവും സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ അപ്രതിരോധ്യമായ ഓരോ സംഭവത്തെയും ഉൾചേർത്തു കൊണ്ടുള്ളതും തികച്ചും വസ്തുനിഷ്ഠവുമായ വിവരണം തന്നെയാണ് ബൈബിൾ നൽകുന്നത്. 'ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നു പോവുകയില്ല' (മർ. 13:30). എന്നു പറഞ്ഞാൽ സമാനമായ ദുർഘട സന്ധികൾ തരണം ചെയ്യാതെ ഒരു തലമുറക്കും രക്ഷപെടാൻ സാദ്ധ്യമല്ല. യുഗാന്ത്യം എന്നു പറയുമ്പോൾ ലോകാന്ത്യം എന്ന് ചിന്തിക്കേണ്ടതില്ല. അങ്ങനെ ഒരു സാദ്ധ്യത തള്ളിക്കളയാവുന്നതല്ലെങ്കിലും. ഓരോ വ്യക്തികളെയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് വിശാലമായ വിശ്വത്തിന്റെ അത്രയും സങ്കീർണ്ണതകളോടും ഉദ്ദേശ ലക്ഷ്യങ്ങളോടും കൂടി തന്നെയാണ്. യുഗ പ്രഭാവന്മാരാകാൻ ദൈവം നിർമ്മിച്ച ഓരോ വ്യക്തികളുടെയും അന്ത്യം യുഗാന്തം തന്നെയാണല്ലോ.

അതിശയോക്തിപരമായ വിവരണങ്ങളാൽ നമ്മെ ഭ്രമിപ്പിക്കാനായി സുവിശേഷകന്മാർ ശ്രമിച്ചിട്ടില്ല. പ്രകൃതി ദുരന്തത്തിൽപെട്ടോ അല്ലാതെയോ മരണപ്പെട്ട ഒരാൾ ഈ വിവരണങ്ങൾ വായിക്കാൻ ഇടവന്നാൽ, തങ്ങൾ അനുഭവിച്ചതിന്റെ ഒരംശം മാത്രമേ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് സമ്മതിക്കും. ചുരുക്കത്തിൽ നാം നിൽക്കുന്നതും വീടുപണിയുന്നതും ഈ മണ്ണിലാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുകയാണിവിടെ. ഹെറോദേസിനാൽ നിർമ്മിക്കപ്പെട്ട ജറുസലേം ദൈവാലയം നിലം പരിശാക്കപ്പെട്ടെങ്കിൽ ഭൂമുഖത്തുള്ള മറ്റ് ഏത് നിർമ്മാണവും തകർന്ന് പോയേക്കാം. ഇവിടെ നമുക്ക് ശാശ്വതമായ ഒരു നഗരമില്ല. സുരക്ഷിതരല്ലെന്നുള്ള അവബോധം ഉള്ളവർ സദാ ജാഗ്രതയോടിരിക്കും. എതിർപ്പുകളോ പീഢനങ്ങളോ ഉണ്ടാകുമ്പോഴാണ് ഏതൊരാളിന്റെയും വിശ്വാസം പരിശോധിക്കപ്പെടുന്നത്. അവസാനത്തോളം സഹിച്ചു നിൽക്കുമോ എന്നാണറിയേണ്ടത്.

തിരുസഭയെയും സുവിശേഷത്തെയും എതിർക്കുന്ന ശക്തികളുടെ അന്തിമ പരാജയത്തെക്കുറിച്ചല്ല, അന്ത്യത്തോളം സഹിച്ചു നിൽക്കുന്നവരുടെ വിജയത്തെക്കുറിച്ചുള്ള പ്രത്യാശ പകരുവാനാണ് യുഗാന്ത വിവരണങ്ങളിലൂടെ വിശുദ്ധ മർക്കോസ് ഉദ്ദേശിച്ചിട്ടുള്ളത്. പലപ്പോഴും എതിർപ്പുകളുണ്ടാകുന്നത് സ്വന്തക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും ആയിരിക്കാമെന്നുള്ളതാണ് വിചിത്രമായ കാര്യം (13:12). അപ്പോൾ അവർക്കുണ്ടാകുന്ന ദാരുണമായ അന്ത്യം ആർക്കും സുഖകരമായ വാർത്തയല്ലല്ലോ. ചുരുക്കത്തിൽ എതിരാളികളുടെ പരാജയം കണ്ടുള്ള സംതൃപ്തിയല്ല, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവന്റെ തുറമുഖത്ത് എത്തിയതിന്റെ ആനന്ദമാണ് സുവിശേഷം വാഗ്ദാനം നൽകുന്നത്.

തുടക്കം മുതലെ ക്രിസ്തുവിനും അനുയായികൾക്കും അവരുടെ വിശ്വാസത്തിന് കനത്ത വില നൽകേണ്ടി വന്നിട്ടുണ്ട്. ജീവനിലേക്കുള്ള വഴി ഇടുക്കവും ഞെരുക്കവും ഉള്ളതാണെന്ന് യേശു സ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. ഭരണാധിപന്മാരും മറ്റ് മതവിശ്വാസികളും അവിശ്വാസികളും വലിയ മതപീഢനങ്ങൾക്ക് ക്രൈസ്തവരെ ഇരയാക്കിയിട്ടുണ്ട്. എന്നുവരികിലും ഏറ്റം വലിയ പരുക്ക് സഭാവിശ്വാസികൾക്കുണ്ടായത് പുറമേനിന്നല്ല. കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും സത്യവിശ്വാസത്തിൽ മായം ചേർത്ത് തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും വിശ്വാസികളെ വഴിതെറ്റിച്ച് തങ്ങളുടെ താൽക്കാലിക നേട്ടങ്ങൾക്ക് കരുവായി ഉപയോഗിക്കുകയും ചെയ്യുന്നു എന്നതാണ് ദൈവ രാജ്യത്തിന്റെ മുഖ്യമായ തടസ്സം (13:22). വെള്ളത്തിൽ കലർന്ന പാലിനെ വേർതിരിച്ചെടുത്ത് പാലുമാത്രം പാനം ചെയ്യാൻ കഴിവുള്ള സ്വർഗ്ഗീയ പക്ഷിയാണ് അരയന്നം എന്ന് കവികൾ വർണ്ണിക്കാറുണ്ട്. അത് വെറും ഭാവനയുടെ സങ്കല്പം മാത്രമാകാം. എന്നാൽ സ്വർഗ്ഗീയ മാടപ്രാവായ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സത്യവിശ്വാസത്തെ വേർതിരിച്ചെടുത്ത് ജീവിതത്തിൽ പകർത്തുകയും അതിനായി ജീവൻ സമർപ്പിക്കുകയും ചെയ്യാൻ ഓരോ ക്രിസ്തു ശിഷ്യനും തയ്യാറാകുകയാണ് വേണ്ടത്.



**2024 സെപ്റ്റംബർ 22.**
**സ്ലീബാപ്പെരുന്നാളിനു ശേഷം രണ്ടാം ഞായർ**
**ലൂക്കോ. 16:19–31**

## ധനവാനും ലാസറും

വൈദ്യുതി നമ്മുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകം ആയി മാറിക്കഴിഞ്ഞു. എന്നിരുന്നാലും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ ആപത്താണല്ലോ. സമ്പത്തിന്റെ കാര്യത്തിലും ഇതുതന്നെ പറയാവുന്നതാണ്. അധികമായാൽ അമൃതം വിഷം എന്നൊക്കെ പറയാറുണ്ടെങ്കിലും സമ്പത്തിന്റെ കാര്യത്തിൽ മാത്രം ആരും അത് ഗൗരവമായി എടുക്കാറില്ല. മനുഷ്യൻ ചെയ്യുന്ന തിന്മ പ്രവൃത്തികളിൽ പകുതിയെങ്കിലും സമ്പത്തിന്റെ വിഷയവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണാം.

മറ്റെല്ലാ നല്ല ദാനങ്ങളെയും പോലെ സമ്പത്തും ഐശ്വര്യമാണ്; ഈശ്വരൻ ദാനമാണ്. സമ്പത്തുള്ളവനെ ഈശ്വരനാമം ചേർത്ത് വിശേഷിപ്പിക്കാറുണ്ടല്ലോ. കോടികളുള്ളവനെ കോടീശ്വരൻ എന്ന് പറയുന്നു. അത്രയൊന്നും വേണമെന്നില്ല. വെറും രണ്ട് ചെമ്പുതുട്ടുകൾ ഉള്ള ഒരു വിധവയെപ്പോലും യേശു വിശേഷിപ്പിക്കുന്നത് വലിയ സമ്പന്നരെക്കാൾ ശ്രേഷ്ഠതയുള്ള വ്യക്തിയായിട്ടാണ്. അങ്ങനെ നോക്കുമ്പോൾ സമ്പത്ത് നമ്മുടെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന നന്മയുടെയും ഔദാര്യത്തിന്റെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും എല്ലാ സൽഗുണങ്ങളുടെയും പ്രകടനത്തിനുള്ള ഉപാധിയായി ഈശ്വരൻ നൽകിയിരിക്കുന്നതായി കണക്കാക്കാം. നേരെ മറിച്ച് നമ്മിൽ നിറഞ്ഞിരിക്കുന്നത് ദുഷ്ടതയും വിദ്വേഷവും മറ്റ് തിന്മകളും ആണെങ്കിൽ അത് പ്രകടിപ്പിക്കാനായി സമ്പത്ത് ഉപയോഗിച്ചെന്ന് വരാം. ദൈവീക ദാനമായ സമ്പത്ത് നമ്മെ ദൈവീക സ്വഭാവമുള്ളവരാക്കുന്നതിന് പകരം തിന്മ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നത് കഠിനമായ ശിക്ഷ ക്ഷണിച്ചു വരുത്തുകയാണെന്ന് നാം ഓർക്കണം. വൈദ്യുതിയുടെ ഉദാഹരണം വീണ്ടും നോക്കാം. അതുകൊണ്ട് എത്ര വ്യത്യസ്ഥങ്ങളായ ഫലങ്ങളാണ് ഉണ്ടാകുന്നതെന്ന് നോക്കുക. ചില യന്ത്രസംവിധാനങ്ങളിൽ വൈദ്യുതി കടത്തിവിട്ടാൽ തണുത്ത കാറ്റ് വരും. ചൂടു കാറ്റാണ് വേണ്ടതെങ്കിൽ, പ്രകാശമാണ് വേണ്ടതെങ്കിൽ, അങ്ങനെ വൈവിദ്ധ്യമാർന്ന എന്തെല്ലാം സേവനങ്ങളാണ് അത് നൽകുന്നത്. ജീവൻ പരിപോഷിപ്പിക്കാൻ ഉപയോഗിക്കുന്ന ഇതേ ശക്തി തന്നെ ജീവൻ ഹനിക്കാനും കാരണമാകുന്നില്ലേ? സമ്പത്തിന്റെ കാര്യത്തിലും ഇതൊക്കെത്തന്നെ പറയാമല്ലോ. നമ്മെ നിത്യജീവനിലേക്കും സ്വർഗ്ഗഭാഗ്യത്തിലേക്കും എത്തിക്കുവാനുള്ള ഇന്ധനമായി സമ്പത്തിനെ എങ്ങനെയാണ് ഉപ യോഗിക്കേണ്ട

തെന്നാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്. ഭൗതീക വസ്തുക്കളുടെ എല്ലാം മൂല്യം നിർണ്ണയിക്കുന്നത് പണത്തിന്റെ കണക്കിലാണെ ങ്കിലും പണത്തിന്റെ മൂല്യം നിർണ്ണയിക്കപ്പെ ടുന്നത് നമ്മുടെ ഹൃദയത്തിന്റെ നന്മതിന്മകളെ അടിസ്ഥാനപ്പെടുത്തിയാണ്. 'ദൈവം നമ്മുടെ ഹൃദയങ്ങളെ അറിയുന്നു. മനുഷ്യർക്ക് ഉൽ കൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്' (16:15).

ലൂക്കോ. 6:20-ൽ പറയുന്നു

## 'ദരിദ്രരേ, നിങ്ങൾ ഭാഗ്യ വാന്മാർ; ദൈവരാജ്യം നിങ്ങളുടേതാണ്'.

വീണ്ടും ലൂക്കോ. 6:24-ൽ പറയുന്നു

## 'എന്നാൽ സമ്പന്നരേ നിങ്ങൾക്ക് ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾക്ക് ലഭിച്ചു കഴിഞ്ഞു'

ഈ വാക്യങ്ങളുടെ വിശദീകരണമാണ് ലൂക്കോ. 16-ാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നത്.

രണ്ടോ മൂന്നോ നേർത്ത വരകൾകൊണ്ട് കാല ത്തിന്റെ അന്തരാളങ്ങളിൽ മറഞ്ഞുനിൽക്കുന്ന പുരാണ കഥാപാത്രങ്ങളെ സകല പ്രതാപത്തോ ടും കൂടി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്ന ആർട്ടിസ്റ്റ് നമ്പൂതിരിയെപ്പോലെ വെറും 12 വാ ക്യങ്ങൾ കൊണ്ട് ഭൂമിയും സ്വർഗ്ഗവും നരകവും വീണ്ടും ഭൂമിയും നമ്മുടെ ഭാവനക്ക് മുമ്പിൽ വി രിയിക്കുന്ന അതുല്യ കലാകാരനാണ്, കഥാകാര നാണ് വിശുദ്ധ ലൂക്കോസ്. നമ്മെ സ്വർഗ്ഗത്തിലേ ക്കും നരകത്തിലേക്കും കൂട്ടിക്കൊണ്ടുപോയി അവിടുത്തെ സുഖദുഃഖങ്ങളുടെ ഒരു മുന്നാസ്വാ ദനം തരുമ്പോഴും നാം കാലുറപ്പിച്ചു നിൽക്കുന്ന പച്ചമണ്ണിന്റെ യാഥാർത്ഥ്യം തന്നെയാണ് നമ്മുടെ കർമ്മവേദിയെന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പി ക്കുന്നുമുണ്ട്. മോശയും പ്രവാചകന്മാരും വഴി ദൈവം ഉപദേശിച്ച് തന്ന വചനത്തിന്റെ വഴിക ളിലൂടെ സഞ്ചരിക്കാതെ ആർക്കും നിത്യ സൗഭാ ഗ്യത്തിലെത്തി ചേരുവാൻ കഴിയില്ല എന്ന് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു.

> **'ദൈവം നമ്മുടെ ഹൃദയങ്ങളെ അറിയുന്നു. മനുഷ്യർക്ക് ഉൽകൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്' (ലൂക്കോ 16:15).**

ഈ ഉപമയിലെ നിർദ്ദേശങ്ങളെല്ലാം തന്നെ സമ്പ ന്നരോടുള്ളതാണ്. ധനവാന്മാർ അവരുടെ ധനവും മറ്റ് കഴിവുകളും സ്വന്തം സുഖസൗകര്യങ്ങളും ആഡംഭരങ്ങളും വർദ്ധിപ്പിക്കാനായി വിനിയോ ഗിക്കുന്നത് ദൈവനിന്ദയാണ്. പാപമാണ്. ധനം നമുക്കേല്പിച്ചു തന്ന ദൈവത്തോടുള്ള അവി ശ്വസ്തതയാണ്. മഴമേഘങ്ങൾ തങ്ങൾക്ക് ലഭിച്ച ജലസമ്പത്ത് മലമുകളിൽ ദാഹാർത്തരായി നിൽ ക്കുന്ന വൃക്ഷങ്ങൾക്കും സകലപ്രാണികൾക്കും എത്തിക്കാൻ തിടുക്കം കാട്ടി പാഞ്ഞുപോകുന്നത് നാം കാണാറുണ്ടല്ലോ. പെയ്തിറങ്ങുന്ന ജലകണി കകൾ താഴ്വാരങ്ങളിൽ എത്തി തങ്ങളാൽ ആവും വിധം നിരപ്പും സമത്വവും സൃഷ്ടിക്കുവാൻ പരി ശ്രമിക്കുന്നു. ഏതൊരു സമ്പന്നനും തങ്ങളുടെ സമ്പത്ത് കൈകാര്യം ചെയ്യേണ്ടത് എപ്രകാരമാ യിരിക്കണമെന്ന് ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ധനമെല്ലാം പൊതുവകയാണ്; പൊതുനന്മക്കായി വേണം അത് ചിലവഴിക്കാനും.



**2024 സെപ്റ്റംബർ 29**
**സ്ലീബാപ്പെരുന്നാളിനു ശേഷം III-ാം ഞായർ**
**(മത്താ. 18:21-35)**

## ദീർഘക്ഷമയുടെ ക്രിസ്തീയ പാഠങ്ങൾ

മത്തായിയുടെ സുവിശേഷം 18-ാം അദ്ധ്യായം തുടക്കം മുതൽ വായിച്ചാൽ, തെറ്റുകുറ്റങ്ങളെ എത്ര കർശനമായിട്ട് വേണം നാം കൈകാര്യം ചെയ്യേണ്ടത് എന്ന് മനസ്സിലാക്കാം. പലപ്പോഴും സ്വന്തം തെറ്റുകളെ ന്യായീകരിക്കാനും വിസ്മരിക്കാനും വെറും ബലഹീനത എന്നോ സാഹചര്യത്തിന്റെ സമ്മർദ്ദം എന്നോ പറഞ്ഞ് ലഘൂകരിച്ച് കാണാനുമുള്ള പ്രവണത പരക്കെ കാണാം. പക്ഷെ സുവിശേഷം ഇത് കർശനമായി വിലക്കിയിട്ടുണ്ട് (മത്താ. 18:6-9). മറ്റുള്ളവരുടെ തെറ്റുകൾ കാണാത്ത മട്ടിൽ പോകുന്നതും ശരിയല്ല. തക്കസമയത്ത് വേണ്ട രീതിയിലുള്ള തിരുത്തൽ ചികിത്സ നടത്തേണ്ടതും അത്യാവശ്യമാണ് (മത്താ. 18:15-18). അങ്ങനെയെങ്കിൽ പരിധിവെക്കാതെ ക്ഷമിക്കാനും പൊറുക്കാനും പറയുന്നത് ഏതർത്ഥത്തിലാണെന്ന് ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നു.

മനുഷ്യമനസ്സുകളെ മലിനമാക്കുന്നതും സമൂഹത്തിന്റെ സമാധാനവും നിലനിൽപ്പ് തന്നെയും അപകടത്തിലാക്കുന്നതുമായ വലിയ തിന്മയാണ് പ്രതികാരദാഹം. പ്രതികാരമൂർത്തിയായ ലാമെക്കിനെ കുറിച്ച് ഉല്പത്തി 4:24-ൽ നാമിങ്ങനെ വായിക്കുന്നു. 'കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമേക്കിന്റേത് എഴുപത്തേഴ് ഇരട്ടിയായിരിക്കും'. പ്രതികാര മൂർത്തിയായ ലാമേക്കിന്റെ വിപരീത ധ്രുവത്തിലാണ് ദൈവപുത്രനും അനുയായികളും നിൽക്കുന്നത്. അതുകൊണ്ട് ഏഴുപ്രാവശ്യം ക്ഷമിച്ചാൽ മതിയോ എന്ന പത്രാസിന്റെ ചോദ്യത്തിന് യേശുവിന്റെ മറുപടി: "ഏഴെന്നല്ല, ഏഴ് എഴുപത് പ്രാവശ്യം എന്ന് ഞാൻ നിന്നോട് പറയുന്നു' (മത്താ. 18:22).

യേശുക്രിസ്തു തന്റെ അനുയായികളെക്കൊണ്ട് നിത്യേന അനേക തവണ സത്യപ്രതിജ്ഞ

ചെയ്യിക്കുന്നുണ്ട്. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതു പോലെ ഞങ്ങളോടും പൊറുക്കേണമേ' എന്ന് (മത്താ. 6:12). മാത്രമല്ല 'മനുഷ്യരോട് നിങ്ങൾ ക്ഷമിക്കാഞ്ഞാൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളുടെ പാപങ്ങൾ നിങ്ങളോടും ക്ഷമിക്കുകയില്ല' (മത്താ. 6:14 -15). ഒരേ കാര്യം തന്നെ ഭാവാത്മകമായും നിഷേധാത്മകമായും ആവർത്തിച്ചിരിക്കുന്നത് തന്നെ ഇക്കാര്യത്തിൽ സ്വർഗ്ഗം എത്രത്തോളം പ്രാധാന്യം കൊടുത്തിരിക്കുന്നു എന്നതിന്റെ തെളിവാണല്ലോ.

നമ്മുടെ ഉള്ളിൽ ദൈവരാജ്യം രൂപം കൊണ്ടിട്ടുണ്ടെങ്കിൽ, നാം ദൈവമക്കളാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ ആ ദൈവീക ഭാവം നമ്മുടെ നോക്കിലും വാക്കിലും പ്രതിഫലിക്കാതിരിക്കുമോ? ഏഴുതവണ ക്ഷമിച്ചാൽ മതിയോ എന്ന ചോദ്യം പത്രോസ് ചോദിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ തക്ക വലിപ്പമായിട്ടില്ലെങ്കിലും ഇനിയും വിശാലത വർദ്ധിക്കാൻ കഴിയുന്ന ഒരു ഹൃദയവും മനസ്സും അദ്ദേഹത്തിന്റെ ഉള്ളിലുണ്ട് എന്ന് കാണാം. പല്ലിന് പകരം പല്ല് എന്നല്ല, ഒരു പല്ലിന് പകരം മുപ്പത്തി രണ്ട് പല്ല് എന്നാണല്ലോ മനുഷ്യന്റെ പ്രമാണം. പ്രതികാരമല്ല, പ്രതിയുടെ മാനസാന്തരമാണ് ദൈവരാജ്യം ആഗ്രഹിക്കുന്നത്. കുറ്റക്കാരെ അല്ല, കുറ്റങ്ങളെയാണ് ഉന്മൂലനാശം ചെയ്യേണ്ടത്. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും ആയിരിക്കണമെന്നാണ് ദൈവപിതാവ് ആഗ്രഹിക്കുന്നത്.

നാം ദൈവത്തിന്റെ മക്കളാണെന്നും നമുക്കുള്ളതെല്ലാം ദൈവം നമുക്ക് സൗജന്യ ദാനമായി നൽകിയിട്ടുള്ള വിലമതിക്കാവതല്ലാത്ത സമ്മാനങ്ങളാണെന്നും അവയിൽ ഒന്നുപോലും നാം നമ്മുടെ സാമർത്ഥ്യം കൊണ്ട് നേടിയിട്ടുള്ളതല്ലെന്നും അവയ്ക്കെല്ലാം നാം ദൈവത്തോട് എന്നെന്നും കടപ്പെട്ടിരിക്കുന്നു എന്നുമുള്ള ഓർമ്മയുണ്ടെങ്കിൽ, മറ്റുള്ളവർ എത്രത്തോളം നമ്മോട് കടപ്പെട്ടിരിക്കുന്നുവോ അത്രത്തോളം നാം നമ്മുടെ ദൈവസ്വഭാവമാണ് നില നിർത്തുന്നതെന്ന് അഭിമാനിക്കാം. അതല്ല, പൊതുനിരത്തിൽ അലയുന്ന ഭിക്ഷാടകരേയും അംഗവൈകല്യമുള്ളവരെയും നീ ചെയ്ത ഉപകാരങ്ങളും ഉപചാരങ്ങളും മടക്കിത്തരാൻ കഴിവില്ലാത്തവരെയുമാണ് നിന്റെ വിവാഹവിരുന്നിന് ക്ഷണിക്കേണ്ടതെന്ന് യേശു കല്പിച്ചിരിക്കുന്നത്. ആരെങ്കിലും തന്റെ

മാമ്പഴം ഭക്ഷിച്ച് തൃപ്തി അടയുമ്പോൾ മാവിന്റെ ജന്മം കൃതാർത്ഥമാകുന്നു. അതിന്റെ കണക്ക് സൂക്ഷിച്ചുവച്ച് തിരികെ ചോദിക്കുന്ന കാര്യം അത് ഒരിക്കലും ആഗ്രഹിക്കുന്നില്ല. കാരണം പ്രകൃതിയിൽ കൊടുക്കൽ മാത്രമേയുള്ളൂ. തിരികെ ചോദിക്കുന്നില്ല. കാരണം, കൊടുക്കുന്നതു വഴി നമുക്ക് എന്തെങ്കിലും കുറവുണ്ടാകുന്നെങ്കിൽ അത് നികത്തുവാൻ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് സംവിധാനം ചെയ്തിട്ടുണ്ട്.

സമ്പത്തിനെക്കുറിച്ചുള്ള പരാമർശം വന്നപ്പോൾ വാട്ടർ ലെവൽ നില നിർത്താനുള്ള ജലത്തിന്റെ സ്വാഭാവിക പ്രവണതയാണ് നാം സ്വീകരിക്കേണ്ടത് എന്ന് പറയുകയുണ്ടായി. എന്നാൽ കടപ്പാടുകളുടെ കാര്യത്തിൽ നേരെ മറിച്ചാണ് വേണ്ടത്. നമ്മുടെ സ്നേഹസേവന ശുശ്രൂഷകൾ വഴി എത്ര അധികം കടപ്പാടുകൾ നേടിയെടുക്കാൻ കഴിയുമെന്ന് നോക്കുകയാണ് വേണ്ടത്.

**പരോപകാരമേ പുണ്യം പാപമേ പരപീഠനം**



വിശുദ്ധ മദർ തെരേസായുടെ ഓർമ്മ
1997 സെപ്റ്റംബർ 5



# ബൈബിൾ പ്രതീകങ്ങൾ




**ആബൂൻ എബ്രഹാം മാർ ജൂലിയോസ്**

**(മൂവാറ്റുപുഴ ബിഷപ്പ് എമിരറ്റസ്)**



കഴിഞ്ഞ ലക്കത്തിൽ ആൽഫയും ഒമേഗയും പറ്റിയാണല്ലോ പ്രതിപാദിച്ചത്, ഈ ലക്കത്തിൽ മറ്റ് രണ്ട് ബൈബിൾ പ്രതീകങ്ങളെയാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്.

## 2 ബലിപീഠം (Altar)

ബലിയർപ്പണത്തിന്റെ ഇടമാണ് ബലിപീഠം. ആരാധനാമൂർത്തി യനുസരിച്ച് ബലിപീഠങ്ങളും വ്യത്യാസപ്പെട്ടിരുന്നു. സെമിറ്റിക് പ്രദേശത്തിലെ ബലിപീഠങ്ങളുടെ കൊമ്പുകൾ ദൈവിക ശക്തിയുടെ പ്രതീകമാണ്. ബലിപീഠത്തിന്റെ കൊമ്പുകളിലൊന്നിൽ പിടിക്കുന്നവന് അഭയം തേടുവാനുള്ള അവകാശവും ശത്രുക്കളിൽ നിന്നുള്ള സംരക്ഷണവും ലഭിച്ചിരുന്നു. ദൈവമഹത്വത്തിന്റെ അടയാളമാണ് ബലിപീഠം; ഓരോ ബലി പീഠവും ലോകത്തിന്റെ ഒത്തകേന്ദ്രമോ അച്ചുതണ്ടോ ആണ്. ഇത് സ്വർഗ്ഗത്തെയും ഭൂമിയേയും സ്വർഗ്ഗീയ-ഭൗമിക യാഥാർത്ഥ്യങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഹൈന്ദവ ആചാരത്തിൽ ബലിപീഠനിർമ്മാണം ലോകസൃഷ്ടികർമ്മത്തിന്റെ അനുകരണമാണ് (Cfr. M. Lurker, M., Woerterbuch biblischer Bilder und Symbole, Muenchen, 1978, P. 27).

പെട്ടകത്തിനുള്ളിൽ നിന്ന് പുറത്തിറങ്ങിയ നോഹ പണിത ബലിപീഠമാണ് വി. ഗ്രന്ഥത്തിലെ ആദ്യ ബലിപീഠം (ഉൽപ. 8:20). ഹാബേലിന്റെയും കായേന്റെയും ബലിയർപ്പണത്തിൽ (ഉൽപ. 4:3) ഒരു ബലിപീഠത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നതായിസങ്കൽപ്പിക്കാം. പൂർവ്വപിതാക്കന്മാരുടെ സമയത്ത് ബലിപീഠം ദൈവ-മനുഷ്യ ഉടമ്പടിയുടെ പ്രതീകമായിരുന്നു. അബ്രഹാം ഹാരാൻവിട്ട് കാനാന്യരുടെ നാട്ടിലെത്തിയപ്പോൾ കർത്താവ് അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ഈ നാട് നിന്റെ സന്തതികൾക്ക് ഞാൻ കൊടുക്കും. തനിക്ക് പ്രത്യക്ഷപ്പെട്ട കർത്താവിന് അബ്രാം അവിടെ ഒരു ബലിപീഠം പണിതു" (ഉൽപ. 12:7). ഇവിടെ ബലിപീഠം യാഗാർപ്പണവേദിയല്ല, പിന്നെയോ ദൈവത്തെ കണ്ടുമുട്ടിയതിന്റെ സ്മാരകസ്ഥലമാണ്. അമലേക്യരുമായുള്ള യുദ്ധത്തിനുശേഷം മോശ ഒരു സ്മാരകബലിപീഠം പണിതു. "മോശ അവിടെ ഒരു ബലിപീഠം നിർമ്മിച്ച് അതിന് യാഹ് വെനിസ്സി (കർത്താവ് എന്റെ കൊടി) എന്ന് പേരു നൽകി" (പുറ. 17:5)

പിൽക്കാലത്ത് ബലിപീഠ നിർമ്മാണനിയമങ്ങൾ നാം കാണുന്നുണ്ട്. "കല്ലുകൊണ്ടുള്ള ബലിപീഠമാണ് എനിക്കായി ഉണ്ടാകുന്നതെങ്കിൽ കൊത്തിയ കല്ലുകൊണ്ട് അത് പണിയരുത്. കാര



ണം പണിയായുധം സ്പർശിച്ചാൽ അത് അശുദ്ധമാകും" (പുറ. 20:25). മനുഷ്യകൈപ്പണിയാൽ കല്ലുകൾ അശുദ്ധമാകരുത്. മനുഷ്യകരസ്പർശ മേൽക്കാതെ അത് വിശുദ്ധമായിരിക്കണം. ദൈവവുമായുള്ള ബന്ധത്തിൽ ബലിപീഠം സമ്പൂർണ്ണതയുടെ പ്രതീകമാണ്. "നിന്റെ നാമം ഇസ്രായേൽ എന്നായിരിക്കും എന്ന് കർത്താവ് ആരോട് അരുളിചെയ്തുവോ ആ യാക്കോബിന്റെ പുത്രന്മാരുടെ ഗോത്രസംഖ്യയനുസരിച്ച് അവർ പന്ത്രണ്ട്കല്ലെടുത്തു. ആ കല്ലുകൾകൊണ്ട് അവൻ കർത്താവിന് ഒരു ബലിപീഠം നിർമ്മിച്ചു" (1 രാജ. 18: 31, 32). ബലിപീഠം വിശ്വാസികളെ ഒന്നിപ്പിക്കുകയും ഉച്ചത്തിൽ കൃതജ്ഞതാസ്തോത്രം ആലപിച്ച് പ്രദക്ഷിണം വയ്ക്കുന്ന (സങ്കീ. 26:6) "വിശുദ്ധ മദ്ധ്യം" ആയിത്തീരുന്നു. പുതിയ നിയമത്തിൽ ബലിപീഠത്തെക്കുറിച്ച് ആലങ്കാരികമായി പറഞ്ഞിരിക്കുന്നു. "നമുക്കൊരു ബലിപീഠമുണ്ട്. അതിൽ നിന്നു ഭക്ഷിക്കാൻ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് അവകാശമില്ല" (ഹെബ്ര 13:10). 'കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നവർ' യഹൂദരാണ്. അവർക്ക് ക്രിസ്ത്യാനികളുടെ കുർബ്ബാനയിൽ ഭാഗഭാഗിത്വത്തിനുള്ള അവകാശമില്ല. ബലിപീഠം കൃതജ്ഞതാബലിവിരുന്നിന്റെ മേശയാണ്. "ദൈവവചനത്തെപ്രതിയും തങ്ങളുടെ സാക്ഷ്യത്തെപ്രതിയും വധിക്കപ്പെട്ടവരുടെ ആത്മാക്കളെ ബലിപീഠത്തിന്കീഴിൽ" (വെളി. 6:9) യോഹന്നാൻ കണ്ടു. രക്തസാക്ഷികളുടെ തിരുശ്ശേഷിപ്പുകൾ ബലിപീഠത്തിന് കീഴിൽ സൂക്ഷിക്കുന്ന പതിവ് ഈ വചനത്തെ അധികരിച്ചാകാം ഉണ്ടായത്.

**അന്ത്യോക്യൻ പാരമ്പര്യത്തിൽ ബലിപീഠം പരി. ത്രിത്വത്തിന്റെ സിംഹാസനമാണ്. അതിനാൽ ബലിപീഠത്തെ അൾത്താരയെന്നതിന് പകരം ത്രോണോസ് (സിംഹാസനം) എന്ന് വിളിക്കുന്നു.** കർത്താവ് ഉത്ഥാനം ചെയ്ത്ത കബറായും ത്രോണോസിനെ വണങ്ങുന്നു. ത്രോണോസ് ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് ത്രോണോസ് മേൽത്തരം വിരികൾകൊണ്ട് അലങ്കരിക്കുന്നു. ക്രിസ്തു വിന്റെ പരമയാഗം അർപ്പിക്കപ്പെട്ട കാൽവരിമലയെ ബലിപീഠം സൂചി പ്പിക്കുന്നു. ഈ അർത്ഥം നൽകാൻ ബലിപീഠത്തിൽ മൂന്നു പടികളും ഏറ്റം മുകളിൽ സ്ലീബായും പ്രതിഷ്ഠിച്ചിരിക്കുന്നു.

ചില സഭാപിതാക്കന്മാർ ബലിപീഠത്തിന് രഹസ്യാത്മക-ധാർമ്മിക അർത്ഥം നൽകി വ്യാഖ്യാനിക്കുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽബലിപീഠം ഓരോ വ്യക്തിയുടെയും ഹൃദയമാണ്. അതിന്റെ മദ്ധ്യത്തിൽ ഒരു കെടാവിളക്ക് കത്തികൊണ്ടിരിക്കുന്നു. മിലാനിലെ വിശുദ്ധ അംബ്രോസ് കന്യകമാരെ വി. കുർബ്ബാന പ്രതിഷ്ഠിക്കപ്പെടുന്ന ഉയർന്ന ബലിപീഠമായി ചിത്രീകരിക്കുന്നു. പുണ്യങ്ങൾ ആണ് ആ ബലിപീഠത്തിലേകുള്ള പടികൾ (Cfr. M. Lurker, op.cit. P. 28).

### 3. രക്തം (Blood)

ശരീരത്തിലൂടെ ചംക്രമണം ചെയ്യുന്ന രക്തമാണ് ജീവന്റെ ആധാരമെന്നത് എല്ലാ ജനങ്ങളുടെയിടയിലുള്ള ഒരു പൊതുവിശ്വാസമാണ്. രക്തം ജീവന് തുല്യവും അത് മനുഷ്യനിലെ ദൈവിക അംശവുമാണ്. പുരാതന തുർക്കിയിലെ അത്തിസ് ദേവന്റെ ആരാധനയിൽ ഭക്തൻ കാളയുടെ രക്തത്തിൽ


സ്നാനമേൽക്കുകയും, വീണ്ടും ജനിച്ചതുപോലെ പുതുവീര്യത്തോടെ പുറത്തുവരുകയും ചെയ്തിരുന്നു. ലേവ്യരുടെ പുസ്തകത്തിൽ നാം കാണുന്നു: 'എന്തെന്നാൽ ശരീരം ത്തിന്റെ ജീവൻ രക്തത്തിലാണിരിക്കുന്നത്. അത് ബലിപീഠത്തിൻമേൽ ജീവനുവേണ്ടി പാപപരിഹാരം ചെയ്യാൻ ഞാൻ നൽകിയിരിക്കുന്നു. അതിൽ ജീവനുള്ളതുകൊണ്ട് രക്തമാണ് പാപപരിഹാരം ചെയ്യുന്നത് ' (ലേവ്യർ 17:11). രക്തത്തിന് ജീവന്റെ ശക്തിയുള്ളതി നാൽ, അത് സ്വർഗ്ഗത്തിലേക്ക് വിളിച്ചു കരയും (ഉൽപ. 4:10). അതി
നാൽ കർത്താവ് ഇപ്രകാരം നിബന്ധന ഏർപ്പെടുത്തി: 'മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും; കാരണം എന്റെ ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചത് ' (ഉൽപ 9:6).ബലിയർപ്പിക്കപ്പെട്ട മൃഗങ്ങളുടെ രക്തം ബലിപീഠത്തിൽ തളിക്കുകയോ, ഒഴിക്കുകയോ, ബലിപീഠത്തിന്റെ കൊമ്പുകളിൽ പുരട്ടുകയോ ചെയ്തിരുന്നു. ബലിയർപ്പിക്കുന്ന മനുഷ്യന് പകരം മൃഗം മരിക്കുന്ന തിനാൽ ഇപ്രകാരം കൽപ്പിക്കപ്പെട്ടു: 'അവൻ ബലിമൃഗത്തിന്റെ തല യിൽ കൈകൾ വയ്ക്കണം. അത് അവന്റെ പാപങ്ങളുടെ പരിഹാര ത്തിനായി സ്വീകരിക്കപ്പെടും' (ലേവ്യർ 1:4). അതുപോലെ പെസഹാ കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലുകളിൽ പുരട്ടിയതിനാൽ സംഹാരദൂ തനിൽ നിന്ന് ഭവനങ്ങൾ രക്ഷപ്പെട്ടു (പുറ, 12: 7-13).

ഭൂമിയിലെ മനുഷ്യന്റെ അസ്തിത്വത്തെ 'മാംസ-രക്തങ്ങൾ ' എന്ന പ്രയോഗത്തിലൂടെ മനസ്സിലാക്കുന്നു. 'യോനായുടെ പുത നായ ശിമയോനെ, നീ ഭാഗ്യവാൻ! മാംസ-രക്തങ്ങളല്ല, സ്വർഗ്ഗസ്ഥ നായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിതന്നത്' (മത്ത. 16:17). 'അവർ ജനിച്ചത് രക്തത്തിൽ നിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ, പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ' (യോഹ 1:13) ഇവർ ദൈവമക്കളായി കണക്കാക്കപ്പെടുന്നു. പഴയ നിയമത്തിൽ ഉടമ്പടി മുദ്രയിട്ടിരുന്നത് മൃഗങ്ങളുടെ രക്ത ത്താലാണ്, എന്നാൽ പുതിയ നിയമ ഉടമ്പടി യേശുവിന്റെ രക്തത്താൽ മുദ്രയിടപ്പെട്ടു. കാരണം 'രക്തം ചിന്താതെ പാപമോചനമില്ല' (ഹെബ്രാ 9:22) വി. പത്രോസ് ശ്ലീഹ എഴുതുന്നു: 'നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്നു നിങ്ങൾ അറിയു ന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തം കൊണ്ടത്രേ' (1 പത്രോ. 1:18,19).

കുരിശിലെ യേശുവിന്റെ ആത്മസമർപ്പണം മുന്നിൽ കണ്ട് കുർബ്ബാന സ്ഥാപിച്ച് യേശു പറഞ്ഞു: 'ഇത് പുതിയ ഉടമ്പടിയിലുള്ള എന്റെ രക്തമാണ്' (മത്ത. 26:28; 1 കോറി 11:25). വെളിപാട് പുസ്തകത്തിൽ 'ഞെരുക്കത്തിൽ നിന്നു വന്നവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവരാണ്' (വെളി. 7:14).
ക്രിസ്തുവിന്റെ മുറിവുകളിൽ നിന്നൊഴുകുന്ന രക്തം കാസായിൽ സംഭരിക്കുന്ന സ്ത്രീയായി സഭയെ ചിത്രീകരിക്കുന്ന ചില ചിത്രങ്ങളുണ്ട്

തുടരും..

**( പ്രതീകങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്ക് ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം ലഭ്യാമാണ് )**



ഹെർഗോ
പഠന പരമ്പര

# വിശുദ്ധ കൂദാശകൾ

തുടർ പഠനം
4



1963 ൽ ദൈവസഭക്കാരുടെ 'ആത്മബോധിനി' എന്ന മാസികയിൽ മി. കെ. പി. ജോജ്ജ് എന്നൊരാൾ 'ജ്ഞാന സ്നാനം ഏതെങ്കിലും ഒരു ജലാശയത്തിൽ കൊണ്ടുചെന്നു മലർത്തി മുക്കി നടത്തണമെന്നു ശഠിച്ചെഴുതിയിരുന്നു. ആ വാദം വേദാനുസരണമല്ലെന്നു കാണിച്ചുകൊണ്ട് വന്ദ്യ ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചൻ എഴുതിയതാണ് ഇപ്രാവശ്യം 'ഹെർഗോ' പഠന പരമ്പരയിൽ ഉൾപ്പെടുത്തുന്നത്. ശിശുസ്നാനത്തെ കുറിച്ചുള്ള ചേപ്പാട് റമ്പാച്ചന്റെ എഴുത്ത് കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചത് വായിച്ചുവെന്ന് കരുതട്ടെ.

ജ്ഞാന സ്നാനത്തിനു വെള്ളത്തിൽ മലർത്തി മുക്കണമെന്നു ശഠിക്കരുത്. ലൂഥറിന്റെ ഒരനുഗാമിയായ തോമസ് മുൺസർ 1521 ലാണ് ആദ്യമായി ഈ ദുരുപദേശം തുടങ്ങിയത്. അതേതുടന്ന് തോമസ് ഫെൽവെസ്ററ്, ജോൺ സ്മിത്ത് എന്നിവർ അത് ഇംഗ്ലണ്ടിലും, അലക്സാണ്ടർ മാർക്ക് എന്നയാൾ അത് 1708 ൽ ജർമ്മനിയിലും പ്രചരിപ്പിച്ചു. പിന്നീടത് അമേരിക്കയിലും നമ്മുടെ നാട്ടിലുമെല്ലാം വന്നുകൂടി.

വേദപുസ്തകത്തിൽ 11 ജ്ഞാനസ്നാനത്തെപ്പററി പറയുന്നുണ്ട്. അവയിലൊന്നിലും ജലാശയത്തിൽ കൊണ്ടുപോകണമെന്നോ മലർത്തി മുക്കണമെന്നോ പറയുന്നില്ല. ആ പതിനൊന്നു സ്നാനവും ഞാൻ ഉദ്ധരിക്കാം:

**1) യേശുവിനെ സ്നാനപ്പെടുത്തിയതു് (ലൂക്കോ. 3-21)**

യോർദ്ദാൻ നദിയിൽവെച്ചു യോഹന്നാൻ പല സ്ത്രീപുരുഷന്മാരെ സ്നാനപ്പെടുത്തിയ കൂട്ടത്തിൽ യേശുവിനെയും സനാനപ്പെടുത്തി. സ്ത്രീകളെയും പുരുഷന്മാരെയും ആറ്റിൽ മുക്കി നനഞ്ഞ വസ്ത്രത്തോടുകൂടി കയറിപ്പോകത്തക്കവണ്ണം ഒരു പുരുഷൻ അവരെ വെള്ളത്തിൽ പിടിച്ചു മലർത്തി മുക്കി സ്നാനപ്പെടുത്തി വിടുന്നത് മര്യാദയ്ക്കു ചേർന്നതല്ല. തലയിൽ വെള്ളം കോരിയൊഴിച്ചു സ്നാനപ്പെടുത്തിയതായി വരാനേ നിവൃത്തിയുള്ളു .

**2) എത്യോപ്യാക്കാരൻ ഷണ്ഡൻറെ സ്നാനം. (നട. 8. 38)**

ഇതും ഒരു ജലാശയത്തിൽവെച്ചുള്ള സ്നാനമാ

ണെങ്കിലും മലർത്തി മുക്കിയതായോ, ഷണ്ഡന്റെ വസ്ത്രം നനഞ്ഞതായോ, അത് മാറിയതായോ വേദപുസ്തകത്തിലില്ല. തലയിൽ വെള്ളം കോരി ഒഴിച്ചു സ്നാനപ്പെടുത്തിയതായി വരാനേ ന്യായമുള്ളൂ.

**3) പെന്തിക്കോസ്തു ദിവസത്തിൽ അപ്പസ്തോലന്മാർ കൂടിയിരുന്ന സ്ഥലത്തുവെച്ച് നടത്തിയ 3000 പേരുടെ സ്നാനം. (നട 2-41)**

ഇത് ആറ്റിൽവെച്ചല്ല നടത്തിയതെന്നു സ്പഷ്ടമാണല്ലോ. വെള്ളം കോരി കൊണ്ടുവന്നു തലയിലൊഴിച്ചോ തളിച്ചോ നടത്തിയതായിരിക്കാനെ തരമുള്ളു.

**4) യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽവെച്ചു, നടത്തിയ സ്നാനം. (മാർക്കോ 1. 4)**

ഇത് വെള്ളം കോരിക്കൊണ്ടു വന്നു തലയിലൊഴിച്ചു, നടത്തിയ സ്നാനമായിരിക്കാനേ നിവൃത്തിയുള്ളൂ. മരുഭൂമിയിൽ ജലാശയങ്ങളില്ല. അവിടെ ജലം സുലഭവുമല്ലല്ലോ

**5) ശമരിയാ പട്ടണത്തിലെ പ്രസംഗവേദിയിൽ വെച്ചു ഫിലിപ്പോസു നടത്തിയ സ്നാനം. (നട. 8-12)**

ഇതും വെള്ളം കോരിക്കൊണ്ടുവന്നു തലയിലൊഴിച്ചു നടത്തിയ സ്നാനമാണ്.

6) പൗലോസു് അനന്നിയാസിൻറെ വീട്ടിൽ വച്ചേറ്റ സ്നാനം, (നട. 9. 18)

പൗലോസു് ആറ്റിലോ, തോട്ടിലോ പോയി മലർന്നു മുങ്ങിയില്ല. ആ സ്ഥിതിക്ക് ആറ്റിൽ കൊണ്ടു പോയി സ്നാനപ്പെടുത്തണമെന്നു പറയുന്നതു ഒരു ദുശ്ശാഠ്യമാണ്.

7) കൊർണലോസു സ്വഭവനത്തിൽവെച്ചേറ്റ സ്നാനം. (നട. 10. 47)

ഇതും വെള്ളം കൊണ്ടുവന്ന് തലയിലൊഴിച്ചു നടത്തിയ സ്നാനമാണ്. ഭവനത്തിൽവെച്ചും പള്ളിയിൽ വെച്ചും നമുക്കും സ്നാനമേല്ക്കാമെന്ന് ഇതിൽനിന്നും വ്യക്തമാകുന്നുണ്ട്.

8) പിലിപ്യായിലെ പ്രസംഗവേദിയിൽവെച്ചു ലുദിയായും കുടുംബവും ഏറ്റ സ്നാനം. (ms. 16. 16)

ഇതും മുങ്ങിയുള്ള സ്നാനമല്ലായിരുന്നു. വസ്ത്രം നനയാത്ത വിധത്തിൽ വെള്ളം കോരിയൊഴിച്ചു സ്നാനപ്പെടുത്തിയതായിരിക്കാനേ തരമുള്ളൂ.

9) കാരാഗൃഹ പ്രമാണിയുടെ വീട്ടിൽവെച്ച് അദ്ദേഹ വും, അദ്ദേഹത്തിൻറെ കുടുംബത്തിലുള്ളവരും ഏറ്റ സ്നാനം. (നട, 18, 33)

വെള്ളം പാത്രത്തിൽ കൊണ്ടുവന്നായിരിക്കണം. അതു നടത്തിയത്.

10) തീസിയോസ്യുസ്തോസിന്റെ ഭവനത്തിൽ വെച്ച് ക്രീസ്പോസും കുടുംബവും പല കോരിന്ത്യാക്കാരും ഏറ്റ സ്നാനം (നട. 18. 8)

ഇതും വെള്ളം കൊണ്ടുവന്നു തലയിലൊഴിച്ചു നടത്തിയതാണ്.

11) യോഹന്നാൻ സ്നാപകനിൽനിന്നും അനുതാപത്തിൻറെ സ്നാനമേറ്റിരുന്ന 12 എഫേസ്യർക്കു കൊടുത്ത ക്രിസ്തീയ സ്നാനം. (നട. 19, 5)

ഇതും മലർത്തി മുക്കാൻ പോകാതെ വെള്ളം കൊണ്ടുവന്നു തലയിൽ ഒഴിച്ചു നടത്തിയ സ്നാനമാണു് .

ഈ പതിനൊന്നു സ്നാനങ്ങളിൽ ഒന്ന് നദിയും കുളവും ഇല്ലാത്ത മരുഭൂമിയിൽ വെച്ചു നടത്തിയതും, നാലെണ്ണം പ്രസംഗ വേദിയിൽവെച്ചു നടത്തിയതും, നാലെണ്ണം ആൾപാർപ്പുള്ള വീടുകളിൽ വെച്ചു നടത്തിയിട്ടുള്ളതുമാണ്. ഈ ഒൻപതു സ്നാനവും ഇന്നു സഭയിൽ നാം കാണുന്നതുപോലെ വെള്ളം കോരിക്കൊണ്ടു വന്നു തലയിലൊഴിച്ചു സ്നാനപ്പെടുത്തിയിട്ടുള്ളതാണ്. ബാക്കി രണ്ടെണ്ണം മാത്രമെ ജലാശയത്തിൽവെച്ചു നടത്തിയിട്ടുള്ളൂ. അവയും വെള്ളം കോരി തലയിലൊഴിച്ചു സാനം നടത്തിയതായി വരാനേ വഴിയുള്ളൂ. യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ വെച്ചും, യോർദ്ദാൻ നദിയിൽവെച്ചും സ്നാനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു് വെള്ളം കൈകൊണ്ടു കോരി തലയിലൊഴിച്ചും സ്നാനം നടത്തിയാൽ മതിയെന്ന് അദ്ദേഹം വിചാരിച്ചിരുന്നതായി ഗ്രഹിക്കാം. വേദപുസ്തക തെളിവുകൾ ഇങ്ങനെയിരിക്കുന്നതു കൊണ്ടു് ജലാശയത്തിൽ കൊണ്ടുപോയി മലർത്തി മുക്കിയെങ്കിലേ ക്രിസ്തീയ സ്നാനമാകയുള്ളൂ എന്ന ശാഠ്യം പെന്തിക്കോസ്ത് സഭക്കാരും ചർച്ച് ഓഫ് ഗോഡ്-കാരും ബ്രദറൻ സഭക്കാരുമെല്ലാം ഉപേക്ഷിക്കേണ്ടതാണ്



# മലങ്കര സഭാ ചരിത്രം

(ഭാഗം 9)



ബിനു തോമസ്

## ഉദയംപേരൂർ സുന്നഹദോസ് അനുരണനങ്ങൾ

1599-ൽ ഉദയംപേരൂർ സുനഹദോസിൽ വെച്ച് മെനേസിസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ; മഹറോൻ ശിക്ഷാ ഭീക്ഷണി, സൈനിക പിന്തുണ, കൊച്ചി രാജാധികാരത്തിന്റെ പിന്തുണ എന്നിവ ഉപയോഗിച്ച് സുറിയാനി കത്തനാരന്മാരെയും പള്ളിയോഗ പ്രതിനിധികളെയും നിർബന്ധിപ്പിച്ച് ഒപ്പിടീച്ച രേഖകൾ പിന്നീട് ഉദയംപേരൂർ സുനഹദോസ് കാനോനകൾ എന്നറിയപ്പെടുന്നു. ശ്രീ കെ എൻ ഡാനിയേൽ, ഡോക്ടർ സ്കറിയ സക്കറിയ എന്നിവർ ഭാഷാന്തരം നിർവഹിച്ച ഗ്രന്ഥങ്ങൾ കാനോനകളുടേതായി 1952, 1990 കാലങ്ങളിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം കാനൊനകൾ ഒന്നും തന്നെ ചർച്ചകളുടെയും ആശയ കൈമാറ്റത്തിന്റെയും ഫലമായി ഉരുത്തിരിഞ്ഞ പ്രമാണങ്ങളായിരുന്നില്ല മറിച്ച്, ഏകപക്ഷീയമായും പലകാര്യങ്ങളിലും പക്ഷപാതപരവുമായ നിഗമനങ്ങൾ ആയിരുന്നു.

സിനഡിൽ പങ്കെടുത്തത് 163 വൈദികരും 660 പള്ളി പ്രതിനിധികളുമാണ്. സിനഡിന് മുന്നോടിയായി മെനെസിസ് 100 പേർക്ക് എങ്കിലും അങ്കമാലിയിലും കടുത്തുരുത്തിയിലും കൊച്ചിയിലുമായി വൈദിക പട്ടം നൽകിയിരുന്നു. അർക്കദിയോക്കന്റയും പള്ളി യോഗങ്ങളുടെയും എതിർപ്പിനെ മറികടന്നാണ് ഈ പട്ടംകൊട നടന്നത്. ഇതുവഴി നസ്രാണി സമൂഹത്തിലെ

അനേകം കുടുംബങ്ങളെയും യുവാക്കളെയും വരുതിയിൽ ആക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉദയംപേരൂർ സൂനഹദോസ് കാനോനകൾ ക്രൈസ്തവ കേരളത്തിന്റെ മാനിഫെസ്റ്റോ ആണെന്നും മാഗ്നാകാർട്ട ആണെന്നും വിശേഷിപ്പിക്കുന്ന ചരിത്രകാരന്മാർ ഇന്ന് വർദ്ധിക്കുന്നുണ്ട്. സൂനഹദോസിന്റെ 425 വാർഷികം പ്രമാണിച്ച് കാനോനകളുടെ ഒരു പുതിയ ഭാഷാന്തരണം ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുണ്ട് ഇതിലാണ് ഇത്തരം വാദങ്ങൾ. 425 വർഷത്തിനും വത്തിക്കാൻ രണ്ടിനും പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ശാക്തീകരണത്തിനും ശേഷവും ഇത്തരം വാദഗതികൾ ഉന്നയിക്കുന്നവരെ പറ്റി സഹതപിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല. വി. ചാവറ കുര്യാക്കോസ് കത്തനാർ കേരള നവോത്ഥാനത്തിൽ വഹിച്ച പങ്കിനെക്കുറിച്ച് ഇന്ന് സെക്കുലർ ചരിത്രകാരന്മാർ ആരാധനയോടെ സംസാരിക്കുമ്പോൾ അത് കുര്യാക്കോസ് അച്ചന്റെ കാലത്ത് ഇവിടെയുണ്ടായിരുന്ന വിദേശിയായ മെത്രാന്റെ സംഭാവനകൾ ആണെന്ന് വാദിച്ച അതേ 'പണ്ഡിതരാണ്' ഇവിടെയും എന്നാണ് തോന്നുന്നത്.

ഇക്കാര്യത്തിൽ കത്തോലിക്കാ സഭയുടെ നിലപാട് അറിയാൻ മാർ നെസ്തോറിന്റെയും, മാർ തിയഡോറിന്റെയും അനാഫുറാകൾ പുനസ്ഥാപിക്കുകയും അന്ന് വെട്ടി നശിപ്പിച്ച ആദായി മാറി ക്രമത്തെ തിരിച്ചുപിടിച്ച് സ്വയാധികാര സഭയായി നില കൊള്ളുകയും ചെയ്യുന്ന സീറോ മലബാർ സഭ യെ നോക്കിയാൽ മതിയാകും.

സൂനഹദോസ് അന്ന് ശപിച്ചു തള്ളിയത് റോമാ സഭയുമായി സംസർഗ്ഗത്തിലായിരുന്ന മാർ ദനഹ ശിമയോൻ എന്ന ബാബിലോൺ പാത്രിയാർക്കീസിനെ ആയിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ സൂനഹദോസിന്റെ 'മഹത്വം' എത്ര വലുതായിരുന്നു എന്ന് അറിയുക. ഈ സൂനഹദോസിന്റെ നടത്തിപ്പുകാരായിരുന്നു സൂനഹദോസിന് ശേഷം അങ്കമാലിയുടെ മെത്രാനായി നിയമിതനായ റവ. ഫ്രാൻസിസ് റോസ് എസ് ജെ യും റവ. ക്യാംപേരി എസ് ജെ യും. ഫ്രാൻസിസ് റോസ് പോർച്ചുഗലിലെയും റോമിലെയും ഈശോ സഭ ആസ്ഥാനങ്ങൾക്ക് സൂന്നഹദോസിനു ശേഷം എഴുതിയ കത്തുകളിൽ സൂനഹദോസ് വ്യവസ്ഥാപിത രീതിയിൽ അല്ലായിരുന്നു എന്ന് അക്കമിട്ട് നിരത്തുന്നു. സൂനഹദോസിൽ മർത്തോമ്മ ക്രിസ്ത്യാനികളുടെ അഭിപ്രായം ആരാഞ്ഞിരുന്നില്ല അവിടെ പ്രസ്താവിക്കപ്പെട്ട തീരുമാനങ്ങൾ എന്തെന്ന് അവർക്ക് മനസ്സിലായിരുന്നില്ല. സിനഡൽ എന്ന വിധത്തിൽ യാതൊരു ചർച്ചയും ഇല്ലാതെ അവർക്ക് മനസ്സിലാകാത്ത ഭാഷയിൽ എഴുതി ഒപ്പിട്ട് വാങ്ങിയ രേഖയാണ് കാനോനകൾ, റോസ് എസ് ജെ യുടെ സ്നേഹ നിർബന്ധവും മെനെസിനോടുള്ള ഭയവുമാണ് ഒപ്പു നൽകാൻ അധികം പേരെയും പ്രേരിപ്പിച്ചത്. സൂനഹദോസ് രേഖകളിൽ പിന്നീട് പലതും എഴുതി ചേർത്ത് ഒപ്പുകൾ തന്നോട് വിടർത്തി വാങ്ങി പിന്നീട് തയ്യാറാക്കിയ കത്തിൽ ചേർത്ത് റോമിലേക്ക് അയച്ചു ഇങ്ങനെ ഫ്രാൻസിസ് റോസ് എന്ന അങ്കമാലിയിലെ മാർ അബ്രഹാമിന്റെ പിൻഗാമിയായി നിയമിക്കപ്പെട്ട ജസ്യൂട്ട് തന്നെ സൂനഹദോസിനെ തള്ളി കളഞ്ഞുവെന്ന് മാത്രമല്ല താൻ മെത്രാൻ ആയ ശേഷം അങ്കമാലിയിൽ ഒരു പ്രാദേശിക സിനഡ് നടത്തുകയും കാനോന പലതും മാറ്റി എഴുതുകയും ചെയ്തു ഇതെല്ലാം ചെയ്ത ശേഷം താൻ അങ്കമാലിയിൽ വിളിച്ചുചേർത്ത സൂനഹദോസും അതിന്റെ കാനോനകളും അംഗീകരിക്കണമെന്ന് ഫ്രാൻസിസ് റോസ് അങ്കമാലിയുടെ പുനസ്ഥാപിക്കപ്പെട്ട അതിരൂപതയുടെ മെത്രാപ്പോലത്തെ എന്ന നിലയിൽ റോമിലേക്ക് അപേക്ഷിക്കുകയും ചെയുന്നു.

സൂനഹദോസിനു ശേഷം ലത്തീനിൽ തയ്യാറാക്കിയ ഒരു കത്തിൽ അർക്കാദിയോക്കനെ കൊണ്ട് ഒപ്പുവെപ്പിച്ചു ഈ കത്ത് മാർപാപ്പയ്ക്ക് ഉള്ളതായിരുന്നു ഈ കത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ പാഷണ്ഡികൾ ആയിരുന്നു എന്നും മെനെസിസ് അവരെ മാനസാന്തരപ്പെടുത്തി എന്നും സമ്മതിച്ചേറ്റു പറയുന്നുണ്ട്. മേനെസിസിനെയോ ഫ്രാൻസിസ് റോസിനെയോ മെത്രാനായി തങ്ങൾക്ക് വേണമെന്ന ആവശ്യം ഈ കത്തിൽ ഉണ്ടെന്നതാണ് ഏറ്റവും രസകരം. സൂനഹദോസ് മാർപാപ്പ അംഗീകരിക്കണമെന്ന് അർക്കദിയൊക്കന്റെ പേരിൽ തയ്യാറാക്കിയ ഈ കൃത്രിമ രേഖയിൽ ചേർത്ത് വച്ചു.

1599 നവംബർ അഞ്ചിന് മാർ അബ്രഹാമിന്റെ പിൻഗാമിയായി ആദ്യ ലത്തീൻ മെത്രാൻ സുറിയാനിക്കാർക്ക് മേൽ നിയമിതനായി. അങ്ങനെ പോർച്ചുഗീസ് നിയോഗങ്ങൾ പൗരസ്ത്യ സുറിയാനി ഭാഷയുടെ നിരോധനമൊഴികയെല്ലാം അവർ നേടിയെടുത്തു. 1599 ഡിസംബർ 20ന് അങ്കമാലിയുടെ മെത്രാപ്പോലീത്തൻ പദവി റദ്ദാക്കി. അതിനെ

ഗോവയുടെ സഫ്രഗൻ രൂപതയാക്കി. അങ്ങനെ മർതോമ്മ ക്രിസ്ത്യാനികൾ പാദ്രുവാദോയിൻ കീഴിൽ പോർച്ചുഗൽ രാജാവിനും റോമാ പാത്രിയർക്കീസിനും കീഴിലായി, ബാബിലോൺ പാത്രിയാർക്കീസുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു.

തങ്ങളുടെ ഭദ്രാസനത്തിന്റെ സ്വതന്ത്രനില പുനസ്ഥാപിക്കാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ ശക്തമായ ശ്രമമാരംഭിച്ചു. പദവി ഉയർത്തിക്കിട്ടും എന്നതിനാൽ റോസ് മെത്രാനും ഇതിനെ പിന്തുണച്ചു. കൊച്ചിയിലെ ഫ്രാൻസിസ്കൻ മെത്രാനും റോസും തമ്മിൽ അധികാര വടംവലി സൈനിക പ്രയോഗം വരെ എത്തിയിരുന്നു മെത്രാനെയും അർക്കദിയോകനെയും ഭയന്ന് റോസ് ആസ്ഥാനം കൊടുങ്ങല്ലൂരിലേക്ക് മാറ്റി.1608-ൽ മെത്രാപ്പോലീത്തൻ പദവി കൊടുങ്ങല്ലൂരായി മാറിയ അങ്കമാലിക്ക് തിരികെ കിട്ടി. എങ്കിലും പാദ്രുവാദോയിൻ കീഴിലുള്ള ഒരു ലത്തീൻ അതിഭദ്രാസനത്തിലെ അംഗങ്ങൾ മാത്രമായി മാർത്തോമ്മാ ക്രിസ്ത്യാനികൾ മാറി. ഇന്ത്യ മുഴുവനും ഉള്ള നസ്രാണികളുടെ സ്വയം ഭരണ അവകാശമുള്ള മെത്രാപ്പോലീത്തൻ സഭ എന്ന നിലയിൽ നിന്നുമുള്ള പതനം അങ്ങനെ പൂർത്തിയായി

# അറിയാം.

അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയും മലങ്കര സഭയും.

മലങ്കര സഭയും അന്ത്യോക്യൻ സുറിയാനി സഭയും ഊഷ്മളമായ ബന്ധം ആണ് കാത്തുസൂക്ഷിക്കുന്നത് മലങ്കര സഭയിൽ കലഹങ്ങളും വ്യവഹാരങ്ങളും ഉണ്ടായപ്പോൾ മലങ്കര സഭയുടെ
പുനരൈക്യ ശിൽപ്പി ധന്യൻ ഗിവർഗീസ് മാർ ഇവാനിയോസ് മെത്രാപോലീത്ത പരുമല സുനഹദോസിന്റെ നിർദ്ദേശാനുസരണം സുറിയാനി കത്തോലിക്കാ സഭയുടെ മോറാൻ മോർ ഇഗ്നാത്തിയോസ് റഹ്മാനി അപ്രേം ദ്വിതീയൻ പാത്രിയർകീസ് ബാവയോടാണ് സാർവത്രിക സഭയുമായുള്ള ഐക്യത്തിന് വേണ്ടി ആദ്യ കാലങ്ങളിൽ കത്തിടപാടുകൾ നടത്തിയത്. പുനരൈക്യാനന്തരം
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്കായായി മോറാൻ മോർ ബസേലിയോസ് സിറിൽ കാതോലിക്ക ബാവാ തിരുമേനി വാഴിക്കപ്പെട്ടത് അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും ആയ മോറാൻ മോർ ഇഗ്നാത്തിയോസ് മൂസ ദാവൂദ്
പാത്രിയർകീസ് ബാവ തിരുമേനിയാണ്.

അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക ആസ്ഥാനം ലബനോനിലുള്ള ബെയ്റൂട്ടിൽ ആണ്. ഇപ്പോൾ ഈ സഭയുടെ മേലധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ്
യൗസേഫ് യൗനാൻ തൃതിയൻ പാത്രിയർകീസ് ബാവയാണ്. 2009 സെപ്തംബറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം നടത്തിയിട്ടുണ്ട്



# ശതാബ്ദി നിറവിലെ ബഥനി സന്ന്യാസിനിമാർ



മാർ ഈവാനിയോസ് പിതാവിലൂടെ ദൈവ പിതാവു കണ്ട ബഥനി എന്ന സ്വപ്നത്തിന് ഇന്ന് നൂറു വയസ്സു തികയുന്നു. ഒരു നൂറ്റാണ്ട് പിന്നിടുന്ന ബഥനിയുടെ പ്രാർഥനയ്ക്കും പ്രവർത്തനത്തിനും തന്റെ കരങ്ങളാൽ സംരക്ഷണമൊരുക്കിയ ദൈവപിതാവിനു നന്ദി.

**'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15)** ' എന്ന ക്രിസ്തുനാഥന്റെ കൽപന ശിരസാ വഹിച്ചു കൊണ്ട് , ആദ്യ നൂറ്റാണ്ടിൽ തന്നെ കേരളത്തിലെത്തിയ മാർത്തോമ്മാ ശ്ലീഹായുടെ മാർഗം പിന്തുടർന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളേറെക്കഴിഞ്ഞിട്ടും ആ സുവിശേഷ ദീപം വേണ്ട വിധം കൈമാറുന്നില്ല എന്ന ആത്മാനുതാപമാണ് മലങ്കര ഓർത്തോഡോക്സ് സഭയിലെ അറിയപ്പെടുന്ന ഒരു വൈദികനായ ഒ.അ. അച്ചനെ (**Fr. P.T.** ഗീവർഗീസ് ) സന്യാസം എന്ന ആശയത്തിലേക്കു നയിച്ചത്. സുവിശേഷ വൽക്കരണം സാധിതമാക്കാൻ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ സഭയിൽ ആവശ്യമാണെന്നു തിരിച്ചറിഞ്ഞ അദ്ദേഹം, നാട്ടിൽ നിന്ന് യുവതീ യുവാക്കളെ ഉപരിപഠനത്തിനായി കൽക്കട്ടയിലേക്ക് കൊണ്ടുപോകുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിലുപരി തീക്ഷ്ണതയുള്ള ഒരു മിഷനറി സമൂഹമാണ് ആവശ്യം എന്ന ബോധ്യത്തിലേക്ക് നീങ്ങുന്നു. തന്റെ പ്രാർഥനാ ധ്യാനങ്ങ



ളുടെ പരിസമാപ്തി എന്ന വിധം സമർപിതരായ സന്യാസികൾക്കു മാത്രമേ ഇപ്രകാരമുള്ള ഒരു സുവിശേഷ വത്ക്കരണം സാധിതമാകുകയുള്ളു എന്നും, മിശിഹാനുകരണമാണ് അതിനുള്ള മാർഗം എന്നും അദ്ദേഹം തിരിച്ചറിഞ്ഞു.

താൻ അംഗമായിരുന്ന സഭയിലെ ചേരിതിരിവുകളും തർക്കങ്ങളും കലുഷിതമായ സഭാന്തരീക്ഷത്തിൽ ഒരിക്കലും സുവിശേഷം പ്രസംഗിക്കുവാൻ സാധിക്കുകയില്ല എന്ന ബോധ്യത്തിലേക്ക് എ്യ. ഗീവർഗീസ് നയിക്കപ്പെട്ടു. ഇതിനോടകം സന്യാസജീവിതം ആരംഭിച്ചിരുന്ന അദ്ദേഹം, മാത സഭയായ കത്തോലിക്കാസഭയിലേക്ക് തിരിച്ചു വരാനുള്ള ശ്രമങ്ങളും ആരംഭിച്ചു.

ഈ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണ് താൻ സ്ഥാപിച്ച സന്യാസസമൂഹങ്ങൾക്ക് Order of the Imitation of Christ , Sisters of the Imitation of christ എന്ന് അദ്ദേഹം പേരു നൽകിയത്. മലങ്കര സഭയുടെ ആത്മീയ നവോത്ഥാനം ,സുവിശേഷവൽക്കരണം, പുനരൈക്യം എന്നീ ലക്ഷ്യങ്ങളോടെ തന്റെ യാത്ര ആരംഭിച്ചപ്പോൾ വന്ദ്യ പിതാവ് തിരിച്ചറിഞ്ഞു, സ്ത്രീകൾക്കു മാത്രം കടന്നു ചെല്ലാൻ കഴിയുന്ന ഇടങ്ങളുണ്ടെന്നും, കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ പങ്ക് എന്താണെന്നും.

വീടുകളുടെ ഉള്ളറകളിൽ മാത്രം സ്ത്രീ തളച്ചിടപ്പെട്ടിരുന്ന കാലത്ത്, ഇപ്രകാരമൊരു ചിന്ത, സ്ത്രീകൾക്കു വേണ്ടി ഒരു സന്യാസിനീ സമൂഹം സ്ഥാപിക്കാൻ പിതാവിനെ പ്രചോദിപ്പിച്ചു. അപ്രകാരം, ടശലെ്യേ ഛള വേല കാശമേശേീ ഛള ഇവൃശെ രൂപീകരിക്കപ്പെട്ടു. ഇന്ന് 5 പ്രോവിൻസുകളായി ബഥനി സന്യാസിനികൾ നാലു ഭൂഖണ്ഡങ്ങളിൽ ശുശ്രൂഷ ചെയ്യുന്നു.

പാർശ്വവത്കരിക്കപ്പെട്ടവരും നിരാലംബരും ആയവർക്ക് അഗതിമന്ദിരങ്ങളിലൂടെയും





വാർദ്ധക്യവും രോഗവും മൂലം വിഷമിക്കുന്നവർക്ക് പാലിയേറ്റീവ് കേറിലൂടെയും ശുശ്രൂഷ നൽകുകയും വിവിധങ്ങളായ മാനസിക പ്രതിസന്ധികൾ അനുഭവിക്കുന്നവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ മുഖം ലോകത്തിന് കാണിച്ചു കൊടുക്കുന്നു.....

ഭവന സന്ദർശനങ്ങളിലൂടെയും കുടുംബ കൂട്ടായ്മയിലൂടെയും മതബോധന ക്ലാസുകളിലൂടെയും ഇടവക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി സുവിശേഷ ചൈതന്യം ഏവർക്കും പകർന്നു നൽകാൻ എപ്പോഴും ബദ്ധ ശ്രദ്ധരാകുന്നു..... കുട്ടികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിലൂടെയും കുടുംബങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കൗൺസിലിംഗ് സെന്ററുകളിലൂടെയും സിസ്റ്റേഴ്സ് പരിശ്രമിക്കുന്നതോടൊപ്പം ആതുരശ്രുശ്രുഷ രംഗത്തും മാറ്റാനാവാത്ത മുദ്ര പതിക്കുന്നു.... സുവിശേഷ ചൈതന്യം കടന്നു ചെല്ലാത്ത ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ കടന്നുചെന്ന് ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിലും അവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂട്ടിക്കൊണ്ടു വരുവാൻ ആവശ്യമായ എല്ലാ ശുശ്രൂഷകളും ചെയ്യുന്നതിനും ബഥനി എപ്പോഴും ശ്രദ്ധാലുവാണ്......



# ഓർമ്മയിൽ
# ശ്രേഷ്ഠാചാര്യന്മാർ




ഭാഗ്യസ്മരണാർഹനായ
ആബൂൻ **സഖറിയാസ് മാർ**
**അത്തനാസിയോസ്**
മെത്രാപ്പോലീത്തയുടെ
ദുക്റോനോ പെരുന്നാൾ

28 Sep
1977

# മാർ അത്തനാസിയോസ് ക്രാന്തദർശിയായ പിതാവ്





Rt. Rev. Msgr. Cherian Thazhamon

എന്നെ വൈദികപഠനത്തിന് സെമിനാരിയിൽ സ്വീകരിച്ചതും, 19- ഡിസംബർ - 1975 - ൽ മ്സമറോനോ, കോറൂയോ 19- മാർച്ച് - 1977 - ൽ ഹവ്പ്പദ്യാക്കിനോ പട്ടങ്ങൾ എനിക്ക് തന്നതും അഭിവന്ദ്യ അത്തനാസ്യോസ് മെത്രാപ്പോലീത്തായാണ്. ഒരു വർഷം ചാപ്പലിൽ പ്രാർത്ഥനാ സമയങ്ങളിൽ പിതാവിന് പ്രാർത്ഥനാ പുസ്തകം കാണിച്ചു കൊടുക്കുവാനുള്ള ഭാഗ്യാവസരം ഇപ്പോഴും ഓർമ്മയിലുണ്ട്. ഞാൻ രണ്ടാം വർഷം ദൈവശാസ്ത്രം പഠിക്കുമ്പോഴാണ് പിതാവ് കാലം ചെയ്യുന്നത്! ഗൗരവമായ പഠനത്തിന്റെയും പരിചിന്തനത്തിന്റെയും ഫലമായി യൗവ്വനത്തിൽ പരിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുകയും മുപ്പതാം വയസ്സിൽ ഒരു ഉൾവിളിയുടെ തടുക്കാനാവാത്ത പ്രേരണ നിമിത്തം വൈദിക പഠനത്തിനെത്തുകയും തിരുവനന്തപുരം, ആലുവ, കാൻഡി എന്നിവിടങ്ങളിലെ വൈദിക പഠനത്തിനു ശേഷം 1946 ഓഗസ്റ്റ് 24 - ന് മുപ്പത്തി ഏഴാം വയസ്സിൽ വൈദികനായി അഭിഷിക്തനാവുകയും 1954 ഏപ്രിൽ 22-ാം തീയതി നാല്പത്തി അഞ്ചാം വയസ്സിൽ മേല്പട്ടക്കാരനായി വാഴിക്കപ്പെടുകയും 1955 ജനുവരി 27-ാം തീയതി തിരുവല്ല അതി ഭദ്രാസനത്തിന്റെ തൃതീയ അദ്ധ്യക്ഷനായി സ്ഥാനം ഏല്ക്കുകയും, 22 വർഷത്തെ ശ്രേഷ്ഠ പുരോഹിത ശുശ്രൂഷയ്ക്കുശേഷം 1977 സെപ്റ്റംബർ 28-ാം തീയതി 68-ാമത്തെ വയസ്സിൽ നിത്യത പ്രാപിക്കുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച് തിരുവല്ല അതി ഭദ്രാസനത്തിനും സാമന്ത ഭദ്രാസനങ്ങളായ ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ ഭദ്രാസനങ്ങൾക്കും ഒരിക്കലും മറക്കാനാവാത്ത നന്മകൾ നേടിത്തരുകയും ചെയ്ത അഭിവന്ദ്യ സക്കറിയാസ്

മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ധന്യജീവിതവും ഇടയശുശ്രൂഷയും അജപാലന നേതൃത്വവും ഒളിമങ്ങാതെ "ക്രാന്തദർശിയായ പിതാവ് ' എന്ന ഗ്രന്ഥത്തിൽ പകർത്താനും ഈയുള്ളവന് സാധിച്ചിട്ടുണ്ട്. മണിവിളക്ക് ഇ - മാഗസിന്റെ വായനക്കാർക്കായി പിതാവിനെ കുറിച്ച് ഒരല്പം പങ്കിടാമെന്ന് കരുതുന്നു.

പലസ്തീനായിലും യഹൂദരുടെ ഇടയിലും മാത്രം ഒതുങ്ങി നിന്നിരുന്ന സുവിശേഷത്തെ (സഭയെ) യഹൂദ സമുദായത്തിന്റെ മതിലുകൾ ഭേദിച്ച് സാർവ്വത്രികമാക്കിയത് വി. പൗലോസായിരുന്നു എന്നത് ദൈവികപദ്ധതിയായിരുന്നത് പോലെ 1958 നു മുമ്പ് ഭാരതപ്പുഴയ്ക്ക് തെക്കുമാത്രം ഒതുങ്ങിനിന്നിരുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിതശുശ്രൂഷയുടെ അതിർത്തി വടക്കൻ മലബാറിലേക്കും, കർണ്ണാടക സംസ്ഥാനത്തിന്റെ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ തിരുവല്ല അതിഭദ്രാസനത്തിന്റെ തൃതീയാദ്ധ്യക്ഷൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായെയാണ് ദൈവം തന്റെ പദ്ധതിയിൽ മാധ്യമമാക്കിയത്.



ബിഷപ് ജോസഫ് റാറ്റ്സിംഗറിന്റെ (ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ) മെത്രാഭിഷേകത്തിൽ കൈവയ്പ്

## ദൈവപദ്ധതി

1909 ഫെബ്രുവരി 19 ന് പ്രസിദ്ധമായ പോളച്ചിറയ്ക്കൽ കുടുംബത്തിൽ ജനനം. തിരുവല്ലാ എം. ജി. എം, കോട്ടയം എം. ഡി. എന്നീ സ്കൂളുകളിൽ പഠിച്ച് ഇ. എസ്സ്. എൽ സി. പാസ്സായി, വിദ്യാഭ്യാസത്തി നുശേഷം ബാങ്കിംഗ് മേഖലയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. കുടുംബപരമായി ഓർത്തഡോക്സ് സഭാ വിശ്വാസി. കുടുംബബന്ധങ്ങളും ബാങ്കിംഗ് മേഖലയിലെ ഉദ്യോഗവും ജീവിതത്തിൽ ഭൗതികമായ വളർച്ചയ്ക്ക് ഏറെ സഹായകമായ പശ്ചാത്തലം യുവാവായ ചെറിയാ നിൽ എന്തൊക്കെയോ ആത്മിക അസ്വസ്ഥതകൾ അലതല്ലി കോട്ട യത്ത് ബാങ്കിംഗ് പ്രവർത്തനകാലത്ത് ഒരു സ്നേഹിതനിൽ നിന്ന് ലഭിച്ച കത്തോലിക്കാ സഭാ പ്രസിദ്ധീകരണങ്ങൾ വായിച്ചുകൊണ്ടിരുന്നു. ഇത് കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുന്ന തിനിടയാക്കി, അന്ന് വിജയപുരം രൂപതയുടെ വികാരി ജനറാളായിരുന്ന ബഹു കർമ്മേലൂസ് ച്ചന്റെ ഉപദേശങ്ങളും തേടിയിരുന്നു. അദ്ദേഹത്തിൽ നിന്നാണ് പുനരൈ ക്യത്തെക്കുറിച്ചുള്ള പ്രാരംഭ അറിവുകൾ നേടിയത്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ നിറവേറിയ പുനരൈക്യസംഭവത്തെക്കു റിച്ചും കത്തോലിക്കാസഭാകൂട്ടായ്മയിൽ ഉൾച്ചേർന്ന മലങ്കര കത്തോ ലിക്കാസഭയെക്കുറിച്ചും അറിയുവാനിടയായത് യുവാവായ ചെറിയാ നിൽ ആത്മീക അസ്വസ്ഥത വർദ്ധിപ്പിച്ചു. പുനരൈക്യത്തെക്കുറിച്ച് ആഴ ത്തിൽ അറിയുവാൻ അദ്ദേഹം ശ്രമിച്ചു. കുടുംബപശ്ചാത്തലം കൊണ്ട് മാർ ഈവാനിയോസ് തിരുമേനിയും മാർ അത്തനാസ്യോസ് തിരുമേനിയും മാവേലിക്കരക്കാരാണ്. ഈ മാവേലിക്കര ബന്ധവും മാർ ഈവാ നിയോസ് മെത്രാപ്പോലീത്ത നേതൃത്വം നൽകിയ പുനരൈക്യ പ്രസ്ഥാ നത്തോടടുക്കുവാൻ മാർ അത്തനാസ്യോസ് തിരുമേനിയെ പ്രേരിപ്പിച്ചിരിക്കാം.

ദമാസ്ക്കസിലേക്കുള്ള യാത്രാമദ്ധ്യേ



യേശുവിനെ കണ്ടെത്തിയ ശൗൽ യേശുവിന്റെ മാർഗ്ഗത്തിലേക്ക് തിരിഞ്ഞതുപോലെ പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനവഴിയിൽ സത്യ സഭയെ കണ്ടെത്തിയ യുവാവായ ചെറിയാൻ വീട്ടുകാരുടെയും നാട്ടുകാരുടെയും ഉണ്ണിക്കുഞ്ഞ് കുടുംബക്കാരുടെയും വീട്ടുകാരുടെയും മാതാപിതാക്കളുടെയും വിലക്കിനെ വകവയ്ക്കാതെ പുനരൈക്യപ്പെട്ട് കത്തോലിക്കാസഭാ കൂട്ടാ മയിലെത്തി യേശുവിനെ കണ്ടെത്തിയ ശൗൽ പൗലോസായി സഭയിലെ ഏറ്റവും വലിയ മിഷനറിയായതു പോലെ സത്യസഭയെ തിരിച്ചറിഞ്ഞ് ആശ്ലേഷിച്ച ചെറിയാൻ പുനരൈക്യപ്രസ്ഥാനത്തിന്റെ മിഷനറിയാകാൻ തീരുമാനിച്ചു. ഭൗതികജീവിതത്തിൽ വലിയ ഉയർച്ച വാഗ്ദാനം ചെയ്യുന്ന ബാങ്കിംഗ് രംഗം ഉപേക്ഷിച്ച് അദ്ദേഹം വൈദികനാകാൻ തീരുമാനിച്ച് വൈദികസമിനാരിയിൽ ചേർന്നു തിരുവനന്തപുരം മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് സെമിനാരി, കാൻഡിയിലെ പേപ്പൽ സെമി നാമി എന്നിവിടങ്ങളിലെ പഠനത്തിനുശേഷം 1946 ആഗസ്റ്റ് 24-ാം തിയതി പൗരോഹിത്യത്തിന്റെ പാവന പദവിയിലേയ്ക്കുയർത്തപ്പെട്ടു നവ വൈദികന്റെ പ്രഥമ അജപാലന നിയമനം എരുമേലി ഇടവകയിലേയ്ക്കായിരു ന്നു. ആ സമയത്ത് വെച്ചൂച്ചിറയിൽ നെടുംപ്ലാക്കൽ കുഞ്ഞൂഞ്ഞിന്റെ ഭവനം കേന്ദ്രീകരിച്ച് പുനരൈക്യതാല്പര്യമുള്ളവരുടെ ഒരു പ്രാർത്ഥനാ കൂട്ടം രൂപമെടുത്തിരുന്നു. പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭാം ഗമായിരുന്ന അയിരൂർ ഇടവകാംഗം ആനക്കല്ലിൽ നൈനാൻ സാർ വെച്ചു ച്ചിറ സ്കൂളിലെ അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫല മായിട്ടാണ് ഈ പ്രാർത്ഥനാകൂട്ടം രൂപപ്പെട്ടിരുന്നത്. ബഹു. ചെറിയാൻ പോളച്ചിറയ്ക്കൽ അച്ചൻ വെച്ചൂച്ചിറയിൽ എത്തി പ്രാർത്ഥനാകൂട്ടത്തിന് വേണ്ട രൂപീകരണം നല്കി ഒരു ഇടവകകൂട്ടായ്മയായി രൂപപ്പെടുത്തി, നെടുംപ്ലാക്കൽ കുഞ്ഞുഞ്ഞിന്റെ ഭവനത്തിൽ ക്രമീകരണങ്ങൾ ചെയ്ത് വിശുദ്ധ കുർബാനയും നടത്തിയിരുന്നു. 1947 ൽ പള്ളിപണിയുന്നതു വരെ ഈ സ്ഥിതി തുടർന്നിരുന്നു. പള്ളിപണിതതിനെ തുടർന്ന് എരു മേലി ഇടവകയുടെ ചുമതലയിൽ നിന്ന് മാറി ബഹു. പോളച്ചിറയ്ക്കൽ അച്ചൻ വെച്ചുച്ചിറപ്പള്ളിയിൽ താമസവും ആരംഭിച്ചു. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി അനേകകുടുംബങ്ങൾ പുനരൈ ക്യപ്പെട്ട് ഇടവകയിൽ ചേർന്നു. 1951 - ൽ അദ്ദേഹം വെച്ചുച്ചിറയിൽ നിന്നും വെണ്ണിക്കുളം ഇടവകയിലേക്ക് സ്ഥലം മാറ്റപ്പെട്ടു. അദ്ദേഹത്തിന്റെ പുന മൈക്യ തീക്ഷ്ണതയുടെ ഫലമായി 1953 -ൽ തെള്ളിയൂർ ഇടവക രൂപ മെടുത്തു. പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ അദ്ദേഹത്തെ സഹായി ക്കാനായി 1953 ജനുവരി മുതൽ ബഹു. ഏബ്രഹാം കളക്കുടി അച്ചനെ സഹവികാരിയായി രൂപതാദ്ധ്യക്ഷൻ നിയമിച്ചു.

1953 ഏപ്രിൽ മാസത്തിൽ ബഹു. പോളച്ചിറയ്ക്കൽ അച്ചനെ കുന്ദംകുളം ഇടവകയിലേക്ക് സ്ഥലംമാറ്റി നിയമിച്ചു. അവിടെ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോ ഴാണ് അദ്ദേഹം മേല്പട്ടക്കാരനായി നിയമിക്കപ്പെടുന്നത്. 1953 ഡിസംബർ 31 -ാം തീയതി മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1954 ഫെബ്രുവരി 27 ന് റമ്പാനായി അഭിഷേകം ചെയ്യപ്പെട്ടു. ഏപ്രി ൽ 22-ാം തീയതി തിരുവല്ലാ രൂപതയിൽ മാർ സേവേറിയോസ് മെത്രാപ്പോലീത്താ യുടെ സഹായമെത്രാനായും സറേപ്തായുടെ സ്ഥാനിക മെത്രാനായും വാഴിക്കപ്പെട്ടു. അഭിഷേക കർമ്മത്തിന് മാർ സേവേറിയോസ് മെത്രാപ്പോ ലീത്താ മുഖ്യകാർമ്മികനും, അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ്, കോട്ടയം രൂപതാദ്ധ്യക്ഷൻ അഭി. തോമസ് തറയിൽ എന്നീ പിതാക്കന്മാർ സഹകാർമ്മികരുമായിരുന്നു. അഭി. സേവേറിയോസ് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ചായിരുന്നു മെത്രാ ഭിഷേകം. മാർപാപ്പായു

ടെ ഇന്ത്യയിലെ പ്രതിനിധി അഭി. മാർട്ടിൻ ലൂക്കസ് ഉൾപ്പെടെ അനേകം വൈദികമേലദ്ധ്യക്ഷന്മാർ മെത്രാഭിഷേക കർമ്മ ത്തിൽ പങ്കാളികളായിരുന്നു. 1955 ജനുവരി 18 ന് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനെത്തുടർന്ന് അന്നുതന്നെ അഡ്മി നിസ്ട്രേറ്ററായും ജനുവരി 27-ാം തീയതി അദ്ധ്യക്ഷനായും രൂപതയുടെ ഔദ്യോഗിക ചുമതല ഏറ്റെടുത്തു. 1977 സെപ്റ്റംബർ 28 ന് അദ്ദേഹം കാലം ചെയ്യുന്നതുവരെയുള്ള ഇരുപത്തി രണ്ടു വർഷത്തെ അദ്ദേഹ ത്തിന്റെ നേതൃത്വം രൂപതയ്ക്ക് നല്കിയ വളർച്ച അത്ഭുതകരവും അസൂയാവഹവുമായിരുന്നു.

### ഉത്തമ ഇടയൻ

കാലം ചെയ്യുന്നതിന് ഒരു മാസം മുമ്പാണ് അദ്ദേഹം നാല് മാസത്തെ വിദേശപര്യടനവും വിശുദ്ധസ്ഥലങ്ങളിലേക്കുള്ള തീർത്ഥാ ടനവും നടത്തി വത്തിക്കാനിൽ പരിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പാ യെയും സന്ദർശിച്ച് തിരുവല്ലാ രൂപത



വിഭജിച്ച് ബത്തേരി രൂപത സ്ഥാപി ക്കുന്നതിനും അതിന്റെ പ്രഥമാദ്ധ്യക്ഷനായി സിറിൽ മലഞ്ചരുവിൽ അച്ചനെ നിയമിക്കുന്നതിനുമുള്ള ക്രമീകരണങ്ങളും ചെയ്തത് തിരുവല്ലാ യിൽ മടങ്ങിയെത്തിയത്. മടക്കയാത്രയിൽ ഡൽഹിയിൽ
ന്യൂൺഷിയേ ച്ചറിൽ എത്തി രൂപതാ വിഭജനകാര്യങ്ങൾക്ക് അന്തിമ രൂപം നല്കിയി രുന്നു. വിദേശപര്യടനം കഴിഞ്ഞു മടങ്ങിയെത്തിയ അദ്ദേഹം സ്വകാര്യ ഡയറിയിൽ ഇപ്രകാരം കുറിച്ചു. ഇനി രൂപതയുടെ ഭൗതികകാര്യങ്ങൾ അന്വേഷിക്കാൻ ഒരു ഏർപ്പാടുണ്ടാക്കണം. എന്റെ ശ്രദ്ധ ആത്മീയകാര്യ ങ്ങളിലേക്ക് - എന്റെയും മറ്റുള്ളവരുടെയും - ആത്മീക വളർച്ചയ്ക്കായി തിരിച്ചുവിടണം. ഞാൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ച് വൈദിക നായത് ഒരു വിശുദ്ധനാകാൻ വേണ്ടിയാണ്. രൂപതയുടെ സാമ്പത്തിക ഭദ്രതയിൽ എനിക്ക് ആകുലതയുണ്ടായിരുന്നു. എന്നാൽ ഇന്നത് സ്വയം പര്യാപ്തതയിലേക്ക് നീങ്ങിയിട്ടുണ്ട്. എന്റെ പരിശ്രമങ്ങൾ വിജയിപ്പിച്ച നുഗ്രഹിച്ച നല്ല ദൈവത്തോട് ഞാൻ നന്ദിയുള്ളവനായിരിക്കണം. ആദി മസഭയോട് അപ്പസ്തോലന്മാർ പറഞ്ഞ വാക്കുകളുടെ ഒരു പരാവർത്ത നമല്ലേ മാർ അത്ത

നാസ്യോസ് മെത്രാപ്പോലിത്തായുടെ ഈ ഡയറിക്കു റിപ്പ്. അപ്പസ്തോലപ്രവർത്തനങ്ങൾ 6: 2-4 ൽ ഇപ്രകാരം രേഖപ്പെടു ത്തിയിരിക്കുന്നു "അതുകൊണ്ട്, പന്ത്രണ്ടുപേർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടി പറഞ്ഞു: ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നത് ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞ വരുമായ ഏഴുപേരെ നിങ്ങളിൽ നിന്നും കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല
ഏല്പിക്കാം ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം". ആദിമസഭയിൽ അപ്പസ്തോലന്മാർ അനുഭവിച്ച അതേ ആത്മീക പ്രേരണ മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിലും നിറഞ്ഞുനിന്നിരുന്നു എന്നു കാണുമ്പോൾ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ ആഴം തിരിച്ചറിയുവാൻ നമുക്കിടയാകുന്നു.

അന്താരാഷ്ട്ര പ്രശസ്തിയിലേക്കുയർന്നു കൊണ്ടിരിക്കുന്ന പുഷ്പഗിരി മെഡിക്കൽ കോളേജും അതിനോടനുബന്ധിച്ചുള്ള അരഡസ്സനിലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാതാവായിരിക്കുന്ന പുഷ്പഗിരി ആശുപത്രിയുടെ തുടക്കക്കാരൻ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത ആണെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ ദീർഘവീക്ഷണം പകൽപോലെ വ്യക്തമാകുന്നു. തിരുവല്ലായുടെ മുഖഛായയായിരുന്ന കൂടാരപ്പള്ളി, സാധുവൃദ്ധരുടെ അഭയകേന്ദ്രമായ പള്ളിമല സ്നേഹസദൻ, രൂപതയുടെ അജപാലന കേന്ദ്രമായ ശാന്തിനിലയം, കോട്ടയം ബേക്കർഹില്ലിലെ സെന്റ് എഫ്രേം എക്യുമെനിക്കൽ പഠനകേന്ദ്രത്തിന്റെ സ്ഥലം, കടവനാട് എസ്റ്റേറ്റ്, വിധുര ലക്ഷ്മി എസ്റ്റേറ്റ്. വണ്ടൻമേട് കറുവാക്കുളം എസ്റ്റേറ്റ്, കാർട്ടിക്കുളം കാപ്പിത്തോട്ടം, കുന്നൂർ എസ്റ്റേറ്റ്, ചെങ്ങരൂർ എസ്റ്റേറ്റ്, ബത്തേരി രൂപതാസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലം, എറണാകുളത്ത് എം. ജി. റോഡിലെ മലങ്കര സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലം, കോന്നി എസ്റ്റേറ്റ് ഇവയൊക്കെ സ്വരുക്കൂട്ടുന്നതിൽ അദ്ദേഹം കാട്ടിയ നേതൃത്വം അനുകരണീയമാണ്. വാടകക്കാരൻ വഞ്ചനകാട്ടി എറണാകുളം എം. ജി. റോഡിലെ സ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ സുപ്രീം കോടതിവരെ നീണ്ട നിയമയുദ്ധത്തിലൂടെ ഉടമ സ്ഥാവകാശം ഉറപ്പിച്ചെടുത്തതിന്റെ ചരിത്രം രോമാഞ്ചത്തോടെ മാത്രമേ ഓർക്കാൻ സാധിക്കൂ. സഭാത്മക വളർച്ചയ്ക്കായി അദ്ദേഹം ക്രമീകരിച്ച സംവിധാനങ്ങളും സംഘടനകളും അനവധിയാണ്. വൈദികസെനറ്റ്, അജ പാലനസമിതി, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, അദ്ധ്യാപക ഗിൽഡ്, സാമൂഹ്യക്ഷേമബോർഡ്, യുവദീപം, എ. കെ. സി. സി., കെ. സി. എസ്. എൽ., തിരുവല്ലാ



രണ്ടാം വത്തിക്കാൻ കൗൺസിലിൽ

സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടങ്ങിയവ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയത്
അഭി. പിതാവാണ്. അതിനായി ശാന്തിനിലയം
പാസ്റ്ററൽ ആന്റ് കാറ്റക്കെറ്റിക്കൽ സെന്റർ അദ്ദേഹം സ്ഥാപിച്ചു. ജർമ്മനിയിൽ പഡർബോണിലെ "ജോഹാൻ - ആദം - മേഹ്ളർ" ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഒരു എക്യൂമെനിക്കൽ സെന്റർ സ്ഥാപിക്കാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. കോട്ടയം ബേക്കർഹില്ലിൽ അതിനുള്ള സ്ഥലവും വാങ്ങിയിരുന്നു. ബഹു. ജേക്കബ് തെക്കേപ്പറമ്പിൽ അച്ചനെ വിദേശപഠനത്തിന് നിയോഗിച്ചത് ഈ ഉദ്ദേശത്തിലായിരുന്നു. കോട്ടയത്തെ 'സീരി' അഭി. പിതാവിൻറെ ഈ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ്.

ശുശ്രൂഷകൾക്ക് പണം കണ്ടെത്തുന്നതിലെന്ന പോലെ അത് സാധുക്കൾക്ക് പ്രയോജനകരമായി വിനിയോഗിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. 1300 യുവതികളുടെ വിവാഹത്തിന് സഹായിച്ചതായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. 6590 വിദ്യാർത്ഥികളെ സ്കൂൾ പഠനത്തി
നും ഉന്നതവിദ്യാഭ്യാസത്തിനും സഹായിച്ചതായും ഭവനനിർമ്മാണപദ്ധതിപ്രകാരം 733 ഭവനങ്ങൾ സാധുക്കൾക്കായി നൽകിയതായും രേഖയിൽ നിന്നും മനസ്സിലാക്കാം. പശ്ചിമ ജർമ്മനിയിലെ ജോലിസാദ്ധ്യത മനസ്സിലാക്കി ഇരുനൂറിൽപരം യുവതികളെ തെരഞ്ഞെടുത്ത് നഴ്സിംഗിനായി അവിടേയ്ക്കയച്ചു. അതുവഴി രൂപതയിലെ നൂറുകണക്കിന് കുടുംബങ്ങളെ സാമ്പത്തികമായി ഔന്നത്യത്തിലെത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

കാര്യമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും അദ്ദേഹം ആരംഭിച്ചിട്ടില്ല. അതിന്റെ പേരിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നവരുണ്ടായേക്കാം. എന്നാൽ അദ്ദേഹത്തിന്റെ ദർശനം മനസ്സിലാക്കുമ്പോൾ അദ്ദേഹത്തോടുള്ള നമ്മുടെ ആരാധന വർദ്ധിക്കും. സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ പണം മുടക്കാതെ ആ പണം ഉപയോഗിച്ച് സമർത്ഥരായ കുട്ടികളെ കണ്ടെത്തി പഠിപ്പിച്ച് വളർത്തുക, സ്ഥാപനം വളർത്തുന്നതിനു പകരം വ്യക്തികളെ വളർത്തുക. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ 6590 പേരെ കണ്ടെത്തി സഹായം നൽകി പഠിപ്പിച്ചു വളർത്തിയതായി നാം നേരത്തെ കണ്ടു.

മലങ്കര ആരാധനാക്രമത്തിന്റെ തനിമയും പരിശുദ്ധിയും പരിപാലിക്കുന്നതിലും പൈതൃകങ്ങൾ സംരക്ഷിക്കുന്നതിലും അദ്ദേഹം പുലർത്തിയിരുന്ന നിഷ്ഠയും കാർക്കശ്യവും പിൻതലമുറകളിലേക്ക് പകർത്തപ്പെട്ടതുകൊണ്ടാണ് മലങ്കര കത്തോലിക്കാസഭ അവളുടെ തനതുശൈലി
പുലർത്തുന്നതിൽ ഇന്നും മുന്നിട്ടുനിൽക്കുന്നത്. അദ്ദേഹത്തിന്റെ വിശുദ്ധ കുർബാനയുടെയും
പ്രാർത്ഥനകളുടെയും ഇമ്പവും മാധുരിയും ഇപ്പോഴും ഒളിമങ്ങാതെ അനേകരുടെ മനസ്സിൽ തെളിഞ്ഞുകിടക്കുന്നുണ്ട്.

വ്യക്തികളെ ആഴത്തിൽ അപഗ്രഥിക്കുന്നതിനും വിലയിരുത്തി മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന സിദ്ധി അനിതരസാധാരണമായിരുന്നു. അദ്ദേഹം വൈദികജീവിതത്തിലേക്ക് വിളച്ചു വേർതിരിച്ചവരിൽ ആറ്പേർ; മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, തോമസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, ഏബ്രഹാം മാർ യൂലിയോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ്, ഗീവർഗീസ് മാർ മക്കാറിയോസ് എന്നിവർ മേല്പട്ടക്കാരായി എന്നു മനസ്സിലാക്കുമ്പോൾ അദ്ദേഹത്തിന്റെ അന്തർജ്ഞാനസിദ്ധിയുടെ ആഴം വെളിവാകുന്നുണ്ട്. അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത വൈദികനായിരുന്നപ്പോൾ അദ്ദേഹത്തെ കൂടെകൊണ്ടു നടന്ന് മേല്പട്ടശുശ്രൂഷയ്ക്ക് ഒരുക്കിയെന്നുള്ളതും അദ്ദേഹത്തിന്റെ സഭാസ്നേഹത്തിന്റെയും ക്രാന്തദർശിത്വത്തിന്റെയും അന്തർജ്ഞാനസിദ്ധിയുടെയും മകുടോദാഹരണമാണ്. ബഹുമാനപ്പെട്ട സിറിൽ മലഞ്ചെരുവിൽ അച്ചനെ വൈദിക മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തതും ബത്തേരി രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി നിയമിക്കാൻ പരിശുദ്ധ സിംഹാസനത്തോട് ശുപാർശ ചെയ്തതും വെളിവാക്കുന്നതും ഇതല്ലാതെ മറ്റെന്താണ്? മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഇന്ന് കൈവന്നിരിക്കുന്ന സ്വയംഭരണാവകാശത്തിന്റെയും കാതോലിക്കാസ്ഥാനലബ്ധിയുടെയും ഒരു കാരണം സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ മലങ്കര കത്തോലിക്കാസഭയിൽ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി വന്നു എന്നതാണ്. അതിനു ഹേതുവായത് സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ ഉൾക്കാഴ്ചയും.
സഭയിൽ പ്രാദേശികതലത്തിലും ദേശീയതല





ത്തിലും അന്തർദേശീയ തലത്തിലും സാർവ്വത്രി കസഭാവേദികളിലും സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവ ദശകങ്ങളായി നടത്തിയ ബൗദ്ധിക ഇടപെടലുകളും, സംവാദങ്ങളും ചർച്ചകളുമാണ് ഒരു പൗരസ്ത്യസഭ എന്ന നിലയിൽ മല ങ്കര കത്തോലിക്കാസഭ അതിന്റെ കാനോ

നിക പൂർണ്ണത നേടിയെടുക്കു വാൻ ഇടയാക്കിയത്. സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവായ്ക്ക് ഇപ്രകാരമുള്ള ഇടപെടലുകൾക്കും ചർച്ചകൾക്കും സംവാദങ്ങൾക്കും സാദ്ധ്യത ലഭിച്ചത് അദ്ദേഹം മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതു കൊ ണ്ടാണ്. അദ്ദേഹം മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ഉൾക്കാഴ്ചയുടെ ഫലവും. ചുരുക്കത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഇന്നത്തെ നൈയ്യാമികവും കാനോനികവുമായ സ്വയംഭരണാവകാശപദവിലബ്ധിയുടെ പരോക്ഷമായ കാരണക്കാരൻ സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായാണെന്നു പറഞ്ഞാൽ അത് അതിശയോക്തിയാവില്ല



# സിസ്റ്ററും കുട്ടികളും.

## കുരിശ് വരയ്ക്കുന്നതെങ്ങനെ?
## കുരിശ് വന്ദിയ്ക്കുന്നത് വിഗ്രഹാരാധനയോ?

അജി ജോസഫ്

**സിസ്റ്ററെ, തിരക്കിലാണോ?**

സ്കൂൾ ലൈബ്രറിയിൽ നിന്നും പുറത്തിറങ്ങിയ ഹൃദ്യ സിസ്റ്ററിന്റെ പിന്നിൽ നിന്ന് കുട്ടികൾ തിരക്കി. സ്കൂൾ ഹോസ്റ്റലിൽ താമസിക്കുന്നത് കൊണ്ട് ഹോസ്റ്റലിലെ കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷവും സ്കൂൾ മൈതാനവും ലൈബ്രറിയും ഉപയോഗിക്കാം. ആൻസി, ബ്ലസി, ജയ്സ് ഇവർ മൂവരും സ്കൂളിലെ പഠനങ്ങൾക്ക് പുറമെ മറ്റെല്ലാ ആക്ടിവിറ്റീസിനും മുൻപന്തിയിലായത് കൊണ്ട് അദ്ധ്യാപകർക്കെല്ലാം അവരോട് പ്രത്യേക മമതയുണ്ട്.

”ഇല്ല കുഞ്ഞുങ്ങളെ, എന്താണ് ഇന്നത്തെ സംശയം‘. മിക്കവാറുമുള്ള അവരുടെ സംശയങ്ങൾ ദുരീകരിച്ച് കൊടുക്കുന്നത് സിസ്റ്റർ ഹൃദ്യയാണ്. പ്രത്യേകിച്ച് ബൈബിളും മറ്റു ആത്മീയ വിഷയങ്ങളും. ചിലപ്പോഴൊക്കെ കുട്ടികളുടെ സംശയങ്ങൾ കേട്ട് സിസ്റ്റർ ആശ്ചര്യപ്പെട്ടിട്ടുണ്ട്.

കുരിശിനെ വന്ദിക്കുന്നത് വിഗ്രഹാരാധനയാണോ പതിവ് പോലെ ജയ്സ് തന്നെയാണ് തുടക്കമിട്ടത്. ജയ്സിനോട് സംസാരിക്കുമ്പോൾ ഒരല്പം ശ്രദ്ധിക്കണമെന്ന് അദ്ധ്യാപകർക്കിടയിൽ അടക്കം പറച്ചിലുണ്ട്. സംശയങ്ങൾ തുറന്ന് ചോദിച്ച് മനസിലാക്കാനുള്ള നല്ലൊരു കഴിവ് അവനിലുണ്ട്. ഏറ്റവും വലിയ ഭീകരന്മാരായ കുറ്റവാളികളെ ക്രൂ



രമായി കൊല്ലാനുപയോഗിച്ച നിന്ദ്യവും ഹീനവുമായ വസ്തുവല്ലേ കുരിശ്. ആൻസിയും ബ്ലസിയും ഒരുമിച്ചു. ഇവർ മൂവരും ചേർന്നാൽ
പിന്നെ സംസാരിക്കാതിരിക്കാൻ തോന്നില്ല. എല്ലാ വിഷയത്തെ പറ്റിയും നല്ല അവഗാഹമുള്ള കുട്ടികൾ. അത്രമാത്രം ഭീകര വസ്തുവായ കുരിശ് കർത്താവായ യേശുക്രിസ്തുവിന്റെ തിരുബലിയോട് കൂടി മഹത്വമുള്ളതായിത്തീർന്നു കുഞ്ഞുങ്ങളെ. സിസ്റ്റർ ഹൃദ്യ അവരുടെ അടുത്ത സംശയത്തിനായി കാതോർത്ത് നിന്നുകൊണ്ട് അവരെ നോക്കി പുഞ്ചിരിച്ചു.

എന്നാലും കുരിശു നിർമ്മിച്ചിരിക്കുന്ന വസ്തുക്കളെ (തടി, ലോഹം) നാം ആരാധിക്കുന്നില്ലെ?
ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മരണത്തിനും അതിലൂടെ പുനരുത്ഥാനത്തിനും മുഖാന്തരമായ വിശുദ്ധ കുരിശിനെയാണ് നാം ബഹുമാനിക്കുന്നത്. ദൈവസ്നേഹത്തോടുള്ള വണക്കമാണ് അതിലൂടെ അർത്ഥമാക്കുന്നത്. അല്ലാതെ കുരിശ് നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കളെ നാം ആരാധിക്കുന്നില്ല. കുരിശ് കൂദാശ ചെയ്യപ്പെടുന്നില്ല എന്ന കാര്യം അറിയാമല്ലോ അല്ലേ, സിസ്റ്റർ കുട്ടികളെ നോക്കി. അറിയാമെന്നവർ തലയാട്ടി.

ശൂന്യമായ കുരിശ് എന്തിനാണ് മലങ്കര പള്ളികളിൽ ബ്ലസി ഇടയ്ക്ക് കയറി സംശയം ഉന്നയിച്ചു.

കുട്ടികൾ വിടുന്നമട്ടില്ലെന്ന് സിസ്റ്ററിനു മനസിലായി. ഈസ്റ്റർ കുരിശ് അഥവാ ഉത്ഥാന കുരിശാണ് മലങ്കര സഭ ഉപയോഗിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലാണ് സഭയുടെ പ്രത്യാശയെന്ന് മുമ്പ് ഞാൻ പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. ക്രൂശിക്കപ്പെട്ട ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തിന്റെ സ്ഥിരീകരണമാണ് ശൂന്യമായ കുരിശ്.

പുനരുത്ഥാനത്തിലൂടെയാണ് മനുഷ്യവർഗത്തിന്റെ രക്ഷയുണ്ടായത്. പുനരുത്ഥാനത്തിലൂടെയാണ് കുരിശ് ബഹുമാന്യ വസ്തുവായത്. ആ കുരിശിനെ ആദരിക്കുന്നതിലൂടെ കർത്താവിന്റെ ക്രൂശുമരണത്തെയും പുനരുത്ഥാനത്തെയും അംഗീകരിക്കുകയും വിശ്വസിക്കുകയുമാണ് സഭ ചെയ്യുന്നത് അത് ഒരിക്കലും വിഗ്രഹാരാധനയാകുന്നില്ല.

**കുരിശ് വരയ്ക്കുന്നതെന്തിന്? കുരിശ് വരയ്ക്കുന്നതെങ്ങനെ?**

വരു കുഞ്ഞുങ്ങളെ നമ്മുക്ക് അവിടെയിരിക്കാം എന്ന് പറഞ് ഹൃദ്യ സിസ്റ്റർ ജയിസ്നെയും ആൻസിയെയും ബ്ലസിയെയും കൂട്ടി മൈതാനത്തിലെ പ്ലാവിന്റെ ചുവട്ടിൽ പ്രത്യേകമായി ഒരുക്കിയ ഇരിപ്പിടത്തേയ്ക്ക് നടന്നു.
ആട്ടെ നിങ്ങളൊന്ന് കുരിശ് വരച്ച് കാണിക്കാമോ സിസ്റ്റർ മൂവരെയും നോക്കി.

വലതു കൈയിലെ അവസാനത്തെ രണ്ടു വിരലുകൾ (മോതിരവിരലും ചെറുവിരലും) ഉള്ളംകൈയോട് ചേർത്ത് മടക്കിവച്ച് മറ്റ് മൂന്ന് വിരലുകൾ ഒരുമിച്ച് ചേർത്ത് പിടിച്ച് നെറ്റിയിൽ നിന്നും നെഞ്ചിലേയ്ക്കും, ഇടത്തെ തോളിൽ നിന്ന് വലത്തെ തോളിലേയ്ക്കും, വീണ്ടും നെഞ്ചിലേയ്ക്കും മൂന്ന് വിരലുകൾ സ്പർശിച്ച് കുട്ടികൾ കുരിശുവര പൂർത്തിയാക്കുന്നത് ഹൃദ്യ സിസ്റ്റർ ശ്രദ്ധയോടെയും കൗതുകത്തോടെയും നോക്കി നിന്നു.

കുട്ടികൾ - സിസ്റ്റർ എന്തിനാണ് നമ്മൾ കുരിശു വരയ്ക്കുമ്പോൾ ഇപ്രകാരം വിരലുകൾ പിടിക്കുന്നത്?

സിസ്റ്റർ- വിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമായിട്ടാണ് മൂന്ന് വിരലുകൾ ചേർത്തു പിടിക്കുന്നത്. രണ്ടു വിരലുകൾ മടക്കി വയ്ക്കുന്നത്; മറ്റുള്ളവയെല്ലാം വിശുദ്ധ ത്രിത്വത്തിനു താഴേയാണെന്ന് കാണിക്കാനുമാണ്.

ജയ്സ് - അങ്ങനെയെങ്കിൽ എന്തിനാണ് നെറ്റിയിൽ നിന്ന് നെഞ്ചിലേയ്ക്കും പിന്നെ ഇടത്തെ തോളിൽ നിന്ന് വലത്തേയ്ക്കും വരയ്ക്കുന്നത് അതിനും ഇത് പൊലെ എന്തെങ്കിലും അർത്ഥമുണ്ടോ സിസ്റ്റർ...

സിസ്റ്റർ - ഇടത്തെ തോളിൽ നിന്ന് വലത്തോട്ട് കുരിശ് വരയ്ക്കണമെന്ന നിയമമുണ്ടാക്കിയത് അന്ത്യോക്യയിലെ മാർ സേവേറിയോസ് പാത്രിയർക്കീസാണ്. പൗരസ്ത്യ സുറിയാനി വിശ്വാസികൾ കുരിശുവരയ്ക്കുന്നത് വലത്തെ തോളിൽ നിന്നും ഇടത്തേക്കാണ്.
നമ്മുടെ കർത്താവ് സ്വർഗ്ഗത്തിൽ നിന്നിറങ്ങി ഭൂമിയിൽ വന്ന് പാപത്തിന്റെ വഴികളിൽ ഇടത്തേ ഭാഗത്തായിരുന്ന മനുഷ്യവർഗ്ഗത്തെ രക്ഷയുടെ വലതുഭാഗത്തേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാണ് കുരിശ് വരയിലൂടെ നമ്മൾ സാക്ഷിക്കുന്നത്.

ആൻസി- ഒന്ന് കൂടി വിശദമാക്കി പറയാമൊ ?
സിസ്റ്റർ-
1. നെറ്റിയിൽ നിന്ന് നെഞ്ചിലേയ്ക്ക് - സ്വർഗത്തിൽ നിന്ന് താണിറങ്ങിയതിനെ സൂചിപ്പിക്കുന്നു.


2. ഇടത്തെ തോളിൽ നിന്ന് വലത്തെ തോളിലെയ്ക്ക് - സാത്താന്റെ അടിമത്വത്തിൽ നിന്ന് ക്രൂശുമരണത്തിലൂടെ വീണ്ടെടുത്ത് ദൈവമക്കളാക്കി തീർത്തതിനെ സൂചിപ്പിക്കുന്നു.

3. വീണ്ടും നെഞ്ചിലേയ്ക്ക് - ഇത് ഞാൻ വിശ്വസിക്കുന്നു എന്നതിന്റെ വെളിപ്പെടുത്തൽ.

ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് മനുഷ്യവർഗത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വീണ്ടെടുത്തിന്റെ സ്മരണയ്ക്കും സാത്താന്റെ പരീക്ഷണങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും രക്ഷയുടെ ആയുധമായ കുരിശിലൂടെ സംരക്ഷണം ലഭിക്കുന്നതിനുമാണ് നാം കുരിശ് വരയ്ക്കുന്നത്. മാത്രമല്ല കുരിശുവരയിലൂടെ മഹത്തായ ദൈവീകരഹസ്യം പ്രഘോഷിക്കുകയാണ് നാം ചെയ്യുന്നത്.
വിശുദ്ധ കുരിശിനെ കുറിച്ചും കുരിശുവരയെ കുറിച്ചും മറ്റെന്തെങ്കിലും സംശയങ്ങളുണ്ടോ സിസ്റ്റർ ഹൃദ്യ കുട്ടികളെ നോക്കി.

ജയ്സ് - പൗരസ്ത്യ സഭകളിൽ നിന്നും പുരോഹിതരോ വിശ്വാസികളോ റോമാ സഭയോട് ചേർന്നാൽ അതിനെ 'പുനരൈക്യം' എന്ന് എങ്ങനെ പറയാനാകും? എന്നൊക്കെ സോഷ്യൽ മീഡിയയിൽ ചില ചോദ്യങ്ങൾ ശ്രദ്ധിച്ചിരുന്നു. മലങ്കര സഭയുടെ പുനരൈക്യത്തെ കുറിച്ച് പറയാമോ സിസ്റ്ററമ്മേ,,,
പറയാം. പക്ഷേ ഇപ്പൊ സിസ്റ്ററിനു അല്പം തിരക്കുണ്ട്. ഇനിയൊരിക്കൽ വിശദമായി പറഞ്ഞു തരാം. വിശുദ്ധ കുരിശിനെ കുറിച്ചും കുരിശുവരയെ കുറിച്ചും മറ്റെന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ കുറിച്ചുവച്ച് ചോദിക്കാൻ മറക്കരുതേ എന്ന് പറഞ്ഞുകൊണ്ട് സിസ്റ്റർ ഹൃദ്യ അവിടുന്ന് എഴുന്നേറ്റു. താങ്ക്യു സിസ്റ്റർ... കുട്ടികൾ മൂവരും പറയാൻ മറന്നില്ല.

# യെരുശലേമിന്റെ ആഴങ്ങളിൽ



ഫാ. റിനു വർഗീസ്
വയലുംകരോട്ട്, പുറമറ്റം

പുരാതന യെരുശലേമിന്റെ തെരുവുകൾ, നൂറ്റാണ്ടുകളുടെ ചരിത്രം തേഞ്ഞുമുറിഞ്ഞ കല്ലുകൾ, ഹെലനി രാജ്ഞിയുടെ ആത്മാവിൽ ആഴത്തിലുള്ള മുറിവുകൾ ഉണ്ടാക്കി. ഓരോ കല്ലും ഒരോ കഥ പറയുന്നതുപോലെ അവൾക്ക് തോന്നി. ഹൃദയം നിറഞ്ഞ വിശ്വാസത്തോടെ, അവൾ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പരിശുദ്ധ കുരിശ് തേടിയിറങ്ങി.

ഖനനം പുരോഗമിക്കുമ്പോൾ, ഓരോ കുട്ട മണ്ണും കോരിയിടുമ്പോഴും ഹെലനിയുടെ ഹൃദയമിടിപ്പും വർദ്ധിച്ചു കൊണ്ടിരിന്നു. ഈ പുരാതന നഗരത്തിന്റെ ആഴങ്ങളിൽനിന്ന് എന്തെല്ലാം രഹസ്യങ്ങൾ പുറത്തുവരുമെന്ന ആകാംക്ഷയോടെ അവൾ നിന്നു. ദിവസങ്ങൾ നീണ്ട തിരച്ചിലിനൊടുവിൽ, അവൾക്ക് അവിടെനിന്നു മൂന്ന് മരക്കുരിശുകൾ കിട്ടി.

ആ നിമിഷം ഹെലനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. “എന്റെ ദൈവമേ, ഏതാണ് യേശുവിന്റെ കുരിശ്?” അവൾ മന്ത്രിച്ചു. തന്റെ കൈകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി, അവൾ അദൃശ്യമായ സ്വാർഗീയ ശക്തിയിൽ അഭയം പ്രാപിച്ചു. പിന്നീട്, മൂന്ന് കുരിശുകളിലും വളരെ ശ്രദ്ധയോടെ തൊട്ടുനോക്കി. കർത്താവിന്റെ കുരിശ് തിരിച്ചറിയാൻ അവൾക്ക് സാധിച്ചില്ല. അവൾ അതീവ ദുഃഖിതയായി. അപ്പോഴാണ്, യെരുശലേമിലെ ഒരു വൃദ്ധൻ അവളുടെ അടുത്തേക്ക് വന്നത്. അയാളുടെ കണ്ണുകളിലെ ജ്വലിച്ചിരുന്ന വിശ്വാസം ഹെലനിയെ ആശ്വസിപ്പിച്ചു. “രാജ്ഞി,” അയാൾ പറ



ഞ്ഞു, "ഈ നഗരത്തിലെ ഓരോ കല്ലുകൾക്കും യേശുവിന്റെ കഥ പറയുന്നുണ്ട്. നിങ്ങളുടെ ഹൃദയം കൊണ്ട് അത് കേൾക്കുക."
ഹെലനി അയാളുടെ വാക്കുകൾ ആഴത്തിൽ ആലോചിച്ചു. മൂന്ന് കുരിശുകളും ഒരുമിച്ച് ഉയർത്താൻ അവൾ തന്റെ സൈന്യത്തോട് ആവശ്യപ്പെട്ടു. അവയെല്ലാം ഉയർന്നു നിന്നപ്പോൾ, ആകാശം പിളർന്ന് ഒരു ശോഭയുള്ള പ്രകാശം അവരുടെ മേൽ വീണു. അത് യേശുവിന്റെ കുരിശിൽ ലയിച്ചു.

ഹെലനി തന്റെ കൈകൾ മുന്നോട്ട് നീട്ടി. "ദൈവമേ, ഇതുതന്നെയാണ് അത്!" അവൾ ഉറക്കെയുറക്കെ വിളിച്ചുപറഞ്ഞു. ആ നിമിഷം യേശുവിന്റെ അനന്തമായ സ്നേഹം അവളുടെ ഹൃദയത്തെ തൊട്ടുണർത്തി.

അവൾ കണ്ടെത്തിയ കുരിശ് ഹെലനിയുടെ ജീവിതം മാത്രമല്ല, ലോകത്തെ മുഴുവൻ മാറ്റിമറിച്ചു. അത് ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ പ്രതീകമായി മാറി. ഓരോ കുരിശും യേശുവിന്റെ അനന്തവും നിസ്തുലവുമായ സ്നേഹത്തെ പ്രതിനിധീകരിക്കുന്നു എന്ന വിശ്വാസം ലോകമെമ്പാടും പടർന്നുപന്തലിച്ചു.

യെരുശലേമിന്റെ ആഴങ്ങളിൽ നിന്ന് ഉയർന്നുവന്ന കുരിശ്, ലോകത്തിന്റെ ഓരോ മൂലയിലും പ്രത്യാശയുടെ ഒരു പ്രഭാവലയം തന്നെ സൃഷ്ടിച്ചു. ഹെലനി രാജ്ഞിയുടെ ഹൃദയത്തിൽ ഉരുവായ ആഗ്രഹം, മനുഷ്യരാശിയുടെ മുഴുവൻ മനസുകളിലും പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഒരു പുതിയ വാതായനം തുറന്നിട്ടു.

"ഈ കുരിശ് ഞങ്ങൾക്ക് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ നിസ്വാർത്ഥവും നിസ്തുലവുമായ ദൈവസ്നേഹത്തെ ഓർമ്മിപ്പിക്കുന്നു," ഹെലനി പറഞ്ഞു. "അദ്ദേഹം നമ്മൾക്കായി തന്റെ ജീവനെ നൽകി. അതുകൊണ്ട് നമുക്ക് ക്രിസ്തുവിനെ സ്നേഹിക്കാനും സേവിക്കാനും അവിടുത്തെ കല്പനകൾ അനുസരിക്കുവാനും ബാധ്യതയുണ്ട്."

ആ നിമിഷം യെരുശലേമിൽ ഒരു പുതിയ അധ്യായം തുടങ്ങുകയായിരുന്നു. ഹെലനി രാജ്ഞിയുടെ ഹൃദയത്തിൽ നിന്ന് ഉത്ഭവിച്ച ഒരു പ്രത്യാശയുടെ പ്രകാശം ലോകത്തെ മുഴുവൻ അങ്ങനെ പ്രശോഭിതമാക്കി.



# നഷ്ടപ്പെടുന്ന സമയം. ജീവിതം.



സെയ്ഫ് മണപ്പള്ളി

ഒമ്പതാം ക്ലാസിലായിരുന്നു സെറീന പഠിച്ചിരുന്നത്. അത്യാവശ്യം നല്ല രീതിയിൽ ഉയർന്ന പഠന നിലവാരമുള്ള മിടുക്കിയായിരുന്നു അവൾ. എല്ലാ വിഷയങ്ങൾക്കും 90 ശതമാനത്തിനും മുകളിൽ മാർക്ക് നേടിയിരുന്ന സെറീനയോട് ടീച്ചർമാർക്ക് ഏറെ മതിപ്പായിരുന്നു. നല്ല അച്ചടക്കമുള്ള കുട്ടിയെന്ന നിലയിലും ശ്രദ്ധ പിടിച്ചു പറ്റി. അങ്ങനെയിരിക്കെയാണ് ലോകത്തെയാകെ പിടിച്ചുകുലുക്കി കൊണ്ട് മഹാമാരിയായ കോവിഡ് കാലം ആരംഭിക്കുന്നത്. സ്കൂളുകൾ ദീർഘകാലത്തേക്കായിഅടച്ചു. ക്ലാസുകൾ ഓൺലൈനായി മാറി. സാമ്പത്തികമായി പിന്നോക്കമായിരുന്ന സെറീനയുടെ മാതാപിതാക്കൾ ഏറെ ബുദ്ധിമുട്ടി മകൾക്കൊരു മൊബൈൽ വാങ്ങി കൊടുത്തു. ഓൺലൈൻ ക്ലാസുകൾ അറ്റന്റ് ചെയ്യാനാണ് മൊബൈൽ വാങ്ങി കൊടുത്തതെങ്കിലും, പതിയെ പതിയെ യൂടൂബും മറ്റ് സോഷ്യൽ മീഡിയാ സംവിധാനങ്ങളും സെറീനയെ വല്ലാതെ ആകർഷിച്ചു. പഠനത്തിൽ ഒട്ടും ശ്രദ്ധ പുലർത്താൻ കഴിയാത്ത അവസ്ഥ സംജാതമായി. വീട്ടിൽ മാതാപിതാക്കൾ കഴിവിന്റെ പരമാവധി അവളെ ഉപദേശിച്ചു നോക്കിയെങ്കിലും എല്ലാം വിഫലമായി. അങ്ങനെയിരിക്കെ ഒമ്പതാം ക്ലാസിലെ വാർഷിക പരീക്ഷ നടന്നു.

റിസൾട്ട് വന്നപ്പോൾ 90 ശതമാനത്തിലധികം മാർക്ക് വാങ്ങിയിരുന്ന കുട്ടി കഷ്ടിച്ചു ജയിച്ചു കയറി. അവളെ പഠിപ്പിച്ചിരുന്ന അദ്ധ്യാപകരും സഹപാഠികളും സെറീനയുടെ റിസൾട്ട് കണ്ട് ഞെട്ടിപ്പോയി. മിടുക്കിയായ പെൺകുട്ടിയിലുണ്ടായ മാറ്റം അവരിലും വിഷമമുണ്ടാക്കി.

പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. സെറീന പത്താം ക്ലാസിലെത്തി.. ഓൺലൈൻ ക്ലാസുകളോടെ തുടങ്ങിയ ക്ലാസുകൾ മാസങ്ങൾ പിന്നിട്ട്, സ്കൂളുകൾ തുറന്ന് ക്ലാസുകൾ ആരംഭിക്കുന്ന നിലയിലേക്കെത്തി.

ലോകം പതുക്കെ കോവിഡിന്റെ വ്യാപനത്തിൽ നിന്ന് മുക്തി നേടി സാധാരണ നിലയിലേക്ക് എത്തിച്ചേരുകയായിരുന്നപ്പോൾ .

സെറീനയുടെ പഠനത്തിൽ അപ്പോഴും മാറ്റങ്ങളൊന്നും ഉണ്ടായില്ല. സ്കൂളിൽ നിന്ന് വീട്ടിലെത്തിയാൽ എല്ലാം പഴയപടി തന്നെ.

മൊബൈലിൽ മാത്രമായി അവളുടെ ലോകം ചുരുങ്ങി. വഴക്കും ബഹളവുമൊക്കെയായി മാതാപിതാക്കൾ കുറേയൊക്കെ ശ്രമിച്ചു. രക്ഷയില്ലെന്ന് കണ്ടപ്പോൾ അവരും നിസംഗരായി തീർന്നു.

അങ്ങനെ ഏറെ വിലപ്പെട്ട പത്താം ക്ലാസ് വിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടമെത്തി. പരീക്ഷ കഴിഞ്ഞു. റിസൾട്ട് വരാറായപ്പോൾ എല്ലാവരും അതിന്റെ പിന്നാലെയായി. സെറീനയുടെ മാതാപിതാക്കൾ അക്കാര്യം ശ്രദ്ധിച്ചതേയില്ല. ഏറെ പ്രതീക്ഷയോടെ വളർത്തിയ തങ്ങളുടെ മകൾ പഠനം ഉഴപ്പിയത് കാരണം അവരതൊന്നും ശ്രദ്ധിക്കാൻ താല്പര്യം പ്രകടിപ്പിപ്പിച്ചില്ല എന്നതാണ് സത്യം .
പക്ഷേ, ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് സെറീന സ്കൂളിലെ തന്നെ ഏറ്റവും ഉയർന്ന മാർക്കോടെ വിജയിച്ചു.. സെറീനയുടെ മാതാപിതാക്കൾക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഈ വിജയം അവരെ ആഹ്ലാദത്തിന്റെ കൊടുമുടിയിലെത്തിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഇതിൽപരമൊരു സന്തോഷം വേറെന്തുണ്ട് ?

പഠനത്തിൽ ഏറെ പിന്നോക്കം പോയ സെറീനയെ, ഗതി മാറ്റി വീണ്ടും ഉയർന്ന നിലയിലേക്കെത്തിക്കാൻ ചേർത്തുനിർത്തലിന്റെ കഥയുണ്ട്., ഒപ്പം അവളിൽ ആത്മവിശ്വാസം വളർത്തിയെടുത്തതിന്റെയും ഏറെ വിശിഷ്ടമായ സംഭവകഥ.

സ്കൂളിലെ പ്രിൻസിപ്പൽ റവ.ഫാദർ ഫെർണാണ്ടസ് മിക്ക കുട്ടികളേയും നിരീക്ഷിക്കുകയും, അവരുടെ റിസൾട്ട് പരിശോധിക്കുകയും ചെയ്യുക പതിവായിരുന്നു. ഏതെങ്കിലും കുട്ടിയുടെ പഠന നിലവാരം പെട്ടെന്ന് താഴേക്ക് വന്നാൽ അവരെ വിളിച്ച് സ്നേഹസ്വരൂപേണ ഉപദേശിക്കുക ഫാദറിന്റെ പതിവായിരുന്നു. അങ്ങനെയാണ് സെറീന ഫാദറിന്റെ ശ്രദ്ധയിൽ പെടുന്നത്. ഒരു ദിവസം സെറീനയെ വിളിച്ച് വിവരങ്ങളന്വേഷിച്ചു. വിദ്യാഭ്യാസത്തിൽ പിന്നോക്കം പോയാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെ കുറിച്ച് ഏതാണ്ട് ഒരു മണിക്കൂറോളം





പാഴാക്കുന്ന സമയം, ജീവിതം.

വിശദീകരിച്ചു. പഠനത്തെക്കുറിച്ച് നേരിട്ട് പ്രതിപാദിക്കാതെ വ്യത്യസ്തമായ ഒരു ശൈലിയിൽ സമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഫാദർ സംസാരിച്ചു തുടങ്ങിയത്.

കുട്ടീ, നിത്യജീവിതത്തിൽ നമുക്കേറ്റവും വിലപ്പെട്ടതാണ് സമയം. സമയം ആർക്കുവേണ്ടിയും കാത്തു നിൽക്കാറില്ലെന്നറിയാമല്ലോ ? ഓരോ നിമിഷവും വളരെ പ്രാധാന്യമർഹിക്കുന്നത് തന്നെയാണ്. സമയം വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവർക്ക് ജീവിതത്തിൽ വിജയം കൈവരിക്കാൻ കഴിയും. സമയം എല്ലാവർക്കും തുല്യമാണ്. പരിമിതമായ ഈ സമയം കൃത്യമായ പദ്ധതിയോടെ വിനിയോഗിക്കാൻ ശ്രമിക്കുകയും സമയനിഷ്ഠ കാത്തു സൂക്ഷിക്കാൻ ബദ്ധശ്രദ്ധരാകുകയും ചെയ്തെങ്കിൽ മാത്രമേ രക്ഷപെടാൻ കഴിയൂ. പല മഹാരഥന്മാരുടേയും വിജയം, സമയത്തെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലൂടെ നേടിയെടുത്തതാണ്. പക്ഷേ, എന്നാലിന്ന് പലരും മടിയും അലസതയും കാരണം സമയം പാഴാക്കുകയാണ്. കുട്ടി മനസിരുത്തിയൊന്ന് ചിന്തിക്കണം. പഠിക്കാനുള്ള ഈയവസരം നഷ്ടപ്പെടുത്തിയാൽ പിന്നെ നമുക്ക് അവസരം കൈവന്നുവെന്ന് വരില്ല. അതു കൊണ്ട് മാക്സിമം ശ്രദ്ധ ചെലുത്തി പഠിച്ചേ തീരൂ..

നമ്മുടെ കൈയിലിരിക്കുന്ന മൊബൈൽ പോലും അതിന്റെ അമിതമായ ഉപയോഗത്തിലൂടെ സമയനഷ്ടം വരുത്തുന്നതാണ്. എന്നാൽ ഈ മൊബൈൽ ഉപയോഗിച്ച് നേട്ടങ്ങൾ കൈവരിക്കാനും കഴിയും. അത്യാവശ്യം തമാശകളും എന്റർടെയ്ൻമെന്റും ആവശ്യമാണ്. എന്നാലും ഇപ്പോൾ കൂടുതലും ശ്രദ്ധിക്കേണ്ടത് പഠനത്തിലാണ്.

മൊബൈൽ തന്നെ ഒരു പഠനോപാധിയായി മാറ്റണം കുട്ടി. പഠിക്കാനുള്ള ധാരാളം കാര്യങ്ങൾ അതിൽ സെർച്ച് ചെയ്യൂ..

പഠിക്കുവാനും , ഒപ്പം നല്ലൊരു നാളെ എന്ന സ്വപ്നം പൂവണിയുവാനും വിഘാതമാവുന്ന രീതിയിൽ സമയം മുഴുവനും നഷ്ടപ്പെടുത്തുകയും അതിലൂടെ ജീവിതം പാഴാക്കി കളയുകയും ചെയ്യരുത്. ശ്രദ്ധിക്കുക. കുട്ടി, ജീവിതം ഒന്നേയുള്ളൂ. മനുഷ്യായുസ് പരിമിതമായ വർഷങ്ങൾ മാത്രമാണ്. നമുക്ക് ലഭിച്ച ഈ പരിമിത സമയം കൃത്യമായ പദ്ധതി ആവിഷ്ക്കരിച്ച് , നല്ല ആസൂത്രണത്തിലൂടെ മുന്നോട്ട് കൊണ്ടുപോയെങ്കിൽ മാത്രമേ നമുക്ക് ജീവിതവിജയം കൈവരിക്കാൻ സഹായിക്കുകയുള്ളൂ. ജീവിതം മനോഹരമാണ്, അത് സന്തുഷ്ടകരമാക്കി തീർക്കുക എന്നത് നമ്മുടെ ശ്രമത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ..
അതിനായ് പരിശ്രമിക്കൂ .. സമയം പാഴാക്കാതെ ,നല്ലൊരു ജീവിതം കെട്ടിപ്പടുക്കൂ..കുട്ടീ..
നിനക്ക് നല്ലത് മാത്രം വരട്ടെ.
ഒപ്പം മാതാപിതാക്കളെ വിഷമിപ്പിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. കേട്ടല്ലോ ..

ഫാദറിന്റെ വിലയേറിയ സ്നേഹ സന്ദേശത്തിന് ശേഷം സെറീന, നല്ല രീതിയിൽ പഠിച്ച് ഉയർന്ന മാർക്ക് വാങ്ങി വിജയിക്കണം എന്ന ഒരു ഉറച്ച തീരുമാനത്തിലെത്തുകയായിരുന്നു...
പിന്നീടെല്ലാം അവളുടെ ദൃഢനിശ്ചയത്തിന്റെ വിജയമായിരുന്നു.
ഫാദർ തനിക്ക് നൽകിയ ആത്മവിശ്വാസത്തിന്റെ വിജയം..




# ചിരിക്കുന്ന പാവകൾ



**സന്തോഷ് കണ്ണമ്പറമ്പിൽ**
(ഖത്തർ പ്രവാസി ഇന്ത്യൻ
അസോസിയേഷൻ അഡ്മിൻ )

ഉദരത്തിലെ കൊച്ചിളക്കങ്ങളെയവൾ,
പതിയോടുപമിക്കുന്നു...
"കുറുമ്പനാ നിങ്ങളെപ്പോലെ!

നെറ്റിത്തടത്തിൽ വിടർന്ന
ചുംബനമലരുകളുടെ
ഗന്ധമുള്ള അവന്റെ അധരങ്ങൾ
പാതിയുടെ ഉദരത്തിൽ മന്ത്രിക്കുന്നു..
''നിന്നെപ്പോലെ, ചിരിക്കുമ്പോൾ
നുണക്കുഴിയുള്ള നമ്മുടെ സുന്ദരി മോളാ....."

മകൾക്കുള്ള പേരുകൾ
തിരഞ്ഞുതിരഞ്ഞവനും,
കുഞ്ഞുമകനുള്ള പേര്
തേടി തേടിയവളും
എത്രയോ രാവുകളറിയാതെ
പുലരിയോടടുത്തുവെന്നോ?

ആ ചുവരുകൾ നീ കണ്ടില്ലല്ലോ?
പിറക്കും മുമ്പേ നിനക്കായ് കാഴ്ചയൊരുക്കിയ
താണുണ്ണീ...
ചിരി വിടർത്തിയും, കരഞ്ഞും
മുട്ടുകളിൽ നീന്തിയുമുള്ള
കൊച്ചുണ്ണികളുടെ ചിത്രങ്ങൾ!

നീയറിഞ്ഞിരുന്നോ...
തൊട്ടിലും കളിപ്പാട്ടങ്ങളും നിന്നെ
വരവേൽക്കാൻ കാത്തിരുന്നത്!

ഹൃദയത്തിലും മിഴികളിലും നോവ്
പെയ്യുന്ന ആതുരാലയത്തിലെ വരാന്ത...
മാസമെട്ടായെങ്കിലും വളർച്ചയില്ലാ-
തമ്മയുടെ ഉദരത്തിൽ നിശ്ചലമായവളെ
പുറത്തെടുത്തിരിക്കുന്നു!

അതെ ... അച്ഛൻ കൊതിച്ചവൾ..
അത്രമേലിഷ്ടമോടെ തേടി പിടിച്ച
പേര് കേൾക്കാതെ പോയവൾ.
നുണക്കുഴി കാട്ടി ചിരിക്കാതെ പോയവൾ.
അമ്മമിഴികൾ തോരാതെ പെയ്യുമ്പോഴും നിന്റെ
പാവകൾ ചിരിച്ചിരിപ്പുണ്ടിവിടെ!

**(വർഷങ്ങളായി വന്നുപോകുന്നവർ,പുതുതായി വന്നെത്തുന്നവർ, പൊടുന്നനെ അപ്രത്യക്ഷരാകുന്നവർ,പ്രതീക്ഷയുടെ നിറകണ്ണുകളുമായി ജീവിതത്തിലേക്ക് മടങ്ങിപ്പോകുന്നവർ.കുട്ടികളുടെ കാൻസർ വാർഡിലെ ആ വരാന്ത അനിശ്ചിതത്വത്തിന്റേതാണ്.റീജണൽ കാൻസർ സെന്റർ,തിരുവനന്തപുരത്ത് നഴ്സിംഗ് പഠനത്തിന്റെ ഭാഗമായുള്ള പോസ്റ്റിംഗിന്റെ കാലത്ത് ഒരു ദിവസം മാത്രം കണ്ട കരളിയിക്കുന്ന കാഴ്ചകൾ ആണ് ലേഖനത്തിനാധാരം.ഇങ്ങനെ എത്ര എത്ര ദിവസങ്ങൾ...ഇതിൽ ഉപയോഗിച്ച വ്യക്തികളുടെ പേരുകളും സ്ഥലവും യഥാർത്ഥമല്ല.ഉദയത്തിനും അസ്തമയത്തിനും ഇടയിലെന്നവണ്ണം കുരുങ്ങിപ്പോയ ഒരുപാട് മനുഷ്യർ ഇവിടെ തരിച്ചു നിൽക്കുന്നത് കാണാം).**

# കാൻസർ വാർഡിൽ നിന്നും

## (നഴ്സിംഗ് ഓർമ്മകൾ -1)



**ജോബി ബേബി**
**രെജിസ്റ്റേർഡ് നഴ്സ്കെ ഒ സി ഹോസ്പിറ്റൽ,**
**കുവൈത്ത് മിനിസ്ട്രി ഓഫ് ഹെൽത്ത്**
(Email- jobybaby1989@gmail.com )

ഉറക്കം വരുന്നമ്മാ...ഉറങ്ങല്ലേടാ കണ്ണാ, ഡോക്ടർ ഇപ്പം വിളിക്കും. അത് കഴിഞ്ഞാൽ വീട്ടിൽ പോകാം. ഉറക്കം വന്ന് വാടിയ കണ്ണും മുഖവുമായി അമ്മയുടെ കാലിൽ ഇറുകെ പിടിച്ചു നിൽക്കുന്ന കുട്ടി അതേ മുഖഭാവത്തോടെ തല താഴ്ത്തി.മകന്റെ നെറുകയിൽ തലോടി അമ്മ ഡോക്ടറുടെ വാതിൽക്കലേക്ക് നോക്കി. ഇല്ല,തിരക്കൊഴിഞ്ഞിട്ടില്ല. ഇനിയുമെത്ര സമയമെടുക്കുമോ ആവോ!കസേരകളിൽ ഒഴിവുവന്നാൽ ഒന്നിരിക്കാമായിരുന്നു, അതുമുണ്ടാകുന്നില്ല. എത്ര നേരമായി ഇങ്ങനെ. വലംകൈയാൽ മകനെ ചേർത്തുപിടിച്ചു ഇടംകൈയാൽ ചികിത്സകടലാസുകളുമായി ആ ഇടുങ്ങിയ വരാന്തയിൽ ചുമരുചാരിയും നിലത്തുമായി പിന്നെയും ഒരുപാട് അമ്മമാരുണ്ട്.അവരോട് ഒട്ടിച്ചേർന്ന് കുഞ്ഞുമക്കളും.ഏതോ ഓർമ്മകളുടെ തീരത്തന്നവണ്ണം എല്ലാവരും. മിക്ക കുട്ടികളും മൂക്കും വായും മറയ്ക്കുന്ന മാസ്ക് ധരിച്ചിട്ടുണ്ട്.മുടിയില്ലാത്തവരും ഉള്ളവരുമുണ്ട്. അവർക്കിടയിൽ വർണനൂലുകളിൽ തീർത്ത നീളൻ തൊപ്പി അണിഞ്ഞിരുന്നു അവൻ. തിരുവനന്തപുരം റീജണൽ കാൻസർ സെന്റർ ആശുപത്രിയിലെ കുട്ടികളുടെ ഒ. പിയ്ക്ക് മുന്നിലെ വരാന്ത അനിശ്ചിതത്വത്തിന്റേതാണ്.ഉദയത്തിനും അസ്തമയത്തിനും ഇടയിലെന്നവണ്ണം കുരുങ്ങിപ്പോയ ഒരുപാട് മനുഷ്യരുടെ ഇടം. ഈ മുറികളിലാണ് കുട്ടികളുടെ കാൻസർ ഒ. പി പരിശോധന റിപ്പോർട്ടിന്റെ നീണ്ട ലിസ്റ്റിൽ ജീവിതത്തിന്റെ വളവു തിരിവുകൾ പോലെ ചുവപ്പും പച്ചയും മഞ്ഞയും നിറങ്ങൾ ഒളിഞ്ഞുകിടക്കുന്നവരുടെ ഇടം. വർഷങ്ങളായി വന്നുപോകുന്നവർ,പുതുതായി വന്നെത്തുന്നവർ, പൊടുന്നനെ അപ്രത്യക്ഷരാകുന്നവർ. വരാന്ത എല്ലാറ്റിനും സാക്ഷി.

*

കാഞ്ഞങ്ങാട്ടു നിന്നുള്ളവരായിരുന്നു ആ അമ്മയും മകനും. അതിരാവിലെയുള്ള ട്രെയിനിൽ ആറേഴ് മണിക്കൂർ ഞെരുങ്ങിയുള്ള തിരുവനന്തപുരം യാത്രയുടെ തളർച്ചയും തുടർന്നുള്ള ഈ നിൽപ്പും അവരുടെ മുഖത്ത് നിഴലായി വീണു കിടപ്പുണ്ട്. ഏഴു വയസ്സുകാരൻ മകൻ രണ്ടിലോ മൂന്നിലോ പഠിക്കുകയാകും.ചിലപ്പോൾ പഠനം മുടങ്ങിയിട്ടുമുണ്ടാകാം. ഇടക്കിടെ വരുന്ന പനിയായിരുന്നു തുടക്കം. മരുന്ന് നൽകി ചൂട് കുറയുമ്പോൾ പനിക്കാര്യം എല്ലാവരും മറക്കും. പിന്നെപ്പിന്നെ ചൂട് വിട്ട് പോകാതെയായി. കളി



ചിരി മാറാത്ത കുഞ്ഞിന്റെ സിരകളിൽ രക്താർബുദത്തിന്റെ കരിനിഴൽ പടരുകയാണെന്ന് ആരുമറിഞ്ഞില്ല. ഇപ്പോൾ രണ്ടാഴ്ച കൂടുമ്പോൾ ഇവിടെയെത്തണം. രക്തം പരിശോധിക്കണം,കൗണ്ട് നോക്കണം. അവർ വീണ്ടും ചുമരിലേക്ക് ചാരി-ഡോക്ടർ എന്തു പറയുമോ ആവോ!

അവരുടെ മുന്നിലേക്കാണ് കൈയിൽ ചുരുട്ടിപ്പിടിച്ച മിഠായികളുമായി മൂന്നുവയസ്സുകാരി പെൺകുട്ടിയും അമ്മയും ഇറങ്ങി വന്നത്. ഡോക്ടർ നൽകിയ മിഠായികൾ അവൾ അമ്മയെ കാണിക്കുകയാണ്.ആ മധുരം അവരെ സന്തോഷിപ്പിക്കുന്നേയില്ല!കൈയിൽ നിവർത്തിപ്പിടിച്ച കുറിപ്പടികളുമായി നിസ്സംഗ ഭാവത്തോടെ അവർ ആരെയോ തിരയുകയാണ്.

കുഞ്ഞുമക്കൾ അർബുദത്തിന്റെ പിടിയിലാകുമ്പോൾ അവർക്കൊപ്പം ഉരുകുന്നത് രക്ഷിതാക്കളും കൂടിയാണ്. മുഴു കുടുംബത്തിന്മേലും ആഘാതമേൽപ്പിക്കുന്ന മിന്നൽപിണരാണത്. രോഗമുറപ്പിച്ചു ആദ്യ റിപ്പോർട്ട് വരുന്ന നിമിഷം ഉള്ളിൽ ജനിക്കുന്ന തീഗോളം ഒരിക്കലും അണയാതെ നീറും. അകക്കാമ്പിനെ നിരാശയുടെ തമോഗർത്തിലേക്ക് വലിച്ചിട്ടു സ്വാസ്ഥ്യം തകർക്കും. ഉറക്കവും ഉണർച്ചയും മുറിയും. തീരാവേദനകൾ,അവർക്ക് കൂട്ടിരിക്കൽ യാത്രകൾ, മനോവേദനയോടൊപ്പം ഭീതിയും ദുഖവും മാറി മറയുന്ന ജീവിതം. രോഗം അത് ഏറ്റുവാങ്ങുന്നവരുടേത് മാത്രമല്ല, ചുറ്റുമുള്ളവരുടേത് കൂടിയാണ്.

അവർ കുട്ടികളല്ലാതാകുന്ന കാലമാണത്. ഞരമ്പുകളിലേക്ക് കയറിയിറങ്ങുന്ന സൂചിമുനകൾ,നിരന്തരമായ കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി,രക്തം കയറ്റൽ ഇവയുടെയെല്ലാം പാർശ്വഫലങ്ങൾ രോഗം തളർത്തുന്ന ഇളം ശരീരങ്ങളുടെ കിതപ്പ് ആശുപത്രി ഇടനാഴികളുടെ ചുമരിൽ തട്ടി പലവഴി നിശബ്ദമാകുന്നുണ്ടാകണം.

*

മൊബൈലിൽ മകന്റെ രണ്ടു ഫോട്ടോകൾ കാണിച്ചു തന്നു അയാൾ. രോഗം വരുന്നതിന് മുമ്പുള്ളതും ശേഷമുള്ളതും. രണ്ടു വയസ്സുകാരന്റെ ഓമനത്തമുള്ളതാണ് ആദ്യ ചിത്രം. മറ്റൊരണ്ണം വാടിയൊരു

പൂപാലുള്ളതും. ലുക്കീമിയ വാർഡിൽ ദിവസങ്ങളായി അയാളുടെ മകനുണ്ട്. വിവാഹശേഷം രണ്ടു വർഷം കഴിഞ്ഞു പിറന്ന ആദ്യ മകൻ. ഓമനിച്ചു കൊതിതീരും മുൻപ് ജീവിക്കാൻ വേണ്ടി ഗൾഫിലേക്ക് പോയതായിരുന്നു.വിധി മകന്റെ രോഗത്തിന്റെ രൂപത്തിൽ തിരികെ എത്തിച്ചു.നാട്ടിലെത്തിയപ്പോൾ കണ്ടത് പഴയ മകനെയല്ല, ഭാര്യയെയും. ആശുപത്രി വാർഡിൽ ക്ഷീണിച്ചു അവശനിലയിലായിരുന്നു മകൻ.സങ്കടം താങ്ങാനാകാതെ നേർത്തുപോയിരുന്നു അവന്റെ അമ്മ. അഡ്മിറ്റാക്കിയതോടെ ആഴ്ചകൾ അയാൾ കുഞ്ഞിനെ അയാൾ കുഞ്ഞിനെ ശരിക്കും കണ്ടതേയില്ല. ചെറിയ കാലുവേദനയായിരുന്നു തുടക്കം,

വിട്ടോഴിയാത്ത പനിയും, കൂടെ ശരീരത്തിൽ മുഴപോലെ തടിപ്പുകൾ വന്നു. പിന്നെയെല്ലാം പെട്ടന്നായിരുന്നു.

*

നീണ്ട മുടിയായിരുന്നു അവൾക്ക്. ആദ്യ കോഴ്സ് കീമോ തുടങ്ങിയതോടെ മുടിയെല്ലാം കൊഴിഞ്ഞു. ഒമ്പതു വയസ്സുകാരി പെൺകുട്ടിയല്ലേ, വിഷമം ഇല്ലാതിരിക്കുമോ?മണിക്കൂറുകൾ നീളുന്ന മരുന്ന് കയറ്റൽ,നട്ടെല്ലിലേക്കുള്ള സൂചി കയറ്റൽ, പടരുന്ന വേദനകൾ,നഷ്ടപ്പെടുന്ന ഉറക്കങ്ങൾ ഇവയെവച്ചു നോക്കുമ്പോൾ കുറച്ചു മുടി പോകുന്നതും നിസ്സാരമാണെന്ന് തോന്നിയിരിക്കാം. മുടിയെക്കുറിച്ച് അവളൊന്നും പറയാറേയില്ലെന്ന് ഒരു പിതാവ്.അകത്തു ഏതോ ബെഡിൽ അയാളുടെ മകളുണ്ട്.മൂന്നു മക്കളിൽ രണ്ടാമത്തേതാണവൾ.നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ തലകറങ്ങി വീണതാണ് ആദ്യ ലക്ഷണം.പിറകെ പനി തുടങ്ങി, പിന്നെയും പലവട്ടം തലകറങ്ങി. പഠനം നിന്നു.മൂന്നുമാസമായി ഇവിടെയിങ്ങനെ.മകളുടെ രോഗം ജീവിതത്തെയാകെ മാറ്റി.ആശുപത്രി ജീവിതത്തിനിടെ പണിക്ക് പോകാൻ പറ്റാതായി. വരുമാനം നിലച്ചു.കുടുംബം പലവഴിയിലായി. മൂത്ത കുട്ടിയെ ചേട്ടന്റെ വീട്ടിലും ഇളയത്തിനെ അമ്മ വീട്ടിലും നിർത്തിയാണ് അയാളും ഭാര്യയും മകൾക്ക് ആശുപത്രിയിൽ കൂട്ടിരിക്കുന്നത്.

*

മെഡിക്കൽ കോളേജിലെ പ്രധാന ഗേറ്റിലെ കാരുണ്യ ഫാർമസിക്ക് സമീപവും ഇങ്ങനെ ഒരുപാട് പേരെ കാണാം.അവിടെ നിന്ന് ഒരു മുറ്റം മുറിച്ചു കടന്നാൽ കുട്ടികളുടെ കാൻസർ വാർഡാണ്.രോഗബാധിതരായ കുട്ടിയുടെ നില എപ്പോഴും മാറിമറിയാം.സ്കാനിംഗ്, രക്തപരിശോധന,രക്തം. ചില്ലുവാതിലിൽ നിന്നും പുറത്തേക്ക് നീളുന്ന കുറുപ്പടിയിൽ ആവശ്യം എന്തുമാകാം.അവക്ക് പിറകെ ലാബുകളിലേക്ക് പായണം.ഇതിനിടയിൽ ഭക്ഷണവും കുളിയും വസ്ത്രം മാറലും എല്ലാം മറക്കും.

സാമ്പത്തിക-മാനസിക പ്രയാസങ്ങൾക്കൊപ്പമം പലവിധ തിരസ്കരണങ്ങൾ കൂടി നേരിടുന്നവരാണ് പലരും.ആശ്വാസത്തോടെ ചേർത്തുപിടിക്കേണ്ടവർ വഴിമാറി നടക്കുന്നതിന് എത്രയോ വട്ടം സാക്ഷിയായവർ.അപ്പോഴും പ്രതീക്ഷ കൈവിടാതെ മകൾക്കായി കാവലിരിക്കുന്നവർ.ഫാർമസിയോട് ചേർന്ന് ചെറുമരത്തണലിലുള്ള ഇടത്ത് നാലഞ്ച് കട്ടകൾക്ക് മുകളിൽ ഒരുമരപ്പലക ഇട്ടിട്ടുണ്ട്.ആശങ്കകളുടെ പകലിൽ കാലുകഴച്ചപ്പോൾ ആരോ തീർത്ത ആശ്വാസമാകാം അത്.കഷ്ഠിച്ച് മൂന്ന് പേർക്കിരിക്കാവുന്ന ആ ബെഞ്ചിലാണ് ഒരുപാട് പേരുടെ പകൽ.

ആ മരത്തണലിൽ ഇരുന്നുകൊണ്ട് തന്നെയാണ് അയാൾ അമ്മയെ കാണാത്ത കുഞ്ഞിനെ കുഞ്ഞിനെക്കുറിച്ച് പറഞ്ഞത്.വിദേശത്തായിരുന്നു അയാളും കുടുംബവും രണ്ടര വയസ്സുള്ള മകന് അസ്വസ്ഥതകൾ കണ്ടു തുടങ്ങിയത് അതിനിടയാണ്, നാട്ടിലെത്തിയതും, പറഞ്ഞുകേട്ട പരിശോധനകളിലൂടെ മകൻ കടന്നു പോകുമ്പോൾ അയാളും ആഗ്രഹിച്ചു,പേടിപ്പെടുത്തുന്നതൊന്നും വരല്ലേ ദൈവമേ. രോഗവർത്ത കേട്ടപ്പോൾ ഭൂമി കീഴ്മേൽ മറിഞ്ഞതുപോലെ. ജീവിത താളം അവിടെവെച്ച് തെറ്റി.രണ്ടാമത്തെ കുഞ്ഞിന് ഒന്നരവയസ്സായിരുന്നു അന്ന്.മൂത്തയാളുമായി അമ്മ ആശുപത്രിയിൽ ആയതോടെ അവന്റെ കൊഞ്ചൽ നിന്നു, കരച്ചിൽ കൂടി. അമ്മയെ കാണാനാകാതെയായി, അമ്മിഞ്ഞ കിട്ടാതെയായി.അയാൾ ആശുപത്രിയുടെ പുറത്തും അമ്മ അകത്തുമായതോടെ കുഞ്ഞിനെ ഭാര്യ വീട്ടിൽ ഏൽപിക്കുകയായിരുന്നു.രണ്ടുമാസമായിങ്ങനെ,ഫോണിൽ അമ്മമുഖം കാണുമ്പോഴൊക്കെ അവൻ വിതുമ്പും,അയാളോ ഉച്ച വെയിൽ പോലെ അകവും പുറവും പൊള്ളിയങ്ങനെ!മാറോടു ചേർത്തുറക്കേണ്ട പ്രായത്തിൽ കുഞ്ഞുമക്കളെ തനിച്ചാക്കി പോകുന്ന അമ്മമാരുടെ നെഞ്ചിലെ വിങ്ങൽ ഒരു ലാബിലും പരിശോധിച്ച് അടയാളപ്പെടുത്താനാകില്ലാലോ

ആ അരമതിലിനോട് ചേർന്ന് പിന്നെയും ഒരുപാട് പേരുണ്ടായിരുന്നു. മൂന്നരവയസുള്ള അനിയന് കൂട്ടിരിക്കാൻ വന്ന 18കാരൻ, കഴുകാനുള്ള തുണികൾ സഞ്ചിയിലാക്കി വേച്ചു വേച്ചു വെയിലേക്കിറങ്ങിപ്പോയ വായോധികൻ,ഒന്നും മിണ്ടാതെ തലകുനിച്ചിരുന്നു താടി രോമങ്ങളിൽ തലോടുന്ന മറ്റൊരാൾ.അനിയന് അസുഖം വന്നതോടെ ബിരുദ പഠനം നിർത്തി ഏഴുമാസമായി കൂട്ടിരിക്കുകയാണ് ഈ 17കാരൻ.ഇനി പഠിക്കാൻ പോകേണ്ടേ എന്ന് വെറുതെ ചേട്ടനോട് ചോദിച്ചു. അവനും കൂടി വരട്ടെ.എന്റെ കൈ പിടിച്ചു അംഗൻവാടിയിൽ പോയിരുന്നവനല്ലേ അവൻ എന്ന മറുപടിക്കൊപ്പം ആ കണ്ണുകളും നിറഞ്ഞു.

കൂട്ടിരിപ്പ്കാർക്ക് “ചൈൽഡ് കാൻസർ ഫൗണ്ടേ

ഷൻ"ഉച്ചഭക്ഷണം ഒരുക്കിയിരുന്നു അന്ന്. ആഴ്ചയിൽ ഒരു ദിവസം ഭക്ഷണത്തിനൊപ്പം ഇവിടെ കൂടിയിരുന്നു ഈ രക്ഷിതാക്കൾ ആശ്വാസം കണ്ടെത്തുന്നു.പരസ്പരം ഊന്നുവടികളാകുന്നു. രോഗികളായി വരുന്ന കുഞ്ഞുങ്ങളുടെ അമ്മമാരുടെ കാര്യവും കഷ്ടമാണ്.വന്നതു മുതൽ നിറം മങ്ങിയൊരു നൈറ്റിയായിരുന്നു ഒരമ്മയുടെ വസ്ത്രം.അതവരുടെ കൃത്യമായ അളവിലുള്ളതും ആയിരുന്നില്ല.പോസ്റ്റിംഗ് സമയത്ത് ദിവസവും ഇതു തന്നെ കണ്ടു കണ്ടാണ് കാരണം തിരക്കിയത്.ഉടുക്കാൻ വേറൊന്നുമില്ല, കുളിക്കാന്നേരം കഴുകിയിട്ടു നനമാറുംമുൻപ് വീണ്ടും ഉടുക്കും.മെഡിക്കൽ കോളേജ് വാർഡിൽ ആരോ ഉപേക്ഷിച്ചു പോയതായിരുന്നു അത്.നരച്ച ആ നൈറ്റി മാത്രമായിരുന്നില്ല,അവരുടെ അകം വസ്ത്രങ്ങളും മറ്റു പലരുടേതുമായിരുന്നു.മാറിയുടുക്കാൻ തുണി ഇല്ലാത്തവരുടെ ജീവിതത്തേക്കുറിച്ച് നമ്മപ്പോഴെങ്കിലും വായിച്ചിട്ടുണ്ടോ!രോഗം പലരൂപത്തിലാണ് ജീവിതങ്ങൾക്ക് മേൽ വന്നു പതിക്കുന്നത്, വരിഞ്ഞുമുറുകുന്നത്,സ്വപ്നങ്ങൾ മായിച്ചു കളയുന്നത്.

ഭക്ഷണശേഷം അവരൊക്കെയും ആശുപത്രി മുറ്റത്തേക്ക് തന്നെ മടങ്ങി.നിന്നും ഇരുന്നും വൈകുന്നേരമാക്കി.ഉച്ചവെയിൽ കത്തിനിന്ന പുറത്തെ ഇരിപ്പിടത്തിൽ തണൽ വിരുന്നുവന്നിട്ടുണ്ട്. ഒ. പി മുറിക്ക് മുന്നിലെ വരാന്തയിൽ രാവിലെ കണ്ട മുഖങ്ങൾ മാറിയിരിക്കുന്നു.ഇരുട്ട് പരന്നു തുടങ്ങുകയാണ്.തിരക്കൊഴിഞ്ഞു തുടങ്ങിയ ആശുപത്രി പരിസരത്തു ആ രക്ഷിതാക്കൾ അപ്പോഴും ബാക്കിയായി.ആളൊഴിഞ്ഞ ഒ. പി വാർഡിന്റെ വരാന്തകളിൽ. മുറ്റത്ത് ചുരുട്ടി വെച്ച പായകൾ നിവർന്നു.ഒരു ചെറുപായയുടെ,ബെഡ്ഷീറ്റിന്റെ, ഉടുമുണ്ടിന്റെ കൂട്ടിൽ ഒത്തിരിപ്പേർ ഉറക്കം കാത്ത് കിടക്കുന്നു.അകത്തു എവിടെയോ ഒരു മുറിയിൽ ഉണർന്നും ഉറങ്ങിയും വേദനയുടെ നൂൽപ്പാലത്തിലൂടെ സഞ്ചരിക്കുന്ന മനസ്സുകളുമായി ഇവരുടെ മനസ്സ് അപ്പോഴും അടുപ്പിച്ചു നിർത്തുന്നുണ്ടാവണം.കിടന്നിട്ടും ഉറങ്ങാനാകാതെ ചിലർ,എഴുന്നേറ്റിരുന്നു കണ്ണു തുടയ്ക്കുന്ന ചിലർ,എല്ലാറ്റിനും സാക്ഷിയായി മുന്നിലെ ഇരുട്ട്. പൊടുന്നനെ രാവിലെ കണ്ട അമ്മയും കുഞ്ഞും ഓർമ്മയിലെത്തി.അവരെങ്ങനെയാകും തിരിച്ചു പോയിട്ടുണ്ടാവുക.തീവണ്ടിയിൽ അവർക്ക് ഇരിപ്പിടം കിട്ടിക്കാണുമോ?ഈ രാത്രി അവർ സുഖമായി ഉറങ്ങിയിട്ടുണ്ടാകുമോ?





# രക്ഷയുടെ പാനപാത്രം

കർത്താവിനെ ഞാനെന്നും സ്നേഹിച്ചിടും
പ്രാർത്ഥനാ സ്വരമവൻ ശ്രവിച്ചുവല്ലൊ
വിളിച്ചപേക്ഷിച്ചു ജീവകാലം
വിളികൾക്കായെൻ നാഥൻ ചെവി ചായിച്ചൂ
മരണത്തിൻ കെണിയാകെ വലയം ചെയ്തു
ദുരിതത്തിൻ വേദനയും ഗ്രസിച്ചു നിത്യം
ചുറ്റിയെന്നെ പാതാളത്തിൻ പാശങ്ങൾ
മുറ്റുമായ് കേണു ഞാൻ ജീവരക്ഷ
കരുണാമയൻ കർത്തൻ നീതിമാനും
കൃപാലുവുമല്ലോ, എൻ രക്ഷകനും
പാലിക്കുന്നെളിയോരെ എന്നുമവൻ
നിലംപറ്റിയാലും താൻ രക്ഷിക്കുന്നു
ആത്മാവേ മടങ്ങുക ശാന്തിയാൽ നീ...
അനുഗ്രഹം കർത്താവ് വർഷിച്ചല്ലോ
എൻ പ്രാണനെ മരണത്തിൽ നിന്നുമേറ്റി
എൻ ദൃഷ്ടികളെ കണ്ണീരിൽ നിന്നും നീക്കി
മോചനം നല്കീയെൻ കാലുകൾക്ക്
ഇടർച്ചയിൽ തളരാതെ കരകയറ്റി
വ്യാപരിക്കും ഞാനെന്റെ കർത്തൻ മുൻപിൽ
വിഹരിക്കും എന്നാളും സ്തുതിച്ചീടും ഞാൻ
കാക്കുമെൻ വിശ്വാസം എന്നുമെന്നും
കൊടിയ ദുരിതത്തിൽ അകപ്പെട്ടാലും
നിനച്ചു ഞാൻ മനുഷ്യരെ വഞ്ചകരെന്ന്
നിൻ ദാസനും ദാസിതൻ പുത്രനുമല്ലോ
അനുഗ്രഹങ്ങൾക്കെന്തു ഞാൻ പകരം നൽകും
അനുദിനം ഘോഷിക്കും കർതൃനാമം
കൃപയാലെൻ ബന്ധനങ്ങൾ തകർത്തു
കൃതജ്ഞതാ ബലിയെന്നും അർപ്പിച്ചീടും
ഉയർത്തീടും രക്ഷതൻ പാനപാത്രം
നിറവേറ്റും നേർച്ചകൾ ജനമധ്യേ ഞാൻ

---

(കടപ്പാട് - സങ്കീർത്തനങ്ങൾ: 116)



**റോയി പുച്ചേരിൽ,**
**ബഹ്റൈൻ**

# കൃപാ മാരിയേകിടാം കരുണയാൽ



**Linda C Dominic**
Trivandrum

സ്വർഗ്ഗ വാതിൽ തുറന്നിതാ പ്രിയ മക്കൾക്കായി
ഒഴുക്കുന്ന ധാരയായി കരുണ പ്രവാഹം
മാറോട് ചേർത്ത് താങ്ങിത്തുണയ്ക്കുന്നു
കാരുണ്യവാനാകുമെൻ പ്രിയനാഥനെന്നും
ചൊല്ലി പഠിപ്പിച്ചു തിരുവചനമെന്നും
കരുണതൻ നൽ പാഠങ്ങൾ എന്നും
ഞാനുമെൻ സോദരക്കായ് തൂകേണം
കാരുണ്യത്തിന് നീർച്ചാൽ ഒഴുക്കണം
മോദമായി
തളർന്നുവീഴുമേൻ നേരത്തു താങ്ങായി
വഴി നടത്തുന്ന താതൻ കരുണയാലെന്നെ
ആരോരുമിലാതെ അലയുന്ന നേരവും
കൂട്ടായി കൂടെ നടക്കുന്ന കാവലായി
എന്നും ഓർത്തിടാം ജീവിതകാലം
താതൻ പഠിപ്പിച്ച കരുണതൻ
ജീവാമൃതം
ചൊരിഞ്ഞു പ്രഭ വിതറിടാം എന്നും
സങ്കട നേരത്ത് സോദരർക്കായ്
കരുണതൻ കൃപ മാരിയേറ്റിടാം
സൽപ്രവർത്തിയാൽ
ജീവിതം ധന്യമായി തീർത്തിടാം എന്നും
കാൽവരി മലമേലെ യാഗമായി മാറിയ
താതന്റെ കരുണ ഓർത്തിടാം എന്നും
മനതാരിൽ കേൾക്കുന്ന പിതാവിൻ
സ്വരം
താതൻ ചൊരിഞ്ഞൊരാ കരുണതൻ
ഗീതികൾ
കരുണ തൂകുവിൻ പ്രിയപുത്രരെ
ഞാൻ നിങ്ങൾക്കായ് ചൊരിഞ്ഞൊരു
കരുണ പോൽ



# എഫാത്ത

ഷാനി മോൾ മിന്റു



## ശിഷ്യന്റെ കരുത്ത്

പലപ്പോഴും നാം ചിന്തിക്കുകയും പറയുകയും ചെയ്യുന്നത് ഞാൻ യേശുവിനെ സ്നേഹിക്കുന്നു എന്ന നിലയിലാണ്. എന്നാൽ ആ അവസ്ഥയിൽ നിന്നും ഇനിയും നാം വളരേണ്ടിയിരിക്കുന്നു. യേശു സ്നേഹിക്കുന്ന ശിഷ്യനാണ് താൻ എന്ന് തിരിച്ചറിയുന്നതിലാണ് ശിഷ്യന്റെ കരുത്ത്.

എങ്ങനെയാണ് യോഹന്നാന് ഈ തിരിച്ചറിവ് ഉണ്ടായത്? എങ്ങനെയാണ് ശിഷ്യത്വത്തിന്റെ പൂർണതയിലേക്ക് യോഹന്നാൻ വളർന്നത്? യോഹന്നാന്റെ വളർച്ചയുടെ രഹസ്യം അദ്ദേഹം തന്നെ വെളിപ്പെടുത്തുന്നു.

'ഇവനാണ് അത്താഴ സമയത്ത് യേശുവിന്റെ വക്ഷസ്സിൽ ചാരി കിടന്നുകൊണ്ട് കർത്താവേ ആരാണ് നിന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നത് എന്ന് ചോദിച്ചത് '(വി. യോഹ 21/20)

യേശുവിന്റെ സ്നേഹത്തിന്റെ ആഴം യോഹന്നാന് മനസിലായത് യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നത് കൊണ്ടാണ്. യേശുവിന്റെ ഹൃദയ സ്പന്ദനങ്ങൾ ആ ശിഷ്യന് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. തന്നെക്കുറിച്ചുള്ള ചിന്തകൾ, യേശുവിന്റെ ഹിതം യോഹന്നാൻ തിരിച്ചറിഞ്ഞു. അതുവഴി യോഹന്നാന്റെ ഹൃദയവും രൂപാന്തരപ്പെടുകയായിരുന്നു.





റോസ് വടക്കേടത്ത്
Delhi

# ബോണസ്..

എന്താണ് ബോണസ്. വിശേഷാൽ ആദായം അല്ലെങ്കിൽ ലാഭം വിഹിതം. ഇതൊക്കെ ആണ് ബോണസ് കൊണ്ട് നാം അർത്ഥമാക്കുന്നത്. ഓണത്തിനും, ദീപാവലിക്കും ഒക്കെ കിട്ടുന്ന വിശേഷാൽ ആദായം മാത്രമാണോ ബോണസ്?

നമ്മുടെ ജീവിതത്തിൽ ഈ ലാഭവിഹിതം മാത്രമല്ല നാം അറിയാത്ത ഒരുപാട് അർത്ഥങ്ങൾ നമ്മുക്ക് സമ്മാനിക്കുന്നുണ്ട് ബോണസ് എന്ന പദം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

അംഗവൈകല്യം ഉള്ളവർക്കിടയിൽ പൂർണ്ണ മനുഷ്യനായി നീ നിൽക്കുമ്പോൾ , രോഗികൾക്കിടയിൽ ആരോഗ്യവാനായി നീയിരിക്കുമ്പോൾ, വിശന്നു തളർന്നിരിക്കുന്നവർക്കിടയിൽ ആഹാരം ഭക്ഷിക്കാൻ നിനക്ക് ലഭിക്കുന്നുണ്ട് എങ്കിൽ, കീറിമുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച മനുഷ്യർക്കിടയിൽ നല്ല വസ്ത്രങ്ങൾ ധരിക്കാൻ നിനക്ക് പ്രാപ്തിയുണ്ടെങ്കിൽ

അതൊക്കെയും ദൈവം ദിനം തോറും നിനക്ക് നൽകുന്ന ബോണസ് ആണ് എന്ന തിരിച്ചറിവ് നിനക്കുണ്ടോ ?

യാത്രപോയി തിരികെ വരാൻ സാധിക്കാത്തവർക്കിടയിൽ, സുഖമായി നീ തിരികെ എത്തുന്നത് നിനക്ക് കിട്ടുന്ന ബോണസ് ആണ്.

ഉറങ്ങി എഴുന്നേൽക്കാതെ മരണത്തെ പുൽകുന്നവർക്കിടയിൽ, പോകുന്ന വഴി അപകടങ്ങളിൽ പെട്ടു മരിച്ചു പോകുന്നവർക്കിടയിൽ, പ്രളയത്തിലും, പേമാരിയിലും മണ്ണടിഞ്ഞു പോകുന്നവർക്കിടയിൽ, വേദനയിലും കഷ്ടങ്ങളിലും ഇരിക്കുന്നവർക്കിടയിൽ ഒക്കെ നീ സന്തോഷത്തോടെയും ആരോഗ്യത്തോടെയും ഇരിക്കുന്നു എങ്കിൽ അതൊക്കെ ദൈവം തരുന്ന ബോണസ് എന്ന് നീ തിരിച്ചറിയണം. തൂക്കത്തിലും അളവിലും കൂടിയോ കുറഞ്ഞോ എന്നതിലല്ല നിനക്ക് കിട്ടിയ സൗന്ദര്യവും, ബുദ്ധിശക്തിയും, സമ്പത്തും അധികാരവും, അവകാശവും ഒക്കെ നിനക്ക് ലഭിച്ച ബോണസ് ആണ്.

എത്ര കിട്ടിയാലും തികയാത്ത വേതനമോ പാരിതോഷികങ്ങളോ മാത്രമല്ല ; നമ്മുടെ സന്തോഷങ്ങളും, സമാധാനവും, ആയുസും ആരോഗ്യവുമാണ് നമ്മുടെ ജീവിതത്തിൽ നമുക്ക് കിട്ടുന്ന ഏറ്റവും വലിയ ബോണസ്.

അതിനാൽ തന്നെ നമ്മൾക്ക് കിട്ടിയ ഈ ജീവിതം മൊത്തത്തിൽ ബോണസ് ആണ് എന്ന തിരിച്ചറിവിൽ നാം ദൈവത്തോട് പറയുന്ന നന്ദി ആണ് നമ്മുടെ പിതാവിന് നമ്മളാൽ നൽകുന്ന ഏറ്റവും വലിയ ബോണസ്. Praise the Lord.

# മലങ്കര സുറിയാനി കത്തോലിക്കാസഭ

## വചന വർഷം

**2024 സെപ്തംബർ 20 - 2025 സെപ്തംബർ 19**

## പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

നിത്യവചനവും കാരുണ്യവാനുമായ ദൈവമേ, ഈ വചന വർഷത്തിൽ തിരുവചനവായനയിലൂടേയും, പഠനത്തിലൂടേയും, ധ്യാനത്തിലൂടേയും, പ്രാർത്ഥനയിലൂടെയും, വ്യക്തിയായും, കുടുംബമായും, സഭയായും, അവിടുത്തെ സ്വരം കേൾക്കുവാൻ ഞങ്ങൾക്കു കൃപ നല്കണമേ. തിരുലിഖിതങ്ങളിലൂടെ എഴുന്നെള്ളി വരുന്ന അങ്ങയെ അനുദിനം കണ്ടുമുട്ടി അങ്ങിൽ വസിക്കുന്നതിന്റെ ആനന്ദവും, മാധുര്യവും, സൗഖ്യവും, ശക്തിയും, വിശുദ്ധിയും ആഴത്തിൽ അനുഭവിക്കുവാൻ ഞങ്ങളെ ഓരോരുത്തരേയും സഹായിക്കണമേ. ഞങ്ങളുടെ മനസ്സുകൾക്കു പുതിയ ജ്ഞാനവും പ്രകാശവും നൽകുകയും ഹൃദയങ്ങളിൽ സ്നേഹവും സമാധാനവും നിറയ്ക്കുകയും ചെയ്യണമേ. തിരുവചനത്തിന്റെ പ്രകാശം ചുറ്റുമുള്ള ലോകത്തിൽ വ്യക്തമായി പ്രതിഫലിപ്പിക്കുവാനുള്ള പരിശുദ്ധാത്മശക്തി പ്രദാനം ചെയ്യണമേ. ജീവിതത്തിൽ വചനത്തിന് സാക്ഷ്യം വഹിക്കുന്ന യഥാർത്ഥ ക്രിസ്തു ശിഷ്യരാകുവാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

തിരുവചനത്താൽ നിരന്തം വിശുദ്ധീകരിക്കപ്പെട്ടവളും സുവിശേഷത്തിന്റെ പരിമളമുള്ള മണവാട്ടിയുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ പുനരൈക്യത്തിന്റെ ശതാബ്ദിയിൽ അവിടുത്തേക്ക് പുനപ്രതിഷ്ഠിക്കുവാൻ കൃപയേകേണമേ. അവതരിച്ച വചനത്തിന്റെ അമ്മയായ പരിശുദ്ധ ദൈവ മാതാവേ, ഭാരതത്തിൽ വചനവിത്ത് വിതച്ച ഞങ്ങളുടെ കാവൽ പിതാവായ മാർത്തോമ്മാശ്ലീഹായേ, സകലവിശുദ്ധരേ, ധന്യൻ മാർ ഈവാനിയോസ് പിതാവേ, വചനത്തിന്റെ കൂടാരമായി രൂപാന്തരപ്പെടുവാൻ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ. ആമ്മേൻ!

1 സ്വർഗ്ഗ. 1 കൃപ. 1 ത്രിത്വ.

ശ്രേഷ്ഠാനുമതി

✠ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ


മലങ്കര സുറിയാനി കത്തോലിക്ക സഭ
മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ)
തിരുവനന്തപുരം മേജർ അതിഭദ്രാസനം
2024
ഒക്ടോബർ 9
ബുധനാഴ്ച
വൈകിട്ട് 4ന്
ആർച്ച് ബിഷപ്പ് ബനഡിക്ട്
മാർ ഗ്രിഗോറിയോസ് അനുസ്മരണ
30-ാം
ശാന്തിയാത്ര
നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ്
ചാപ്പലിൽനിന്ന് പട്ടം സെന്റ് മേരീസ്
കത്തീഡ്രലിലേക്ക്



# വി. വിൻസന്റ് ഡി പോൾ

1581 -ൽ ജീൻ ഡി പോളിന്റെയും ബെട്രാന്റ് ഡി പോളിന്റെയും മൂന്നാമത്തെ മകനായി പാരീസിൽ ജനിച്ചു. പാരീസിലെ തന്നെ ടുളുസിൽ ദേവശാസ്ത്രപഠനത്തിനായി ചേർന്നു. തന്റെ 19 -ാമത്തെ വയസ്സിൽ വിൻസെന്റ് പൗരോഹിത്യം സ്വീകരിച്ചു. 1605 -ൽ വിൻസെന്റ് ഫ്രാൻസിൽ നിന്നും മാർസെയിലേക്കുള്ള കപ്പൽയാത്രയിൽ കടൽക്കൊള്ളക്കാരാൽ ബന്ധനസ്ഥനായി. രുവർഷക്കാലം അദ്ദേഹം ട്യൂണിസിൽ ജീവിക്കേിവന്നതിനാൽ അവിടെ ജാലവിദ്യ അഭ്യസിച്ചു.

1617 ജൂലൈയിൽ വിൻസെന്റ് ഷാറ്റിലോൺ ഡോംസ് എന്ന ഇടവകയുടെ വികാരിയായി ചുമതലയേറ്റു. തുടർന്ന് 1625 ഏപ്രിൽ 17 -ന് വെദികർക്കായി കോൺഗ്രിഗേഷൻ ഓഫ് മിഷൻ എന്ന സന്യാസി സമൂഹം സ്ഥാപിച്ചു. ശിശുക്കൾക്കായി 1639 -ൽ ഒരു പരിചരണകേന്ദ്രം സ്ഥാപിച്ചു. 1649 -ൽ ആരംഭിച്ച ഫ്രാൻസ് ആഭ്യന്തരയുദ്ധകാലത്ത് ആതുരസേവനവുമായി പ്രവർത്തിച്ചു. യുദ്ധത്താൽ നിർധനരാക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുകയും ചെയ്തു.

കരുണ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ള വനിതകൾക്ക് സാമൂഹികപ്രശ്നങ്ങളെപ്പറ്റിയുള്ള അവബോധം ജനിപ്പിക്കുകയും അവരുടെ ഒരു കൂട്ടായ്മയായി "ഉപവിയുടെ സഹോദരിമാർ' എന്ന സംഘടനയ്ക്ക് രൂപംകൊടുക്കുകയും ചെയ്തു. അവരുടെ ഉദാരമായ സാമ്പത്തികസഹായം കൊ്, ആരോരുമില്ലാതെ കഷ്ടപ്പെടുന്ന അനേകരെ സംരക്ഷിക്കാൻ പാരീസിൽ ഒരു ജനറൽ ആശുപത്രി സ്ഥാപിക്കപ്പെട്ടു. കൂടാതെ, ഒരു അനാഥാലയം, വൃദ്ധസദനം, മനോരോഗികളെ സംരക്ഷിക്കാനുള്ള ഭവനം, കുഷ്ഠരോഗികൾക്കായുള്ള സ്ഥാപനം എല്ലാം ആരംഭിക്കപ്പെട്ടു. ഈ ഭവനങ്ങളിലെയെല്ലാം ഹതഭാഗ്യരുടെ ശുശ്രൂഷയും സംരക്ഷണവും വിൻസെന്റ് ഏല്പിച്ചത് "ഡോട്ടേഴ്സ് ഓഫ് ചാരിറ്റി' എന്ന സന്യാസിനീ സഭയെയാണ്.

1633 ൽ വി. ലൂയീസ് മരില്ലാക്കിന്റെ സഹകരണത്തോടെ വിൻസെന്റ് സ്ഥാപിച്ചതാണ് ഈ സഭ. ഉപവിപ്രവർത്തനങ്ങൾ ജീവിതവൃതമായി മാറുന്ന കാഴ്ച ആ വിശുദ്ധ ജീവിതത്തിലുടനീളം നമുക്ക് ദർശിക്കാൻ കഴിയും. 1660 സെപ്റ്റംബർ 27 -ന് വിൻസെന്റ് ഡി പോൾ അന്തരിച്ചു. 1729 ആഗസ്റ്റ് 13 -ന് ബെനഡിക്ട് പതിമൂന്നാമൻ മാർപാപ്പ വിൻസെന്റ് ഡി പോളിനെ വാഴ്ത്തപ്പെട്ടവനായും ക്ലെമന്റ് പന്ത്രാമൻ മാർപാപ്പ അദ്ദേഹത്തെ 1737 ജൂൺ 13 -ന് വിശുദ്ധനായും പ്രഖ്യാപിച്ചു. 1883 -ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ വിൻസെന്റ് ഡി പോളിനെ പരസ്നേഹപ്രവർത്തനങ്ങളുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചു.

ആധുനിക കാലത്ത് മദർ തെരേസയെപ്പോലെ, വി. വിൻസെന്റ് ഡി പോൾ തെളിച്ച വഴിയിലൂടെ നടന്ന് അനേകരെ ക്രിസ്തുവിനുവേി നേടി. പാവപ്പെട്ടവരുടെയും പണക്കാരുടെയും സുഹൃത്തായിരുന്നു വിൻസെന്റ്. പണമുള്ളവരുമായുള്ള സുഹൃദ്ബന്ധത്തിലൂടെ അനേകം പാവപ്പെട്ടവരെ സഹായിച്ച മഹത്വ്യക്തിത്വത്തിനുടമ. ദൈവത്തിന്റെ മക്കളാണ് സകലരും അതുമാത്രമായിരുന്നു അദ്ദേഹത്തിനുള്ള ഏക തിരിച്ചറിവ്. ലോകമെമ്പാടുമുള്ള വിൻസെൻഷ്യൽ വൈദികരും വിൻസെൻഷ്യൻ ഉപവിത്രവർത്തനങ്ങളുടെ ചൈതന്യത്തിൽ പ്രവർത്തിക്കുന്ന വിൻസെന്റ് ഡി പോൾ സഖ്യം പോലുള്ള ജീവകാരുണ്യപ്രസ്ഥാനങ്ങളും അനേകർക്ക് ക്രിസ്തുചൈതന്യം പകർന്നുകൊ് പ്രവർത്തിക്കുന്നു. നമുക്കും ആ മാതൃക പിന്തുടരാം.

# വചനവർഷം 24-25

## ലോകമെങ്ങും പ്രകാശം പരക്കട്ടെ



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
(ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ ഓഫ് ഇന്ത്യ
പത്തനംതിട്ട ജില്ല പ്രസിഡന്റ്, സെൻറ് ജോസഫ്
മലങ്കര സുറിയാനി കത്തോലിക്ക പള്ളി ഇളമണ്ണൂർ)

നിങ്ങൾ ലോകത്തിന്റെ നാനാദിക്കുകളിലും പോയി സുവിശേഷം അറിയിക്കുവീൻ ഒരു പക്ഷേ നിങ്ങൾ പീഡിപ്പിക്കപ്പെട്ടേക്കാം, വസ്ത്ര വിധാനത്തിൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാൻ കഴിഞ്ഞില്ല എന്ന് വരാം. അവർ യാത്ര തിരിച്ചത് ദൈവത്തിൻറെ വചനം അവർക്ക് തുണയും കാവലും ആകും എന്ന ഉത്തമ ബോധ്യത്തോടുകൂടിയായിരുന്നു. കുന്തത്താൽ കുത്തിയും തലകീഴായി കെട്ടിത്തൂക്കിയും കൊടിയ പീഡനങ്ങൾ ഏൽക്കേണ്ടി വന്നിട്ടും കർത്താവിൻറെ വചനം അവർ ഉറക്കെ വിളിച്ചു പറഞ്ഞു. ക്രിസ്തുവിനു വേണ്ടി ജീവിക്കുന്നതും മരിക്കുന്നതും എത്ര ഉത്തമമാണെന്ന് ശ്ലീഹന്മാർക്ക് അറിയാമായിരുന്നു. ഇവനാണോ മിശിഹാ എന്ന് കളിയാക്കി പുച്ഛിച്ചവർ പോലും ആ ക്രൂശിൽ കിടക്കുന്നവനെ നോക്കി ഇതുപോലൊരു മനുഷ്യനെ മുൻപ് കണ്ടിട്ടില്ല എന്നും

ഇവൻ യഥാർത്ഥത്തിൽ മിശിഹാ തന്നെയാണെന്നും പറയേണ്ടിവന്നു.

## വചനം മാംസമായി നമ്മുടെ ഇടയിൽ

പിതാവായ ദൈവം തൻന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ചു. അവൻ ക്രൂശിക്കപ്പെടുമെന്നും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുമെന്നും ആ പിതാവിന് നിശ്ചയമായി അറിയാമായിരുന്നു. ഒരു പെസഹാ ഒരുക്കുവാനും പിതാവിന്റെ പദ്ധതി നടപ്പാക്കുവാനും അവനു കഴിഞ്ഞു. വചനം, വചനം,വചനം ഓരോ ക്രിസ്ത്യാനിയും വചനാസ്പദമായി ജീവിക്കുകയാണെങ്കിൽ അവൻന്റെ ജീവിതം ശ്രേഷ്ഠമായി മാറും എന്നത് തീർച്ച. അങ്ങയുടെ വചനം എന്റെ കാലുകൾക്ക് വിളക്കും പാതയിൽ പ്രകാശവും ആണ്. വചനം നിത്യവും ഹൃദയത്തിൽ ഉരുവിടുന്ന ഒരു മനുഷ്യൻ അവന്റെ പാത എപ്പോഴും സത്യമുള്ളതായിരിക്കും. ഇരുട്ടിനെ മാറ്റി കർത്താവിന്റെ പ്രകാശം അവന് മുമ്പേ വഴികാട്ടിയായി കടന്നു പോകും.

## വചനത്തിലൂടെ പ്രാർത്ഥിക്കാം?

യേശു തമ്പുരാൻ തന്റെ പരസ്യ ജീവിതയാത്രയിൽ ഉടനീളം അനേകായിരം ആളുകൾക്ക് രോഗശാന്തിയും പൈശാചിക ബന്ധനങ്ങളിൽ ഉള്ളവർക്ക് വിടുതലും നൽകി. അവർ വിശ്വസിച്ചു ദൈവത്തിൻറെ വചനം അവരിൽ പ്രവർത്തിച്ചു... കർത്താവിന്റെ വചനത്തിൽ പ്രാർത്ഥിക്കുമ്പോൾ ഉണ്ടാകുന്ന ശക്തി അവൻറെ ശിഷ്യന്മാർക്ക് പോലും ആശ്ചര്യമായിരുന്നു. ലൂക്കാ 10:19
എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു: കർത്താവേ, നിൻറെ നാമത്തിൽ പിശാചുക്കൾ പോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു.
അവൻ പറഞ്ഞു: സാത്താൻ സ്വർഗത്തിൽനിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു. ഇതാ, പാമ്പുകളുടെയും തേളുകളുടെയും ശത്രുവിൻറെ സകല ശക്തികളുടെയും മീതേ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരിക്കുന്നു. ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല.
കർത്താവിൻറെ വചനം വിശ്വസിക്കുവാനും നമ്മുടെ പ്രാർത്ഥനയിൽ ഉടനീളം കരുത്ത് ആകുവാനും കഴിയട്ടെ എന്ന് കൂട്ടിച്ചേർക്കുന്നു.
മലങ്കര സുറിയാനി കത്തോലിക്ക സഭ 20-ടുല2024 മുതൽ 19-ടുല 2025 വരെ വചനവർഷമായി ആചരിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ വചനം പരിശുദ്ധ സഭയ്ക്കും. സഭയിലെ കുടുംബങ്ങൾക്കും കാവലും തുണയും ആയിരിക്കട്ടെ. ഈയൊരു വർഷക്കാലം വിശുദ്ധ ബൈബിൾ ഹൃദയത്തിലേക്ക് പകർത്തുവാനും കർത്താവിന്റെ വചനത്തിന്റെ ശക്തിയും കർത്താവിൻറെ വചനത്തിന്റെ ബലവും ഓരോ വ്യക്തികളിലും വന്ന് ഭവിക്കട്ടെ. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ മാസം ഇരുപതാം തീയതി തെളിയിച്ച മെഴുകുതിരി നാളം ലോകത്തെങ്ങും വചന വർഷമായി പ്രകാശിക്കട്ടെ

# ഓർക്കാം.

## വിശുദ്ധ കുർബാന - മൽക്കിസദേക്കിന്റെ ക്രമം.

വിശ്വാസ സമൂഹം യാമനമസ്ക്കാരം നടത്തുമ്പോൾ വൈദികൻ അപ്പവും വീഞ്ഞും ത്രോണോസിൽ ഒരുക്കി വയ്ക്കുന്ന ശുശ്രൂഷയാണ് മൽക്കിസദേക്കിന്റെ ക്രമം. ശത്രുക്കളെ തോല്പിച്ച് മടങ്ങിവന്ന പൂർവ്വപിതാവായ അബ്രാഹാമിനെ സാലെമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്ന് സ്വീകരിച്ച (ഉത്പ. 14:17-24) സംഭവമാണ് ഇവിടെ അനുസ്മരിക്കുന്നത്. മിശിഹാ മൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനാണെന്ന് ഹെബ്രായ ലേഖകൻ വ്യക്തമാക്കുന്നു (ഹെബ്രാ. 6:20).
പഴയ നിയമ പ്രകാരമുള്ള ലേവി പൗരോഹിത്യത്തിനു പകരമായി മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുതിയ പൗരോഹിത്യം ക്രിസ്തുവിലൂടെ ആരംഭിച്ചു എന്ന സത്യമാണ് ഇവിടെ ഓർമ്മിക്കുന്നത്



# ഓർമ്മയിൽ ആചാര്യന്മാർ

ആചാര്യശ്രേഷ്ഠാ നിൻരഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യരേകുക
പുണ്യം നാഥാ സ്തോത്രം!

## Thiruvananthapuram

| | |
|---|---|
| Rev. Fr. Zacharias Kilileth | 11-09-1985 |
| Rev. Fr. Thomas Panicker K.G. | 29-09-2005 |
| Rev. Fr. Louis Philipose Kochumuriyil | 13-09-1997 |
| Rev. Fr. Koshy Kuzhiammannil (Vayalathala) | 06-09-1946 |
| Rev. Fr. John THAZHAYIL | 05-09-2020 |
| Rev. Fr. George Purathoott | 28-09-2012 |
| Rev. Fr. George Oommen Thekkedathu | 14-09-1991 |
| Rev. Fr. Geevarghese Thekkeveettil | 08-09-1992 |
| Rev. Fr. Dominic Zacharias | 07-09-2000 |
| Rev. Fr. Augustine Viruppel | 16-09-1999 |
| Rev. Fr. Alexander Panamkunnel | 27-09-1998 |
| Rev. Fr. Abraham Assarieth (Prakkanam) | 21-09-1949 |
| Rev. Fr. A.G. Abraham Mylapra | 14-09-1979 |

## Triruvalla

| | |
|---|---|
| Rt. Rev. Msgr. Mathew Nedungatt | 16-09-1991 |
| Rt. Rev. Msgr. Alexander Payyampallil | 18-09-2009 |
| Rev. Fr. Zacharias Vadakkethalackal | 11-09-1979 |
| Rev. Fr. Varkey Chundevalel | 16-09-2020 |
| Rev. Fr. Theophilos Paul Malayil | 02-09-2000 |
| Rev. Fr. Mathew Chundamannil | 27-09-2013 |
| Rev. Fr. Joseph Palackal | 10 -09-1940 |
| Rev. Fr. Joseph Ettumanoorkaran | 26 -09-1972 |
| Rev. Fr. Joseph Ayrookuzhy | 26 -09-1991 |
| Rev. Fr. Joachim Nagancheril | 18-09-2007 |
| Rev. Fr. Cherian Mylakatt | 18 -09-1992 |
| Rev. Fr. Bernard Thomas Pandippally | 07-09-1986 |
| Rev. Fr. Andrews Puthenparampil | 18-09-2011 |

## Pathanamthitta

| | |
|---|---|
| Rt. Rev. Mathew Ponmelil Corepscopo | 30-09-2020 |

## Muvattupuzha

| | |
|---|---|
| Fr. CA Abraham Cheerathottam | 21-09-2009 |

## Bethany

| | |
|---|---|
| Fr. Koshy Kakkanattil OIC | 06 -09-1987 |
| Fr. Louis Moolaveettil OIC | 17 -09-1991 |
| Fr. Norbert Peralummoottil OIC | 29 -09-1985 |

# ഓർമ്മയിൽ വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ നിൻ
മഹിമോദയ ദിവസത്തിൽ നിൻ
കാരുണ്യം കാട്ടേണം"

## SISTERS OF THE IMITATION OF CHRIST

ബഥനി സന്യാസിനിമാർ

| | |
|---|---|
| Mother Hymanus | 27-09-1980 |
| **THIRUVANANTHAPURAM** | |
| Sr. Hemsa | 15-09-1995 |
| Sr. Celine | 28-09-2003 |
| Sr. Sharir | 11-09-2013 |
| Sr. Neeha | 16-09-2016 |
| Sr. Perpetua | 24-09-2016 |
| Sr. Josephine | 26-09-2017 |
| Sr. Hadusa | 03-09-2018 |
| Sr. Akshaya | 05-09-2018 |
| **THIRUVALLA** | |
| Sr. Martina | 04-09-1994 |
| **BATHERY** | |
| Sr. Pius | 09-09-2021 |

## മേരി മക്കൾ സന്ന്യാസിനിമാർ

| | |
|---|---|
| Rev.Sr.Gonzaga DM | 06-09-1987 |
| Rev.Sr.Antonio DM | 22-09-1996 |
| Rev.Sr.Lawrence DM | 24-09-2007 |
| Rev.Sr.Marthina DM | 22-09-2008 |
| Rev.Sr.Navya Jose DM | 17-09-2013 |
| Rev.Sr.Cicily John DM | 12-09-2013 |
| Rev.Sr.Sushama Mathew DM | 01-09-2003 |
| Sr.Maurus DM | 25-09-2019 |

**Congregation of the Daughters of Mary**



ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി നടത്തിയ നീപശിഖാ പ്രയാണത്തിനു മുന്നോടിത്തായി കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ദീപശിഖ ആശിർവദിച്ചു ബഥനി സന്യാസിനി സുപ്പീരിയർ ജനറൽ മദർ ഡോ. ആർദ്രയ്ക്കു കൈമാറുന്നു



ജർമ്മനിയിലെ മലങ്കര കൂട്ടായ്മ പുനരൈക്യ വാർഷികം ആഘോഷിച്ചു. അഭിവന്ദ്യ മാത്യൂസ് മോർ പക്കോമിയോസ് തിരുമേനി മുഖ്യകാർമികത്വം വഹിച്ചു.

## ആദരാഞ്ജലികൾ



റവ. ഫാ. ചെറിയാൻ
കൊളഞ്ഞികൊമ്പിൽ (78)



സി. മോനിക്ക SIC
പുത്തൻപറമ്പിൽ (90)




# നിർദ്ദേശകതത്ത്വങ്ങൾ

## DIRECTIVE PRINCIPLES OF STATE POLICY



Adv Shini Mary Sanu
kerala high court
+91 86064 95264

ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്ത് ഉൾച്ചേർത്തിരിക്കുന്ന 36 മുതൽ 51 വരെയുള്ള അനുച്ഛേദങ്ങളാണ് നിർദ്ദേശകതത്ത്വങ്ങൾ. മാർഗനിർദ്ദേശക തത്ത്വങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന ഇവ ഭരണനിർവ്വഹണത്തിലും നിയമനിർമ്മാണത്തിലും ഭരണകൂടം പാലിക്കേണ്ട നിർദ്ദേശങ്ങളാണ്. ഒരു ക്ഷേമരാഷ്ട്രം എന്ന നിലയിൽ രാജ്യത്തിന്റെ ലക്ഷ്യങ്ങളായി അവയെ കണക്കാക്കിയിരിക്കുന്നു. രാഷ്ട്രത്തിന്റെ പ്രവർത്തനമേഖലകളായ സാമ്പത്തിക-സാമൂഹിക-നൈയാമിക-വിദ്യാഭ്യാസ-അന്താരാഷ്ട്ര. മേഖലകളെയെല്ലാം സ്പർശിക്കുന്ന വിപുലമായ ഒരു മണ്ഡലത്തെയാണ് നിർദ്ദേശകതത്ത്വങ്ങൾ ഉൾക്കൊള്ളുന്നത്.

ഫ്രഞ്ച് വിപ്ലവം മുതലേ രാഷ്ട്രീയ സ്വാതന്ത്ര്യവും സാമൂഹ്യനീതിയും തമ്മിലുള്ള അഭേദ്യബന്ധം അംഗീകരിക്കപ്പെട്ടിരുന്നു. സമാധാനത്തിനടിസ്ഥാനം സാമൂഹ്യനീതിയാണെന്ന് രണ്ടാം ലോകയുദ്ധത്തിനുശേഷമുണ്ടായ ഉടമ്പടികൾ വ്യക്തമാക്കുന്നുണ്ട്. അത്തരം വ്യവസ്ഥകൾ എല്ലാം തന്നെ കോടതിയുടെ പിൻബലത്തോടെ നടപ്പാക്കാൻ പറ്റാത്തവയാകാമെന്ന ധാരണയും പരക്കെയുണ്ടായിരുന്നു. അതോടൊപ്പംതന്നെ, അവ ഭരണകൂടങ്ങളെ സംബന്ധിച്ചിടത്തോളം അനുവർത്തിക്കപ്പെടേണ്ട ഒരു പ്രതിജ്ഞയുടെ സ്വഭാവം ഉൾക്കൊള്ളുകയും ചെയ്യുന്നു.

1937-ൽ രൂപീകൃതമായ ഐറിഷ് ഭരണഘടന ഇക്കാര്യത്തിൽ ഒരു മാതൃകയായി. അവിടെ മൗലികാവകാശങ്ങളും മാർഗനിർദ്ദേശകതത്ത്വങ്ങളും തമ്മിൽ വേർതിരിച്ചുകൊണ്ടുള്ള സമീപനമാണുണ്ടായത്. അതിന്റെ സ്വാധീനത്തിൽ സ്വതന്ത്ര ഇന്ത്യയിൽ രൂപീകരിച്ച ടി.ബി. സപ്രൂകമ്മിറ്റി പുതിയ ഭരണഘടനയിൽ കോടതിവഴി നടപ്പാക്കാവുന്നതും അല്ലാത്തതുമായ രണ്ടുതരം അവകാശങ്ങൾ ഉൾപ്പെടുത്തണമെന്നു ശുപാർശ ചെയ്തു. രണ്ടാമത്തെ വിഭാഗത്തെപ്പറ്റി എതിരഭിപ്രായവും സമിതിയിൽ ഉണ്ടായിരുന്നു. എന്നാൽ വിശദചർച്ചകൾക്കുശേഷം അംഗീകരിക്കപ്പെട്ട ഭരണഘടനയിൽ നിർദ്ദേശകതത്ത്വങ്ങളെ വിവിധ ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. ആദ്യത്തേതിൽ കോടതിവഴി അവകാശമായി നടപ്പിലാക്കാവുന്ന മൗലികാവകാശങ്ങളും രണ്ടാമത്തേതിൽ കോടതി വഴി നടപ്പിലാക്കാൻ കഴിയണമെന്നില്ലാത്ത മാർഗനിർദ്ദേശകതത്ത്വങ്ങളും ഉൾപ്പെടുത്തി. ക്ഷേമരാഷ്ട്രം എന്ന ആശയം സ്വീകരിച്ചുകൊണ്ടു ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്തേണ്ടതു രാജ്യത്തിന്റെ കടമയായി പ്രഖ്യാപിച്ചു. രാജ്യത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുയോജ്യമായ സാമ്പത്തികവും സാമൂഹികവുമായ ചില തത്ത്വങ്ങളാണു മാർഗനിർദ്ദേശകതത്ത്വങ്ങളായി അംഗീകരിക്കപ്പെട്ടത്. സമിതി സ്വീകരിച്ച സമീപനത്തെ ന്യായീകരിച്ചുകൊണ്ടു ഡോ. അംബേദ്കർ പറഞ്ഞത്, ഭരണഘടയുടെ പ്രധാനലക്ഷ്യം ദ്വിമുഖമാണെന്നും അവ രാഷ്ട്രീയ ജനാധിപത്യവും സാമ്പത്തിക ജനാധിപത്യവും ഉറപ്പുവരുത്തുകയാണെന്നുമാണ്



# മലങ്കര സഭ സെപ്റ്റംബർ മാസത്തിൽ

1882 സെപ്തം 21 : ഗീവർഗീസ് മാർ ഇവാനിയോസ് തിരുമേനിയുടെ ജനനം

1908 സെപ്തം 15 : ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ വൈദികപട്ടം

1930 സെപ്റ്റം 20 : മലങ്കര പുനരൈക്യദിനം മലങ്കര ഓർത്തഡോക്സ് സഭയിലെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, മാർ തെയോഫിലോസ് എപ്പിസ്കോപ്പാ, റവ. ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി., ഡീക്കൻ അലക്സാണ്ടർ ഒ. ഐ.സി., ശ്രീ. ചാക്കോ കിളീലേത്ത് എന്നിവരുടെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യം (കൊല്ലം അരമന ചാപ്പലിൽ അഭിവന്ദ്യ അലോഷ്യസ് ബൻസിഗർ തിരുമേനി സ്വീകരിച്ചു).

1955 സെപ്റ്റം 20 : പുനരൈക്യ രജതജൂബിലി തിരുവല്ലായിൽ.

1977 സെപ്റ്റം 28 : സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി കാലംചെയ്തു.

1985 സെപ്തം 14 : കോട്ടയത്ത് സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് സെന്റർ (ടളളഇക) എന്ന സുറിയാനി പഠന കേന്ദ്രം ആരംഭിച്ചു

2004 സെപ്റ്റം 20 : തിരുവല്ലായിലെ പുതിയ ഭദ്രാസന ദൈവാലയപ്രതിഷ്ഠ.

2005 സെപ്റ്റം 19–21 : പുനരൈക്യ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാവേലിക്കരയിൽ.

2007 സെപ്റ്റം 20–21 : മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ബത്തേരി ഭദ്രാസനത്തിലെ കോടഞ്ചേരിയിൽ.

2007 സെപ്റ്റം 23 : ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 125-ാം ജന്മവാർഷികം മാവേലിക്കര പുതിയകാവിൽ

2009 സെപ്റ്റം 20–26 : അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് ത്രിതീയൻ യൗനാൻ ബാവായുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സന്ദർശനം. മലങ്കര സുറിയാനി കത്തോലിക്കാ സഭ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ മാർത്താണ്ഡം ഭദ്രാസനത്തിലെ മരിയഗിരിയിൽ.

2010 സെപ്റ്റം 20–21 : 80-ാം പുനരൈക്യവാർഷികം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ.

2010 സെപ്റ്റം 20 : മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സണ്ടേ സ്ക്കൂൾ കുട്ടികൾക്കായുള്ള പ്രേഷിതസംഘടന മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗിന്റെ (എം.സി. സി.എൽ.) രൂപീകരണം.

2010 സെപ്റ്റം 21 : അമേരിക്കയിലെ എക്സാർക്കേറ്റിന്റെ മെത്രാനും കാനഡ, യൂറോപ്പ് എന്നിവയുടെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ തോമസ് മാർ യൗസേബി യൂസ് തിരുമേനിയുടെ മെത്രാഭിഷേകം

2011 സെപ്റ്റം 20 : 81-ാം പുനരൈക്യവാർഷികം (സെന്റ് മേരീസ് കത്തീഡ്രൽ, പട്ടം).

2011 സെപ്റ്റം 21 : കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ.

2011 സെപ്റ്റം 21-23 : 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലി ക്കാസഭ□ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി (കാതോലിക്കേറ്റ് സെന്റർ, പട്ടം).

2012 സെപ്റ്റം 20 : 82-ാം പുനരൈക്യവാർഷികം പത്തനം തിട്ടയിൽ. പത്തനം തിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ.

മാറോനീത്താ സുറിയാനി കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് മോറാൻ മോർ ബഷാറാ ബുത്ത്റോസ് അൽ രായി ബാവായുടെ മലങ്കര സുറി യാനി കത്തോലിക്കാ സഭാ സന്ദർശനം.

2013 സെപ്റ്റം 20 : മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ. 83 -ാം പുനരൈക്യവാർഷിക സഭാ സംഗമം മാവേലിക്കരയിൽ.

2014 സെപ്റ്റം 20 : 84-ാം പുനരൈക്യവാർഷികം ബത്തേരിയിൽ.

2015 സെപ്റ്റം 20 : 85-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവല്ലായിലെ തിരുമൂലപുരത്തുവെച്ച്.

2016 സെപ്റ്റം 8 : നാമകരണ നടപടികളുടെ ഔദ്യോഗികരേഖകൾ വത്തിക്കാനിലെ വിശുദ്ധ നാമകരണ നടപടിക ൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ അത്യുന്നത കർദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിയെ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായും തോമസ് മാർ അന്തോണിയോസ് തിരുമേനിയും ചേർന്ന് സമർപ്പിച്ചു.

2016 സെപ്റ്റം 17, 18 : 86-ാം പുനരൈക്യവാർഷികവും സഭാസംഗമവും സൗത്ത് കാനറാ മിഷൻ സ്ഥാപനത്തിന്റെ സുവർണ ജൂബിലി ആഘോഷവും പുത്തൂർ ഭദ്രാസനത്തിലെ നൂജിബാൽത്തിലയിൽ.

2016 സെപ്റ്റം 19, 20 : ബത്തേരി സെന്റ് തോമസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശ.

2017 സെപ്റ്റം 19-21 : 87-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ അടൂരിൽ. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ കകക പാത്രിയർക്കീസ് ബാവാ മുഖ്യാതിഥി.

2017 സെപ്റ്റം 21 : അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് (പുത്തൂർ ഭദ്രാസനം), അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോ ഷ്യസ് (കൂരിയ മെത്രാൻ, യൂറോപ്പിൻറെയും ഓഷ്യാനി യായുടെയും അപ്പസ്തോലിക് വിസിറ്റേറ്റർ) എന്നീ തിരുമേനിമാരുടെ മെത്രാഭിഷേകം (അടൂർ).

2017 സെപ്റ്റം 23 : പാറശ്ശാല ഭദ്രാസനത്തിന്റെ ഉദ്ഘാടനവും പ്രഥമ മെത്രാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ സ്ഥാനാരോഹണവും.

2017 സെപ്റ്റം 30 : പുത്തൂർ ഭദ്രാസന മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

2018 സെപ്റ്റം 20, 21 : 88-ാം പുനരൈക്യവാർഷികവും സഭാസംഗമവും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുവാൻ ക്രമീകരിച്ചിരുന്നത് കേരളത്തിലെ പ്രള യക്കെടുതിയുടെ പശ്ചാത്തലത്തിൽ ഒഴിവാക്കി. പകരം ഇടവകതലത്തിൽ സഭ മുഴുവൻ പുനരൈക്യ ദിനം ആചരിച്ചു.

2019 സെപ്റ്റം 18-20 : 89-ാം പുനരൈക്യവാർഷികവും സഭാസംഗമവും ബഥനി ആശ്രമസ്ഥാപനത്തിന്റെ സഭാതല ശതാബ്ദി ആഘോഷവും കോട്ടയം ഗിരിദീപം ക്യാമ്പസിൽ.

2019 സെപ്റ്റം 22-23 : മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അഭിവന്ദ്യ പിതാക്കന്മാർ റോമിൽ പരി. ഫ്രാൻസിസ് മാർപാപ്പാ യുമായി നടത്തിയ ആദ് ലിമിന സന്ദർശനം.

2020 സെപ്റ്റം 19-21 : 90-ാം പുനരൈക്യവാർഷികവും സഭാസംഗമവും മാവേലിക്കരയിൽ (കോവിഡിന്റെ പശ്ചാത്തലത്തിൽ വെബ് പ്ലാറ്റ്ഫോമിലൂടെ സമ്മേളനങ്ങൾ).

2021 സെപ്റ്റം 20-21 : 91-ാം പുനരൈക്യവാർഷികവും സഭാസംഗമവും മാർത്താണ്ഡത്ത് നടത്താൻ തീരുമാനിച്ചത് കോവി ഡിന്റെ പശ്ചാത്തലത്തിൽ ഭദ്രാസനതലങ്ങളിൽ ആഘോഷിച്ചു.

2022 സെപ്റ്റം 21 : 92-ാം പുനരൈക്യവാർഷികവും സഭാസംഗമവും തിരുവല്ലായിൽ.


2023 സെപ്തം. 9 : നിയുക്ത ആർച്ച്ബിഷപ് ഡോ. ജോർജ് പനംതുണ്ടിലിന്റെ മെത്രാഭിഷേകം റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ.

2023 സെപ്റ്റം 21 : 93-ാം പുനരൈക്യവാർഷികവും സഭാസംഗമവും മൂവാറ്റുപുഴയിൽ.

Since 2012



Manivilaku August 2024




Manivilaku July 2024



Manivilaku June 2024




Manivilaku May 2024




Manivilaku April 2024



Manivilaku February 2024



Manivilaku January 2024



Manivilaku March 2024

**മുൻ ലക്കങ്ങൾ വായിക്കുന്നതിനായി**
**മണിവിളക്കിന്റെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.manivilaku.com**




Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab | EMail: editor@manivilaku.com